
ശുദ്ധ ഭക്തി
POWERED BY ISKCON TRIVANDRUM
https://suddhabhaktimalayalam.com/
പുരുഷോത്തമ
അധിക മാസം

**ഉള്ളടക്കം**

******************************


I. **പുരുഷോത്തമ മാസത്തിന്റെ മാഹാത്മ്യം**

II. **പുരുഷോത്തമ മാസത്തിന്റെ ഉത്ഭവം**

III. **പുരുഷോത്തമ മാസത്തിലെ അനുഷ്ഠാന മുറകൾ**

IV. **ബ്രഹ്മ മുഹൂർത്ത പ്രാർത്ഥനകൾ**

1. **ശ്രീ ശ്രീ ഗുരു അഷ്ടകം**
2. **ശ്രീ നരസിംഹ പ്രണാമം**
3. **നരസിംഹ പ്രാർത്ഥന**
4. **തുളസി കീർത്തനം**
5. **ശിക്ഷാഷ്ടകം**
6. **തിരുനാമ അപരാധങ്ങൾ**

V. **പ്രാർത്ഥനകൾ**

1. **ഭഗവദ് ഗീതാ യഥാരൂപം / അദ്ധ്യായം പതിനഞ്ച് / പുരുഷോത്തമയോഗം**
2. **ബ്രഹ്മാവിന്റെ പ്രാർത്ഥനകൾ/ ശ്രീമദ് ഭാഗവതം / സ്കന്ദം 10 / അദ്ധ്യായം 14**

VI. **പുരുഷോത്തമ മാസത്തിൽ പാടേണ്ട കീർത്തനങ്ങൾ**

1. **ശ്രീ ജഗന്നാഥ അഷ്ടകം**
2. **ജയ രാധാ മാധവ**
3. **ശ്രീ ചൗരാഷ്ടകം**
4. **ശ്രീ നന്ദ നന്ദനാഷ്ടകം**
5. **ശ്രീ രാധികാഷ്ടകം**
6. **രാധാ കൃപാ കടാക്ഷ സ്തോത്രം**
7. **യുഗളാഷ്ടകം**
8. **വൃന്ദാവന രമ്യ സ്ഥാന**

VII. **കേരളത്തിലെ ഇസ്കോൺ കേന്ദ്രങ്ങൾ**




**പുരുഷോത്തമ മാസത്തിന്റെ മാഹാത്മ്യം**

**പത്മപുരാണത്തിൽ നിന്ന് ഉദ്ധൃതം**

**17-5-2026 മുതൽ 15-6-2026 വരെ**

****************************************************************

## നൈമിഷാരണ്യത്തിലെ ഋഷിസംഗമം

**പണ്ടൊരിക്കൽ ആയിരക്കണക്കിന് മഹർഷിമാർ, നൈമിഷാരണ്യം എന്ന പുണ്യ സ്ഥലത്ത് ഒരു യാഗം നടത്തുവാനായി ഒത്തുചേർന്നു. അവരുടെ**

**ഭാഗ്യാതിരേകത്താൽ മഹാ ഭക്തനായ സൂത ഗോസ്വാമി, തൻറെ ശിഷ്യന്മാരോടൊപ്പം അവിടെ വരാൻ ഇടയായി. അദ്ദേഹത്തെ ദർശിച്ച മാത്രയിൽ തന്നെ എല്ലാ മഹർഷിവര്യന്മാരും ആനന്ദ ചിത്തരായി . അദ്ദേഹത്തെ ആദരപൂർവ്വം സ്വീകരിച്ച് ആസനസ്ഥനാക്കി.അതിനുശേഷം കൂപ്പുകൈകളോടെ അവർ ഇപ്രകാരം പറഞ്ഞു . "അല്ലയോ സൂത ഗോസ്വാമി, ദയവായി ഞങ്ങൾക്ക് പരമദിവ്യോത്തമ പുരുഷനായ ഭഗവാന്റെ അനിതരസാധാരണമായ ലീലകളെക്കുറിച്ച് വർണ്ണിച്ചാലും. അങ്ങയെപ്പോലെ പരിപൂർണ്ണനായ ഒരു വ്യക്തിയിൽ നിന്ന് ഇത് ശ്രവിക്കുവാൻ ഭാഗ്യമുണ്ടായാൽ ഞങ്ങൾക്ക് പരമപദപ്രാപ്തി ഉണ്ടാകുമെന്നതിൽ സംശയമില്ല."**

**ശൗനക ഋഷിയുടെ നേതൃത്വത്തിലുള്ള ആ മഹർഷിമാരുടെ അപേക്ഷ ശ്രവിച്ചപ്പോൾ, സൂത ഗോസ്വാമി മറുപടി പറയാനാരംഭിച്ചു. " അല്ലയോ മഹർഷിമാരെ, ശ്രദ്ധിച്ചു കേൾക്കുക. പ്രഥമമായി പുഷ്കരതീർത്ഥം സന്ദർശിച്ചതിനു ശേഷം, ഞാൻ ഹസ്തിനാപുരത്തിൽ എത്തി . അവിടെ ഗംഗാനദിക്കരയിൽ , പരീക്ഷിത്ത് മഹാരാജാവിനോടൊപ്പം ആയിരക്കണക്കിന് പുണ്യാത്മാക്കൾ ഉപവിഷ്ടരായിട്ടുണ്ടായിരുന്നു . അപ്പോൾ , മഹാഭാഗവതനായ ശുകദേവ ഗോസ്വാമി അവിടെ പ്രത്യക്ഷപ്പെടുകയും , സകല ജനങ്ങളാലും ആദരിക്കപ്പെട്ട അദ്ദേഹം, പത്മ സമാനമായ വ്യാസാസനത്തിൽ ഉപവിഷ്ടനാവുകയും ചെയ്തു. പിന്നീടദ്ദേഹം അമൃത തുല്യവും, അത്ഭുതകരവുമായ കൃഷ്ണകഥ ശ്രീമദ് ഭാഗവതത്തിന്റെ രൂപത്തിൽ വർണ്ണിക്കുവാൻ ആരംഭിച്ചു."**

## നാരദമുനിയും നാരായണ ഋഷിയും തമ്മിലുള്ള സംവാദം

**"അല്ലയോ മുനിശ്രേഷ്ഠരെ, ഇപ്രകാരം ശുകദേവ ഗോസ്വാമിയുടെ മുഖാരവിന്ദത്തിൽ നിന്ന് ബഹിർഗമിക്കുന്ന ശ്രീമദ് ഭാഗവതം ശ്രവിക്കുന്നതിനുള്ള ഭാഗ്യം എനിക്കുണ്ടായി . അങ്ങിനെ ഹസ്തിനപുരത്തിൽ നിന്ന് യാത്രയായ ഞാൻ ഇവിടെ എത്തിച്ചേർന്നു . ഇനി, ഞാൻ ശ്രവിച്ച ഭഗവാന്റെ അത്യാകർഷകങ്ങളായ ലീലകളെ വിവരിക്കാം. ഒരിക്കൽ ശ്രീ നാരദ മുനി ഭഗവാൻ നാരായണ ഋഷിയുടെ വാസസ്ഥാനമായ ബദരികാശ്രമത്തിലേക്ക് ആഗതനായി . അളകനന്ദ നദി അദ്ദേഹത്തിൻറെ പാദപങ്കജങ്ങളിൽ നിന്ന് ഒഴുകിക്കൊണ്ടിരുന്നു . നാരദമുനി അദ്ദേഹത്തിന് പ്രണാമങ്ങൾ അർപ്പിച്ചു. അതിനുശേഷം ഇപ്രകാരം പ്രാർത്ഥിച്ചു. "അല്ലയോ ദേവാധിദേവാ , അല്ലയോ കരുണാസമുദ്രമേ , സകല സൃഷ്ടികളുടെയും നാഥനായിട്ടുള്ളവനെ , അങ്ങാണ് പരമസത്യം , സകല സത്യങ്ങളുടെയും അന്തസത്ത . ഞാൻ അങ്ങേയ്ക്ക് എന്റെ പ്രണാമങ്ങൾ അർപ്പിക്കുന്നു . എന്റെ ഭഗവാനെ, ഈ**

**ഭൗതിക ലോകത്തിലെ സർവ്വ ജീവാത്മാക്കളും ഇന്ദ്രിയ ആസ്വാദനത്തിൽ മുഴുകിയിരിക്കുകയാണ് . അവർ തങ്ങളുടെ ആത്യന്തിക ലക്ഷ്യത്തെക്കുറിച്ച് വിസ്മരിച്ചിരിക്കുന്നു . ആയതിനാൽ കുടുംബ ജീവിതം നയിക്കുന്നവർക്കും , എന്നെപ്പോലെ പരിത്യാഗജീവിതം സ്വീകരിച്ചവർക്കും, മുനിമാർക്കും ഭഗവത് സന്നിധിയിലേക്ക് മടങ്ങി പോകുവാനുതകുന്ന എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയാലും .**



**നാരദമുനിയുടെ മധുരതരമായ വാക്കുകൾ ശ്രവിച്ച് നാരായണ ഋഷി പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു**

**" അല്ലയോ നാരദ , പരമദിവ്യോത്തമ പുരുഷനായ ശ്രീകൃഷ്ണഭഗവാന്റെ അതീവ പുണ്യകരമായ ലീലകൾ ശ്രവിച്ചാലും . എന്തുകൊണ്ടെന്നാൽ , എല്ലാതരം പാപ പ്രതികരണങ്ങളെയും അത് ഇല്ലാതാക്കുന്നു . പ്രിയ നാരദാ അങ്ങേയ്ക്ക് ഇതെല്ലാം അറിയുന്നതാണെങ്കിലും, മറ്റുള്ളവരുടെ നന്മയ്ക്കായാണ് അങ്ങ് ഇത് വീണ്ടും ചോദിക്കുന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു . ആയതിനാൽ ഇപ്പോൾ, ഞാൻ അതിപാവനമായ പുരുഷോത്തമ മാസത്തിന്റെ മാഹാത്മ്യങ്ങളെ പറ്റി പറയാം . ഈ മാസം ഭൗതികാനന്ദനം പ്രദാനം ചെയ്യുന്നതിനു പുറമേ ജീവിതാന്ത്യത്തിൽ ഭഗവദ് സന്നിധിയിലേക്ക് തിരികെ കൊണ്ടുപോകാനുള്ള ശക്തിയുള്ളതുമാകുന്നു .**

നാരദമുനി ആരാഞ്ഞു." അല്ലയോ കാരുണ്യ സാഗരമേ, ചൈത്രം, കാർത്തിക മുതലായ മാസങ്ങളുടെ മാഹാത്മ്യത്തെ പറ്റി ഞാൻ ശ്രവിച്ചിട്ടുണ്ട് . ഈ പുരുഷോത്തമ മാസം ഏതാണ് ? എപ്രകാരമാണ് ഈ മാസത്തെ പുകഴ്ത്തുവാൻ കഴിയുക . ഈ മാസത്തിൽ ഞാൻ എന്തൊക്കെ വ്രതാനുഷ്ഠാനങ്ങളാണ് ചെയ്യേണ്ടത് ? ദയവായി എല്ലാം വിശദമായി പറഞ്ഞു തന്നാലും .

സൂത ഗോസ്വാമി പറഞ്ഞു . "നാരദമുനിയുടെ ചോദ്യങ്ങൾ ശ്രവിച്ച ഭഗവാൻ നാരായണ ഋഷി തന്റെ പൂർണേന്ദു സദൃശ്യമായ വദനത്തിലുദിച്ച മന്ദസ്മിതത്തോടെ ഇപ്രകാരം പറയുവാൻ ആരംഭിച്ചു. "പ്രിയ നാരദാ , ഭഗവാൻ ശ്രീകൃഷ്ണൻ യുധിഷ്ഠിര മഹാരാജാവിനോട് വിശദീകരിച്ചതായ ചില വസ്തുതകളാണ് ഞാനിപ്പോൾ അങ്ങയോട് പറയാൻ പോകുന്നത്."

"ദുര്യോധനന്റെ ഗൂഢതന്ത്രങ്ങൾ നിമിത്തം, ചൂതുകളിയിൽ യുധിഷ്ഠിരന് എല്ലാം നഷ്ടമായി . തൻറെ സാമ്രാജ്യം, രാജകൊട്ടാരം , എന്തിന് പതിവ്രതയായ പത്നി ദ്രൗപതിയെ പോലും. ആ സമയത്ത് ദ്രൗപതി നിറഞ്ഞ രാജ്യസഭയിൽ വച്ച് ദുശാസനനാൽ അപമാനിതയായി . എന്നാൽ ദ്രൗപതിയെ വസ്ത്രഹീനയാക്കാനായി ദുശാസനൻ ശ്രമിച്ചപ്പോൾ, ഭഗവാൻ കൃഷ്ണനാൽ ആപൽക്കരമായ ആ സാഹചര്യത്തിൽ നിന്നും അവൾ സംരക്ഷിക്കപ്പെട്ടു . ഈ സംഭവത്തിനുശേഷം യുധിഷ്ഠിര മഹാരാജാവ് തന്റെ സഹോദരങ്ങളോടും പത്നിയോടുമൊപ്പം, തൻറെ സാമ്രാജ്യം ഉപേക്ഷിച്ച് കാമ്യക വനത്തിൽ വസിക്കുവാനാരംഭിച്ചു. . ഒരിക്കൽ ഭഗവാൻ ശ്രീകൃഷ്ണൻ , പാണ്ഡവരെയും ദ്രൗപതിയേയും സന്ദർശിച്ചു . ഭഗവാനെ ദർശിച്ച മാത്രയിൽ തന്നെ അവർ ആനന്ദഭരിതരായി. തങ്ങളുടെ യാതനാപൂർണമായ ആ വന വാസത്തെക്കുറിച്ച് അവർ പാടെ മറന്നു പോയി . കൃഷ്ണന്റെ ദർശനത്താൽ തന്നെ നവജീവൻ ലഭിച്ചതായി അവർക്ക് അനുഭവപ്പെട്ടു . അവരേവരും ഭഗവാന് പ്രണാമങ്ങൾ അർപ്പിച്ചു . പാണ്ഡവരുടെ ഈ ദുരവസ്ഥ ദർശിച്ച ഭഗവാൻ അങ്ങേയറ്റം കോപാകുലനായി. അഖില പ്രപഞ്ചവും ഭഗവാൻറെ കോപാഗ്നിയാൽ ഭസ്മമാകുമെന്ന് പ്രതീതിയുളവായതിനാൽ പാണ്ഡവർ വിനീതമായി അദ്ദേഹത്തിന് പ്രാർഥനകൾ അർപ്പിച്ചു . അർജുനന്റെ പ്രാർത്ഥനകൾ ശ്രവിച്ച ഭഗവാൻ ശാന്തനായിത്തീർന്ന് ഇപ്രകാരം അരുളി ചെയ്തു." അല്ലയോ അർജ്ജുന നിങ്ങളേവരിലും പ്രസന്നനായതിനാലും , നിങ്ങളുടെ ഭക്തിയാലും സൗഹൃദത്തിനാലും നിയന്ത്രിക്കപ്പെട്ടിരിക്കുന്നതിനാലും , ഞാൻ പുരുഷോത്തമ മാസത്തിന്റെ അത്ഭുതകരമായ ആ ചരിത്രത്തെപ്പറ്റി ഇപ്പോൾ പറയാം.

## അധിക മാസത്തിന്റെ സങ്കടം

"പ്രിയ അർജുനാ ഒരിക്കൽ വിധിവശാൽ അധികമായി ഒരു മാസം ഈ ലോകത്തിലേക്ക് ആഗതമായി . എല്ലാവരും ഈ മാസത്തെ അത്യധികം അമംഗളകരമായി കണക്കാക്കി , മലത്തിന് തുല്യമായി അതിനെ കാണുവാൻ തുടങ്ങി . ഒരുവൻ എപ്രകാരമാണോ മലത്തെ തൊട്ടുകൂടാൻ പാടില്ലാത്തത്. , അപ്രകാരം തന്നെ ഈ മാസത്തേയും അസ്പർശ്യമായി കണക്കാക്കുവാൻ തുടങ്ങി . ഏവരാലും നിന്ദിക്കപ്പെട്ടതും , മംഗളകരമായ കർമ്മങ്ങൾ നടത്താനായി അനുചിതമെന്ന് നിഷേധിക്കപ്പെട്ടതുമായ ഈ മാസത്തെ സംരക്ഷിക്കുവാനായി ആരുമുണ്ടായിരുന്നില്ല .



## വൈകുണ്ഠത്തിലേക്കുള്ള യാത്രയും ഭഗവദ് ദർശനവും

മനുഷ്യരാൽ തിരസ്കരിക്കപ്പെട്ടതിനാലും , തുടർച്ചയായി മോശമായ വാക്കുകളാൽ നിന്ദിക്കപ്പെട്ടതിനാലും ഈ അധിക മാസം അതീവ ദുഃഖിതരായി തീർന്നു . അവൾ വൈകുണ്ഠത്തിലേക്ക് പോയി , വിഷ്ണു ഭഗവാനെ കണ്ടു തൻറെ

സങ്കടമുണർത്തിച്ചു . ഭഗവാന്റെ പാദപത്മങ്ങളിൽ വീണ് പ്രണമിച്ചു. അവളുടെ നയനങ്ങളിൽ നിന്ന് അശ്രുക്കൾ ധാരധാരയായി ഒഴുകാൻ തുടങ്ങി . അവൾ ഇപ്രകാരം പ്രാർത്ഥിക്കുവാൻ തുടങ്ങി .

" അല്ലയോ കരുണാസമുദ്രമേ , ഞാൻ നിസ്സഹായയായി അങ്ങയുടെ സമീപം ആഗതയായിരിക്കുകയാണ്. അഖിലം മുഴുവനും, എന്നെ നിന്ദിക്കുകയും ,തിരസ്കരിക്കുകയും ചെയ്യുന്നു . ദയവായി എന്നെ സംരക്ഷിച്ചാലും.അങ്ങയുടെ കാരുണ്യം എന്നിൽ ചൊരിഞ്ഞാലും .എന്നിൽ ഉദാസീനനാകരുതേ ..." ഇപ്രകാരം മൊഴിഞ്ഞു കൊണ്ട് അധിക മാസം വിഷ്ണുഭഗവാന് മുന്നിൽ ഇരുന്നു കൊണ്ട് വാടിയ മുഖത്തോടെ അശ്രുക്കൾ പൊഴിക്കുവാൻ തുടങ്ങി . അധിക മാസത്തിന്റ വിനയാന്വിതവും ദുഃഖകരവുമായ അവസ്ഥയെ കണ്ട ഭഗവാൻ കാരുണ്യപൂർവ്വം അവളോട് ഇപ്രകാരം അരുളിച്ചെയ്തു .

"സങ്കടപ്പെടേണ്ട . എല്ലാവിധ ദുഃഖങ്ങളിൽ നിന്നും ഞാൻ നിന്നെ സംരക്ഷിക്കുന്നതാണ്. ദയവായി വിലാപം നിർത്തുക. എന്റെ പാദങ്ങളിൽ ശരണമടഞ്ഞതിനുശേഷം വിലപിക്കുന്നത് അനുചിതമാണ് ." ഭഗവാനാൽ ആശ്വസിപ്പിക്കപ്പെട്ട അധിക മാസം , ഹൃദയത്തിന്റെ ഭാഷയിൽ ഇപ്രകാരം മൊഴിയുവാൻ തുടങ്ങി . എന്റെ ഭഗവാനെ, അങ്ങേയ്ക്ക് എൻറെ യാതനാപൂർണമായ അവസ്ഥ അറിയാവുന്നതാണ് . ത്രിലോകങ്ങളിലും എന്നെക്കാളും ദുഃഖിതമായ അവസ്ഥയിൽ ആരുമില്ല. മറ്റെല്ലാ മാസങ്ങളും , വർഷങ്ങളും , ദിവസങ്ങളും അങ്ങയാൽ സംരക്ഷിതരാണ് . അതിനാൽ തന്നെ അവർ നിർഭയരായി തങ്ങളുടേതായ ആകർഷകമായ ഭാവത്തിൽ ചരിച്ചുകൊണ്ടിരിക്കുന്നു . എന്നാൽ എനിക്ക് അഭയമരുളുന്നതിനായി ഒരു നാമമോ , സംരക്ഷകനോ , ഭർത്താവോ ഇല്ല . ദേവകളും , മനുഷ്യരും മംഗളകരമായ പ്രവർത്തികളിൽ നിന്ന് എന്നെ തിരസ്കരിച്ചിരിക്കുന്നു . ഇക്കാരണത്താൽ തന്നെ അല്ലയോ ഭഗവാനേ... ഞാൻ ഉടൻ തന്നെ മൃത്യു വരിക്കുവാനാഗ്രഹിക്കുന്നു ."



**ഭഗവാൻ ശ്രീകൃഷ്ണൻ മലമാസത്തിന് അഭയമേകുന്നു**

**"അല്ലയോ നാരദാ , ഈ അധിക മാസം ഇപ്രകാരം ഉരുവിട്ടുകൊണ്ടിരുന്നു."**

**"ഞാൻ മരണത്തെ ഇച്ഛിക്കുന്നു , ഞാൻ മരണത്തെ ഇച്ഛിക്കുന്നു , ഞാൻ മരണത്തെ ഇച്ഛിക്കുന്നു . ഇപ്രകാരം വിലപിച്ചു കൊണ്ട് ഭഗവദ് പാദങ്ങളിൽ അവൾ ബോധമറ്റ് നിലംപതിച്ചു .**

**വിഷ്ണു ഭഗവാന്റെ ആജ്ഞയനുസരിച്ച് ഗരുഡൻ , അധിക മാസത്തെ തൻറെ ചിറകിനാൽ വീശി തണുപ്പിക്കുവാൻ തുടങ്ങി . അല്പസമയത്തിനു ശേഷം ബോധം വീണ്ടു കിട്ടിയപ്പോൾ, അവൾ വീണ്ടും കേഴുവാൻ തുടങ്ങി ." അല്ലയോ ജഗന്നാഥ , ഞാൻ അങ്ങയുടെ സംരക്ഷണത്തിന് ആവശ്യമുള്ളവളാണ് . ദയവായി എന്നെ സംരക്ഷിച്ചാലും . വിഷ്ണുഭഗവാൻ അധിക മാസത്തോട് ഇപ്രകാരം അരുളിച്ചെയ്തു. " എന്റെ പ്രിയ പുത്രി , സങ്കടപ്പെടാതിരുന്നാലും. നിൻറെ എല്ലാവിധ ദുഃഖങ്ങളും അതിശീഘ്രം തന്നെ അവസാനിക്കുന്നതാണ്. എഴുന്നേൽക്കൂ. മഹാന്മാരായ യോഗികൾക്ക് പോലും അപ്രാപ്യമായ ആ ഗോലോക വൃന്ദാവനത്തിലേക്ക് എൻറെ**

ഒപ്പം വരിക. ഈ ഗോലോകം ഭഗവാൻ ശ്രീകൃഷ്ണൻ വാസസ്ഥാനമാണ് .അവിടെ അദ്ദേഹം തന്റെ ശാശ്വതമായ ദ്വിഭുജരൂപത്തിൽ ഗോപികമാരാൽ ചുറ്റപ്പെട്ട് തന്റെ ശാശ്വതമായ ലീലകൾ ആസ്വദിക്കുന്നു. പരമദിവ്യോത്തമ പുരുഷനായ ഭഗവാൻ ശ്രീകൃഷ്ണൻ നിന്നെ എല്ലാവിധ ക്ലേശങ്ങളിൽ നിന്നും മുക്തമാക്കും. ഇപ്രകാരം പറഞ്ഞു കൊണ്ട് വിഷ്ണുഭഗവാൻ മല മാസത്തെ (അധിക മാസത്തെ) തൻറെ കൈപിടിച്ചുകൊണ്ട് ഗോലോക വൃന്ദാവനത്തിലേക്ക് കൊണ്ടുപോയി.

"വളരെ ദൂരത്തു നിന്ന് തന്നെ വിഷ്ണുഭഗവാനും അധിക മാസവും ഗോലോകത്തിന്റെ അത്യുജ്ജ്വലമായ പ്രഭാപൂരം ദർശിച്ചു. കണ്ണഞ്ചിപ്പിക്കുന്ന ആ പ്രകാശത്താൽ, മല മാസം തൻറെ മിഴികൾ പൂട്ടുവാൻ നിർബന്ധിതയായി. അതിനാൽ മല മാസത്തെ പുറകിൽ നിർത്തി വിഷ്ണുഭഗവാൻ മുന്നിലേക്ക് നീങ്ങി. അങ്ങനെ അവർ പ്രഥമ പ്രവേശന കവാടത്തിനു മുന്നിൽ എത്തി. ദ്വാരപാലകർ വിഷ്ണുഭഗവാന് ആദരവറിയിച്ചു. പരമമായ വാസസ്ഥാനത്തെത്തിച്ചേർന്ന വിഷ്ണുഭഗവാൻ, ഉന്നത ഭക്തരായ ഗോപാംഗനകളാൽ ചുറ്റപ്പെട്ട ഭഗവാൻ ശ്രീകൃഷ്ണനെ മുഖാമുഖം ദർശിച്ചു. ലക്ഷ്മി പതിയായ ഭഗവാൻ വിഷ്ണു , ഭഗവാൻ കൃഷ്ണന് പ്രണാമങ്ങളർപ്പിച്ചു . അതിനുശേഷം ഉച്ചത്തിൽ കരഞ്ഞുകൊണ്ടിരുന്ന മല മാസവും ഭഗവാനു മുന്നിൽ പ്രണമിച്ചു. ഉടൻ തന്നെ ശ്രീകൃഷ്ണഭഗവാൻ ആരാഞ്ഞു "എന്തുകൊണ്ടാണിവൾ വിലപിക്കുന്നത്? ഗോലോക വൃന്ദാവനത്തിലിരിക്കേ എന്തിനാണിവൾ അശ്രുധാരയൊഴുക്കുന്നത് ?" ശ്രീകൃഷ്ണ ഭഗവാന്റെ വാക്കുകൾ ശ്രവിച്ച വിഷ്ണുഭഗവാൻ , തന്റെ ആസനത്തിൽ നിന്നും എഴുന്നേറ്റ് , അധികമാസത്തിന്റെ ക്ലേശകരമായ അവസ്ഥയെപ്പറ്റി വിശദീകരിക്കുവാൻ തുടങ്ങി . ഈ മാസത്തെ സംരക്ഷിക്കുവാൻ അദ്ദേഹം ശ്രീകൃഷ്ണഭഗവാനോട് യാചിച്ചു. "അങ്ങേയ്ക്കല്ലാതെ ആർക്കും ഈ അധിക മാസത്തെ അവളുടെ നരകീയമായ അവസ്ഥയിൽ നിന്ന് രക്ഷിക്കാനും സംരക്ഷണമരുളുവാനും സാധിക്കുകയില്ല." ഇപ്രകാരം പറഞ്ഞുകൊണ്ട് അദ്ദേഹം കൂപ്പുകൈകളോടെ നിലകൊണ്ടു.

സൂത ഗോസ്വാമി തുടർന്നു .."അല്ലയോ മുനിശ്രേഷ്ഠരേ വിഷ്ണുഭഗവാൻ സ്വസ്ഥാനത്തിൽ ഉപവിഷ്ടനാവുകയും ശ്രീകൃഷ്ണഭഗവാൻ അതീവരഹസ്യമായ ആ വാക്കുകൾ അദ്ദേഹത്തോടരുളുകയും ചെയ്തു. "ശ്രദ്ധിച്ചുകേൾക്കുക . എന്തെന്നാൽ ഞാൻ എല്ലാവർക്കുമായി ഇക്കാര്യം പങ്കുവയ്ക്കാൻ പോവുകയാണ് ."



പുരുഷോത്തമനായ ശ്രീകൃഷ്ണഭഗവാൻ പറഞ്ഞു. " അല്ലയോ നാരായണാ , ഈ അധിക മാസത്തെ എന്റെ അടുത്തേക്ക് ആനയിക്കുക വഴി വളരെ മഹത്തായ ഒരു കൃത്യമാണ് അങ്ങ് ചെയ്തത് . ഈ പ്രവൃത്തിയിലൂടെ അങ്ങ് ഇനിയും കീർത്തിമാനായിത്തീരുന്നതാണ് . എന്തുകൊണ്ടെന്നാൽ അങ്ങാണ് ഈ മല മാസത്തെ സ്വീകരിച്ചത്. ഞാനും ഇവളെ സ്വീകരിക്കുന്നു . ഈ സാധുവായ അധികമാസത്തെ ഗുണത്തിലും , കീർത്തിയിലും , ഐശ്വര്യത്തിലും , സാക്ഷാത്കാരത്തിലും , വിജയത്തിലും , ഭക്തർക്ക് അനുഗ്രഹം നൽകുന്നതിലും എന്നോട് സദൃശമാക്കി തീർക്കുന്നതാണ്. ഈ മാസം എനിക്ക് തുല്യം ശക്തിയുള്ളതായിരിക്കും . ഞാൻ ഈ നിന്ദിക്കപ്പെട്ട മാസത്തിന് എൻറെ ദൈവീകമായ എല്ലാ ഗുണങ്ങളും പ്രദാനം ചെയ്യുന്നു . എന്റെ നാമത്തിനു ശേഷം അറിയപ്പെടുന്ന ഇവൾ 'പുരുഷോത്തമ മാസം' എന്ന പേരിൽ പ്രശസ്തി ആർജ്ജിക്കുന്നതാണ് ."

" അല്ലയോ ജനാർദ്ദനാ , ഇപ്പോൾ എൻറെ ഗുണങ്ങളാൽ പൂരിതമായ ഇവളുടെ ഭർത്താവും സംരക്ഷകനും ഞാനാകുന്നതാണ് . എന്നോട് തുല്യമാകയാൽ ഈ മാസം മറ്റെല്ലാ മാസങ്ങൾക്കും അധിപയാകുന്നതാണ് . ഇപ്പോൾ ഈ മാസം ഏവരുടെയും

ആരാധനാപാത്രമാകുന്നതാണ് .ഏവരും ഇവളെ പ്രണമിക്കേണ്ടതാണ് . ഏവരും ഇവളെ ആരാധിക്കേണ്ടതാണ് . ഏതുതരം അനുഗ്രഹം നൽകുന്നതിനും ഈ മാസം , എനിക്ക് തുല്യം ശക്തിയുള്ളതാകുന്നു. ഒന്നോ അതിലധികമോ ആശകളാൽ പൂരിതമായ മറ്റു മാസങ്ങളിൽ നിന്നു വ്യത്യസ്തമായി ഞാനിവളെ അഭിനിവേശരഹിതമാക്കുന്നു . ഈ മാസത്തെ ആരാധിക്കുന്നവർ തന്റെ പൂർവ പാപകർമ്മങ്ങൾ ഭസ്മമാക്കുകയും , ഈ ഭൗതിക മണ്ഡലത്തിൽ ആനന്ദകരമായ ജീവിതം ആസ്വദിച്ചതിനുശേഷം ജീവിതാന്ത്യത്തിൽ ഭഗവദ് ധാമത്തിലേക്ക് തിരിച്ചു പോകുകയും ചെയ്യുന്നു . "

## വ്രതാനുഷ്ഠാനത്തിന്റെ ഫലശ്രുതി

"ഓ ഗരുഡധ്വജാ .." കൃഷ്ണ ഭഗവാൻ തുടർന്നു ."തപശ്ചര്യകൾ അനുഷ്ഠിക്കുന്നവർക്കും പുണ്യപ്രവർത്തികളിൽ ഏർപ്പെടുന്ന മഹാത്മാക്കൾക്കും , ബ്രഹ്മചര്യം അനുഷ്ഠിക്കുന്നവർക്കും , ജീവിതകാലം മുഴുവനും ഉപവാസം അനുഷ്ഠിക്കുന്നവർക്കും എൻറെ ഗോലോകം അപ്രാപ്യമാണ് . എന്നാൽ , പുരുഷോത്തമമാസത്തിൽ വ്രതമനുഷ്ഠിക്കുന്നത് കൊണ്ട് മാത്രം ഒരുവന് ഈ സംസാരസാഗരത്തെ തരണം ചെയ്തു എന്റെ ധാമത്തിൽ എത്തിച്ചേരാനാകും . പുരുഷോത്തമമാസത്തിൽ വ്രതമനുഷ്ഠിക്കുന്നത് എല്ലാതരം തപശ്ചര്യകളെക്കാളും ഉന്നതമാണ് . ഒരു കർഷകൻ നന്നായി ഉഴുതുമറിച്ച് ഒരുക്കിയ പാടത്തിൽ വിത്തുകൾ വിതച്ച് നല്ല വിളവെടുപ്പ് നടത്തുന്നത് പോലെ , ഈ പുരുഷോത്തമ മാസത്തിൽ ഭക്തിയുത സേവനത്തിന്റെ പരിശീലനം നടത്തുന്ന ബുദ്ധിമാനായ മനുഷ്യൻ ഈ ലോകത്തിൽ ഇരിക്കുമ്പോൾ തന്നെ ആനന്ദപ്രദമായ ജീവിതം ആസ്വദിക്കുകയും , ഈ ദേഹം വെടിഞ്ഞതിനുശേഷം ഭഗവദ്ധാമത്തിലേക്ക് മടങ്ങുകയും ചെയ്യുന്നു . "

" ഈ പുരുഷോത്തമ മാസത്തിൽ നാമജപം ചെയ്യാതിരിക്കുകയോ, ദാനധർമ്മങ്ങൾ അനുഷ്ഠിക്കാതിരിക്കുകയോ, ഭഗവാൻ കൃഷ്ണനും അദ്ദേഹത്തിൻറെ ഭക്തർക്കും ആദരവ് നൽകാതിരിക്കുകയോ, ബ്രാഹ്മണരോട് ശരിയായ വിധത്തിൽ പെരുമാറാതിരിക്കുകയോ , മറ്റുള്ളവരുമായി ശത്രുത വച്ചുപുലർത്തുകയോ , പുരുഷോത്തമ മാസത്തെ നിന്ദിക്കുകയോ ചെയ്യുന്ന ദൗർഭാഗ്യവാനും , അജ്ഞനുമായ ഒരുവൻ അപരിമിതമായ കാലത്തേക്കു നരകത്തിൽ പോകേണ്ടിവരും . "

ശ്രീകൃഷ്ണ ഭഗവാൻ തുടർന്നു . "പുരുഷോത്തമ മാസത്തിൽ

**ഭക്തിയുതസേവനം അനുഷ്ഠിക്കാത്ത ഒരുവന്റെ ജീവിതം എപ്രകാരമാണ് വിജയപ്രദമാകുക ? പൂർണമായും ഇന്ദ്രിയ സന്ദർപണത്തിൽ ഏർപ്പെടുന്നവനും , ഈ പാവനമായ മാസത്തിന് പ്രാധാന്യം കൊടുക്കാത്തവനുമായ ഒരുവൻ നരകത്തിലേക്ക് പോകാൻ എന്തുകൊണ്ടും അനുയോജ്യനായവനാണ് . എല്ലാ മനുഷ്യരും ഈ പുരുഷോത്തമ മാസത്തിൽ എന്തെങ്കിലും ഭക്തിയുത സേവനം അനുഷ്ഠിക്കേണ്ടതാണ്.**

**1. പുണ്യ തീർത്ഥങ്ങളിൽ നീരാടുന്നതു വഴിയോ**

**2. എൻറെ നാമം ജപിക്കുന്നതിലൂടെ എന്നെ ആരാധിക്കുന്നത് വഴിയോ**

**3. ദാനധർമ്മങ്ങൾ നടത്തുന്നത് വഴിയോ ഇത് ചെയ്യാവുന്നതാണ് . "**

**" എന്റെ നിർദ്ദേശങ്ങളെ പിന്തുടർന്നുകൊണ്ട് പുരുഷോത്തമ മാസത്തിലെ വ്രതം വിശ്വസ്തതയോടെ , ഉചിതമായ രീതിയിൽ അനുഷ്ഠിക്കുന്ന ഒരുവൻ കീർത്തി , ഐശ്വര്യം എന്നിവ ഈ ജന്മത്തിൽ തന്നെ നേടുകയും ആനന്ദപ്രദമായ ജീവിതം ആസ്വദിച്ചതിനു ശേഷം ഗോലോകത്തിലേക്ക് തിരിച്ചുപോവുകയും ചെയ്യുന്നു . എന്റെ നിർദ്ദേശങ്ങളെ പിന്തുടർന്നുകൊണ്ട് ഏവരും ഈ പുണ്യ മാസത്തെ ആരാധിക്കണം."**

**"അല്ലയോ രമാ പതി , മാസങ്ങളിൽ വെച്ച് ഉത്തമമായ മാസമായി ഞാനിവളെ മാറ്റിയിരിക്കുന്നു . ഈ അധികമാസത്തെ കുറിച്ചുള്ള എല്ലാ ആകുലതകളും, ഊഹാപോഹങ്ങളും നിർത്തിയാലും . ഈ പുരുഷോത്തമ മാസത്തെ അങ്ങയുടെ വൈകുണ്ഠ ധാമത്തിലേക്ക് കൂട്ടി കൊണ്ട് പോയാലും.."**

## പാണ്ഡവരും പുരുഷോത്തമ മാസവും

**പുരുഷോത്തമ മാസത്തിന്റെ ഈ ചരിത്രം ചുരുക്കി പറഞ്ഞതിനുശേഷം ശ്രീകൃഷ്ണഭഗവാൻ കാരുണ്യപൂർവ്വം യുധിഷ്ഠിരനേയും ദ്രൗപതിയേയും കടാക്ഷിച്ചു . ഭഗവാൻ അർജ്ജുനനോട് ഇപ്രകാരം പറഞ്ഞു.**

**"അല്ലയോ പുരുഷകേസരി , പാണ്ഡവന്മാർ എന്തുകൊണ്ടാണ് ക്ലേശങ്ങൾ അനുഭവിക്കുന്നത് എന്ന് മനസ്സിലാക്കാൻ സാധിക്കുന്നുണ്ടോ ? നിങ്ങൾ അടുത്തകാലത്ത് കടന്നുപോയ പുരുഷോത്തമ മാസത്തെ അംഗീകരിക്കുകയോ , അവളുടെ സാമീപ്യം ആദരിക്കുകയോ ചെയ്തില്ല . വൃന്ദാവന ചന്ദ്രന് അത്യധികം**

പ്രിയങ്കരമായ ആ മാസം കടന്നു പോയി . എന്നാൽ നിങ്ങൾ പുരുഷോത്തമ മാസത്തെ ആരാധിച്ചില്ല . അതിനാൽ നിങ്ങൾ ഇപ്പോൾ ക്ലേശങ്ങൾ അനുഭവിക്കുന്നു. വ്യാസ ദേവൻ നൽകിയ അനുഷ്ഠാന തത്വങ്ങളാണ് നിങ്ങൾ ഇപ്പോൾ പിന്തുടരുന്നത് . എന്നാൽ പുരുഷോത്തമ മാസത്തെ ആരാധിക്കാത്തതു വരേക്കും നിങ്ങൾക്ക് എന്നോടുള്ള ശുദ്ധ ഭക്തിയുത സേവനം അനുഷ്ഠിക്കാനാവില്ല."



## ദ്രൗപതിയുടെ പൂർവ്വജന്മ ചരിത്രം

ശ്രീകൃഷ്ണ ഭഗവാൻ തുടർന്നു." ഇനി ഞാൻ ദ്രൗപതിയുടെ കഴിഞ്ഞ ജന്മത്തിലെ ചരിത്രപരമായ ഒരു സംഭവത്തെ കുറിച്ച് വിവരിക്കാം . ദ്രൗപതി തന്റെ കഴിഞ്ഞ ജന്മത്തിൽ മേധവി എന്ന മഹർഷിയുടെ പുത്രിയായിരുന്നു . ചെറിയ കുട്ടിയായിരിക്കുമ്പോൾ തന്നെ അവളുടെ അമ്മ അകാല മൃത്യുവരിച്ചു . കാലം അതിന്റെ യാത്ര തുടരവേ യൗവനമുറ്റിനിൽക്കുന്ന അതിസുന്ദരിയായ ഒരു പെൺകിടാവായി അവൾ മാറി . എന്നാൽ അവളുടെ വിവാഹം നടത്തി കൊടുക്കുവാനായി , പിതാവ് അധികം താല്പര്യം കാണിച്ചില്ല . തന്റെ സഖികളെ ഭർത്താക്കന്മാരോടും കുട്ടികളോപ്പം കൂടി കണ്ട്, അവൾ ദുഃഖിതയായി കാലം കഴിച്ചുകൂട്ടി . അധികം താമസിയാതെ അവളുടെ പിതാവ് , ഹരിനാമമുരുവിട്ടു

കൊണ്ട് ദേഹം വെടിയുകയും ചെയ്തു . ഇത് അവളുടെ ജീവിതം കൂടുതൽ ക്ലേശകരമായ അവസ്ഥയിലാക്കി .

## ദുർവാസാവ് മഹർഷിയുടെ ഉപദേശവും ശാപവും

ഭാഗ്യവശാൽ ദുർവാസമുനി അവളുടെ ആശ്രമം സന്ദർശിക്കാൻ ഇടയായി. അദ്ദേഹത്തിന് എല്ലാ വിധ ഉപചാരങ്ങളും ചെയ്തതിനുശേഷം അവൾ തന്റെ ദുഃഖങ്ങളെല്ലാം ദുർവാസ മുനിയെ അറിയിച്ചു

"അല്ലയോ മഹാത്മാവേ, അങ്ങ് ഭൂതവും , വർത്തമാനവും , ഭാവിയും അറിയുന്നവനാണ് . എനിക്ക് ഈ ലോകത്തിൽ ആരും അഭയമേകാനായിട്ടില്ല . ഞാൻ ബന്ധുക്കൾ നഷ്ടപ്പെട്ടവളായിത്തീർന്നിരിക്കുന്നു .ഇപ്പോഴിതാ എന്റെ പിതാവും ദിവംഗതനായിരിക്കുന്നു . എനിക്ക് മുതിർന്ന സഹോദരനുമില്ല . അവിവാഹിതയായതിനാൽ എന്നെ സംരക്ഷിക്കാൻ ഭർത്താവുമില്ല . അല്ലയോ മഹാത്മാവേ , ദയവുചെയ്ത് എന്നെ ഈ ക്ലേശങ്ങളിൽ നിന്നും സംരക്ഷിക്കാൻ എന്തെങ്കിലും ചെയ്യുക... എന്തെങ്കിലും ഉപായം എനിക്ക് പറഞ്ഞുതരിക..."

തന്നെ ഈ ക്ലേശകരമായ ഈ അവസ്ഥയിൽ നിന്നും മോചിപ്പിക്കാനായി അവൾ യാചിച്ചു . അവളുടെ പ്രാർത്ഥന ശ്രവിച്ച ദുർവാസമുനി , അവളുടെ ദൗർഭാഗ്യകരമായ ഈ അവസ്ഥയെപ്പറ്റി ഗൗരവമായി ചിന്തിക്കുകയും തന്റെ കാരുണ്യം അവൾക്കേകുവാനായി തീരുമാനിക്കുകയും ചെയ്തു .

ദുർവാസാവ് മഹർഷി ഇപ്രകാരം അരുളിച്ചെയ്തു . " അല്ലയോ കോമളാംഗി , ഇന്നേക്ക് മൂന്നുമാസത്തിനുശേഷം ഏറ്റവും പരിപാവനമായ പുരുഷോത്തമ മാസം ആരംഭിക്കും . ഈ പവിത്രമായ മാസം ഭഗവാൻ കൃഷ്ണന് അത്യന്തം പ്രിയങ്കരമാണ് . ഈ മാസത്തിൽ പുണ്യതീർത്ഥ സ്നാനത്തിലൂടെ മാത്രം ഒരുവൻ പൂർണമായും പാപ മുക്തനായിത്തീരുന്നു . ഈ പുരുഷോത്തമ മാസം മറ്റേതു മാസങ്ങളേക്കാളും മഹത്തായതാണ് . മറ്റു മാസങ്ങളുടെ മഹത്വം നോക്കിയാൽ ഈ മാസത്തിന്റെ പതിനാറിലൊരംശം പോലും വരില്ല . ഈ മാസത്തിൽ ഒരു തവണയെങ്കിലും തീർത്ഥസ്നാനം ചെയ്താൽ അത് പന്ത്രണ്ടായിരം വർഷങ്ങളോളം ഗംഗയിലും ഗോദാവരിയിലും സ്നാനം ചെയ്ത ഫലം ലഭ്യമാക്കുന്നു . ഈ മാസത്തിൽ കൃഷ്ണന്റെ ദിവ്യ നാമങ്ങളെ ഭക്തിപൂർവ്വം ജപിക്കുകയും , ദാനധർമ്മങ്ങൾ നടത്തുകയും ചെയ്യുന്ന ഒരുവന്റെ എല്ലാ ദുഃഖങ്ങളും അകന്നുപോകുന്നു . എന്റെ ഈ

നിർദ്ദേശങ്ങൾ ദയവുചെയ്ത് പാലിക്കുക. വരുവാൻ പോകുന്ന പുരുഷോത്തമ മാസത്തിൽ ആത്മാർത്ഥമായി വ്രതമനുഷ്ഠിക്കുക." ഇത്രയും പറഞ്ഞതിനുശേഷം ദുർവാസാവ് മഹർഷി നിശബ്ദനായി .

നിർഭാഗ്യവശാൽ ആ ബ്രാഹ്മണ കുമാരി , മഹർഷിയുടെ വാക്കുകളെ വിശ്വസിച്ചില്ല . മറിച്ച് കോപാകുലയായി അദ്ദേഹത്തെ നിന്ദിക്കുകയും ചെയ്തു . "അല്ലയോ മഹർഷേ , അങ്ങ് കള്ളം പറയുകയാണ് . 'മല മാസം' എന്നും അറിയപ്പെടുന്ന ഈ അധിക മാസം എപ്രകാരമാണ് മാഘം, കാർത്തിക , വൈശാഖം തുടങ്ങിയ മാസങ്ങളേക്കാളും ഉന്നതമാകുക ? എനിക്കത് വിശ്വസിക്കാൻ സാധിക്കുകയില്ല . അധിക മാസം പുണ്യ പ്രവർത്തികൾ ചെയ്യുന്നതിന് ഏറ്റവും ഗർഹണീയമായ മാസമാണ് ."

ദുർവാസാ മഹർഷി കോപാകുലനായി. "അദ്ദേഹത്തിൻറെ ശരീരം മുഴുവനും കോപത്താൽ ജ്വലിക്കുവാൻ തുടങ്ങി കണ്ണുകൾ രക്തവർണ്ണമാർന്നതായിത്തീർന്നു. എന്നാൽ ആ പെൺകുട്ടിയുടെ നിസ്സഹായാവസ്ഥ മനസ്സിലോർത്ത് അദ്ദേഹം സ്വയം നിയന്ത്രിച്ചു .

ദുർവാസാവ് മഹർഷി പറഞ്ഞു . . .

"വിഡ്ഢിയായ പെൺകുട്ടി , നിന്റെ പിതാവ് എൻറെ സുഹൃത്തായതിനാലും നീ അശരണയായതിനാലും , അറിവില്ലാത്തവൾ, എന്ന നിലയ്ക്ക് ഞാൻ നിന്നെ ശപിക്കുന്നില്ല. നീ എന്നോടു ചെയ്ത ഈ അപരാധം ഞാൻ കാര്യമായിട്ടെടുക്കുന്നില്ല . എന്നാൽ പുരുഷോത്തമ മാസത്തിനെതിരെ നീ ചെയ്ത അപരാധം , എനിക്ക് പൊറുക്കുവാനാകില്ല . അടുത്ത ജന്മത്തിൽ ഇതിനുള്ള ഭവിഷ്യത്തുകൾ നീ അനുഭവിക്കേണ്ടിവരും.."

മുനിശ്രേഷ്ഠൻ ധൃതിയിൽ ആ സ്ഥലത്തുനിന്ന് ഭഗവാൻ നാരായണനെ സേവിക്കുവാനായി നടകൊണ്ടു .



**മഹാദേവന്റെ വരദാനവും പുനർജന്മവും**

**ശ്രീകൃഷ്ണഭഗവാൻ അർജ്ജുനനോട് പറഞ്ഞു ." അല്ലയോ പാപരഹിതനായ അർജുനാ, ദുർവാസ മഹർഷി ആ സ്ഥലം പരിത്യജിച്ചതിനുശേഷം ബ്രാഹ്മണ യുവതി (ദ്രൗപതിയുടെ കഴിഞ്ഞ ജന്മം)ആ നിമിഷത്തിൽ തന്നെ തൻറെ എല്ലാ ഐശ്വര്യങ്ങളും നഷ്ടപ്പെട്ടവളായിത്തീർന്നു. പുരുഷോത്തമ മാസത്തെ നിന്ദിക്കുകയാൽ അവൾ നാൾതോറും ദേഹകാന്തി നഷ്ടപ്പെട്ട് വിരൂപയായിത്തീർന്നു. പിന്നീടവൾ ആശുതോഷ് അഥവാ വളരെയെളുപ്പത്തിൽ പ്രസാദിക്കുന്നവൻ എന്നറിയപ്പെടുന്ന മഹാദേവനെ തപസ്സു ചെയ്യാൻ തീരുമാനിച്ചു. ആ ബ്രാഹ്മണ യുവതി അതി കഠിനമായ തപശ്ചര്യകളിലൂടെ മഹാദേവനെ പ്രസാദിപ്പിക്കാനായി ശ്രമിച്ചു. ചുട്ടുപൊള്ളുന്ന വേനൽക്കാലത്ത് അഗ്നിയുടെ മധ്യത്തിൽ അവൾ തപസ്സ് ചെയ്തു. മരംകോച്ചുന്ന തണുപ്പുകാലത്ത്, തണുത്തുറഞ്ഞ ജല മധ്യത്തിൽ തപസ്സുചെയ്തു .അവളുടെ അതികഠിനമായ തപസ്യ കണ്ടു ദേവകൾ പോലും പരിഭ്രമിച്ചു പോയി. അപ്പോൾ ആർദ്രചിത്തനായ മഹാദേവൻ അവൾക്കു മുന്നിൽ പ്രത്യക്ഷനായി .മഹാദേവന്റെ സാമീപ്യത്താൽ അവൾക്കു നവോന്മേഷം ലഭിച്ചു.തപസ്സു കൊണ്ട് ദുർബലമായി തീർന്ന ആ ശരീരം വീണ്ടും ആരോഗ്യവും പുഷ്ടിയുള്ളതുമായി തീർന്നു . അവൾക്ക് തന്റെ ദേഹകാന്തി**

തിരിച്ചു കിട്ടുകയും അതീവ മനോഹരിയായിത്തീരുകയും ചെയ്തു . മഹാദേവനെ മനസ്സിലാരാധിച്ചു കൊണ്ട് അതിമനോഹരങ്ങളായ പ്രാർത്ഥനകൾ അവൾ അർപ്പിച്ചു. "അല്ലയോ ദീനബന്ധോ , അങ്ങ് എന്നിൽ സംപ്രീതനായെങ്കിൽ എനിക്ക് ഒരു പതിയെ തരൂ " അഞ്ച് പ്രാവശ്യം തുടർച്ചയായി 'എനിക്ക് ഒരു പതിയെ തരൂ ' എന്ന് ആവശ്യപ്പെട്ടതിനുശേഷം ആ പെൺകുട്ടി നിശബ്ദയായി. അപ്പോൾ മഹാദേവൻ പറഞ്ഞു "അപ്രകാരം തന്നെ ഭവിക്കട്ടെ. നീ ഭർത്താവിനു വേണ്ടി അഞ്ച് പ്രാവശ്യം ആവശ്യപ്പെട്ടതിനാൽ നിനക്ക് അഞ്ച് ഭർത്താക്കന്മാർ ലഭിക്കും."

മഹാദേവന്റെ വാക്കുകൾ കേട്ട് ആ പെൺകുട്ടി വളരെ ലജ്ജിതയായി . അവൾ പറഞ്ഞു . " അല്ലയോ ദേവാ ഒരു പെൺകുട്ടിക്ക് അഞ്ച് ഭർത്താക്കന്മാർ ഉണ്ടാകുന്നത് ഗർഹണീയമാണ് . ദയവുചെയ്ത് അങ്ങയുടെ വരം തിരിച്ചെടുത്താലും." മഹാദേവൻ ഗൗരവ ഭാവത്തിൽ പറഞ്ഞു ." അത് അസാധ്യമാണ് . നീ എന്ത് ആവശ്യപ്പെട്ടോ അത് ലഭിക്കുന്നതാണ് . അടുത്ത ജന്മത്തിൽ നിനക്ക് അഞ്ച് ഭർത്താക്കന്മാരെ ലഭിക്കുന്നതായിരിക്കും . മുൻപ് നീ ദുർവാസ മഹർഷിയുടെ കാരുണ്യമാർന്ന നിർദ്ദേശങ്ങളെ നിരാകരിച്ചുകൊണ്ട് പുരുഷോത്തമ മാസത്തെ നിന്ദിച്ചു . ദുർവാസാ മഹർഷിയുടെയും എന്റേയും ദേഹങ്ങൾ തമ്മിൽ യാതൊരു അന്തരവുമില്ല . ഞാനും ബ്രഹ്മദേവനടക്കമുള്ള സകല ദേവഗണങ്ങളും , നാരദ മഹർഷിയെ പോലുള്ള മഹാ ഭക്തന്മാരും പുരുഷോത്തമ മാസത്തെ ആരാധിക്കുന്നു . പുരുഷോത്തമ മാസത്തെ ആരാധിക്കുന്ന ഒരാൾക്ക് ഈ ജന്മത്തിൽ എല്ലാവിധ സൗഭാഗ്യങ്ങളും ലഭിക്കുകയും, അടുത്ത ജന്മത്തിൽ ഭഗവദ് ധാമമായ ഗോലോക വൃന്ദാവനം പൂകുകയും ചെയ്യുന്നു. പുരുഷോത്തമ മാസത്തെ അധിക്ഷേപിച്ചതിനാൽ നിനക്ക് അഞ്ച് ഭർത്താക്കന്മാരെ ലഭിക്കും."

ആ പെൺകൊടി പശ്ചാത്താപവിവശനായ തീർന്നു .എന്നാൽ മഹാദേവൻ ഉടനടി തന്നെ അപ്രത്യക്ഷനായി. ബ്രാഹ്മണ കന്യക തന്റെ ഭാവിയെപ്പറ്റി ഉത്കണ്ഠയും ഭയവുമുള്ളവളായത്തീർന്നു. ഇപ്രകാരം, വിധിവശാൽ കുറച്ചു നാളുകൾക്കകം തന്നെ അവൾ തന്റെ ദേഹം വെടിഞ്ഞു . "



## പാണ്ഡവരുടെ വിജയവും മോക്ഷപ്രാപ്തിയും


ശ്രീകൃഷ്ണ ഭഗവാൻ അരുളി ചെയ്തു "അല്ലയോ അർജ്ജുനാ, ഇതേസമയം മഹാനായ ദ്രുപദ രാജാവ് ബൃഹത്തായ ഒരു യാഗം നടത്തുന്നുണ്ടായിരുന്നു. യാഗാഗ്നിയിൽ നിന്നും ആ ബ്രാഹ്മണ കന്യക ജന്മമെടുത്തു . അവൾ ദ്രുപദ മഹാരാജാവിന്റെ പുത്രിയായി പ്രത്യക്ഷപ്പെട്ടു . അല്ലയോ അർജ്ജുനാ , മേധവി ഋഷിയുടെ ആ പുത്രി തന്നെയാണ് ഇപ്പോൾ ദ്രൗപതി എന്ന പേരിൽ പ്രശസ്തയായി തീർന്നത് . അവൾ തന്നെയാണ് അങ്ങയുടെ പത്നിയും . പുരുഷോത്തമ മാസത്തെ നിന്ദിച്ചതിനാൽ അവൾ ദുശാസനനാൽ , നിറഞ്ഞ കുരുവംശ രാജസഭയിൽ , തന്റെ അഞ്ച് ഭർത്താക്കന്മാരുടെ മുന്നിൽവച്ച് അപമാനിക്കപ്പെട്ടു . ഭാഗ്യവശാൽ അവൾ എന്നെ (ശ്രീകൃഷ്ണനെ) സ്മരിക്കുകയും, എന്നെ ശരണം പ്രാപിക്കുകയും ചെയ്തു .അവളുടെ എല്ലാ അപരാധങ്ങളും പൊറുത്ത് , ഏറ്റവും ഹീനവും ഗർഹണീയവുമായ ആ സാഹചര്യത്തിൽ നിന്നും , ദുശാസനന്റെ കരങ്ങളിൽ നിന്നും ഞാൻ അവളെ രക്ഷിച്ചു .പ്രിയ പാണ്ഡവരെ , വരാൻപോകുന്ന പുരുഷോത്തമ മാസത്തെ ആരാധിക്കുവാൻ മറക്കരുത് . പുരുഷോത്തമ മാസത്തെ നിന്ദിക്കുകയും , അവളെ ആരാധിക്കാതിരിക്കുകയും , എന്നെ ആരാധിക്കാതിരിക്കുകയും ചെയ്യുന്ന ഒരുവൻ ഒരിക്കലും ഭാഗ്യശാലിയാവുകയില്ല . ഈ പുരുഷോത്തമ മാസം നിങ്ങളുടെ സകല കാമനകളേയും പൂർത്തീകരിക്കാനും, എല്ലാ ദുഃഖങ്ങളെയും അകറ്റുവാനും തക്ക

ശക്തിയുള്ളതാകുന്നു . ഇപ്പോൾ നിങ്ങളുടെ 13 വർഷത്തെ വനവാസം അവസാനിക്കാൻ പോവുകയാണ് . ദയവായി ഈ പുരുഷോത്തമ മാസത്തെ ആത്മാർത്ഥമായി ആരാധിക്കുക. എന്തുകൊണ്ടെന്നാൽ അത് എല്ലാവിധ നന്മകളും നിങ്ങൾകേകുന്നതാണ്." ഇപ്രകാരം പാണ്ഡവരെ ആശ്വസിപ്പിച്ചതിനുശേഷം, ഭഗവാൻ ദ്വാരകയിലേക്ക് മടങ്ങി. കുറച്ചു നാളുകൾക്കു ശേഷം പുരുഷോത്തമ മാസം വന്നെത്തിയപ്പോൾ , യുധിഷ്ഠിര മഹാരാജാവ്, സഹോദരങ്ങൾക്കും ദ്രൗപതിക്കുമൊപ്പം കൃഷ്ണൻറെ വാക്കുകളെ പിന്തുടർന്നു. ഏവരും അദ്ദേഹം തന്ന നിർദ്ദേശങ്ങളെ പാലിച്ചു. ഈ പരിപാവനമായ മാസത്തിൽ പുരുഷോത്തമനായ ശ്രീകൃഷ്ണനെ വിവിധങ്ങളായ രീതിയിൽ ആരാധിക്കുകയും ചെയ്തു . അപ്രകാരം അവർ തങ്ങളുടെ നഷ്ടപ്പെട്ട സാമ്രാജ്യം വീണ്ടെടുക്കുകയും, ആനന്ദകരമായ ജീവിതം ആസ്വദിക്കുകയും, അന്ത്യത്തിൽ ഭഗവാൻറെ കാരുണ്യത്താൽ ഗോലോക വൃന്ദാവനമെന്ന പരമമായ ആ ധാമത്തെ പ്രാപ്തമാക്കുകയും ചെയ്തു.



**ഹരേ കൃഷ്ണ ഹരേ കൃഷ്ണ കൃഷ്ണ കൃഷ്ണ ഹരേ ഹരേ**

**ഹരേ രാമ ഹരേ രാമ രാമ രാമ ഹരേ ഹരേ**




# പുരുഷോത്തമ മാസത്തിന്റെ ഉത്ഭവം

വൈദിക ജ്യോതിഷശാസ്ത്രത്തിൽ ഓരോ രണ്ട് (ചിലപ്പോൾ മൂന്ന്) വർഷത്തിലും സമയത്തിന്റെ ഗതി ക്രമീകരിക്കുന്നതിനായി ഒരു സമയ നഷ്ടപരിഹാര മാസം ചേർക്കുന്നു. ഇത് ആംഗലേയ അധിവർഷത്തിന് (വെസ്റ്റേൺ ലീപ് ഇയറിന്) സമാനമായ ഒന്നാണ്. നമ്മുടെ ജ്യോതിഷപരവും ജ്യോതിശാസ്ത്രപരവുമായ കണക്കുകൂട്ടലുകൾ തിരുത്താൻ വിഷ്ണു തന്നെ ഒരു കാലഗണനാരീതി രൂപത്തിൽ പ്രത്യക്ഷപ്പെടുന്നതിനാൽ ഈ മാസം വളരെ മംഗളകരമായത് (അധിക = മികച്ചത് അല്ലെങ്കിൽ മഹത്തായത്) ആയി കണക്കാക്കപ്പെടുന്നു.

ജ്യോതിശാസ്ത്രപരമായ കണക്കുകൾ വ്യത്യസ്ത ജ്യോതിശാസ്ത്ര കുറിപ്പുകളിൽ അല്പം മാത്രം വ്യത്യാസപ്പെട്ടിരിക്കുന്നു. നമ്മുടെ ഇപ്പോഴത്തെ ചർച്ചകളിൽ ഈ വ്യത്യാസങ്ങൾക്ക് അധികം പ്രാധാന്യമില്ലാത്തതിനാൽ, നമ്മൾ സൂര്യസിദ്ധാന്തത്തെ പിന്തുടരുന്നു. ഈ ശാസ്ത്രമനുസരിച്ച്:

1 ചാന്ദ്ര വർഷം = 29.5305 ന്റെ 12 മടങ്ങ്. = 354.366 ദിവസം
1 സൂര്യ വർഷം = 365.2587 ദിവസം

- അങ്ങനെ വരുമ്പോൾ ഒരു ചാന്ദ്ര വർഷം സൗരവർഷത്തെക്കാൾ പിന്നിലാവുകയും, തുടർന്ന് ചാന്ദ്ര വർഷത്തെ സൗരവർഷത്തോട് തുല്യമാക്കാൻ 3 വർഷത്തിനുശേഷം ഒരു ചാന്ദ്ര മാസം കൂടി ചേർക്കേണ്ടതായും വരുന്നു. ജ്യോതിശാസ്ത്രജ്ഞർ ഈ ഇടയിൽ വരുന്ന ചാന്ദ്ര മാസത്തെ അധിക മാസം എന്ന് വിളിക്കുകയും ഈ മാസം ചാന്ദ്ര വർഷത്തിൽ ചേർക്കേണ്ടതാണെന്ന് വാദിക്കുകയും ചെയ്തു.

## അധിക (പുരുഷോത്തമ) മാസം

ഈ കലണ്ടർ ചന്ദ്രന്റെ ദശകളെ അടിസ്ഥാനമാക്കിയുള്ളതിനാൽ, സംക്രമണത്തിന് 354 ദിവസം, 8 മണിക്കൂർ, 34.28 സെക്കൻഡ് എടുക്കുന്നു. ഇത് യഥാർത്ഥ സൗരവർഷത്തിൽ (365 ദിവസം, 6 മണിക്കൂർ, 9.54 സെക്കൻഡ്) നിന്ന് 10 ദിവസം, 21 മണിക്കൂർ, 35.16 സെക്കൻഡ് വ്യത്യാസം സൃഷ്ടിക്കുന്നു. ഈ അധികമായി വന്ന വ്യത്യാസം 29 ദിവസം, 12 മണിക്കൂർ, 44 മിനിറ്റ്, 2.865 സെക്കൻഡ് കവിയുമ്പോൾ, ഒരു കൂട്ടിച്ചേർക്കപ്പെട്ട മാസം കൊണ്ട് ഒരു ക്രമീകരണം നടത്തുന്നു (അധിക മാസം). അത് മാസത്തിന്റെ സാമീപ്യത്തെ ആശ്രയിച്ച് മുൻപത്തെ അല്ലെങ്കിൽ അടുത്ത മാസത്തിന്റെ പേര് വഹിക്കുന്നു. സാധാരണയായി, 19 വർഷത്തിനുള്ളിൽ ഏഴ് അധിക മാസങ്ങൾ സംഭവ്യമാകുന്നു.

ജ്യോതിശാസ്ത്ര, ജ്യോതിഷ സാങ്കേതികതകൾ അധിക മാസത്തിന്റെ ഉത്ഭവം, ഉദ്ദേശ്യം എന്നിവയെക്കുറിച്ചും 'അധികം' പ്രതീകാത്മകമായി എന്തിനെ പ്രതിനിധീകരിക്കുന്നു എന്നതിനെ കുറിച്ചും വിശദമാക്കുന്നു.

## പുരുഷോത്തമ അധിക മാസ വ്രതങ്ങൾ -- മഹാനിധി സ്വാമി




# പുരുഷോത്തമ മാസം ആചരിക്കേണ്ടത് എങ്ങനെ?

🪔 ശ്രീഭഗവാൻ കൃഷ്ണൻ തന്റെ സകല ശക്തികളും കാരുണ്യവും അനുഗ്രഹങ്ങളും പുരുഷോത്തമ മാസത്തിൽ നിക്ഷേപിച്ചിരിക്കുന്നതിനാൽ, എല്ലാ മാസങ്ങളിലും വ്രതങ്ങളിലും തപസ്സുകളിലും വെച്ച് ഇത് ഏറ്റവും ശ്രേഷ്ഠവും പവിത്രവുമാകുന്നു. ഈ മാസത്തിൽ അനുഷ്ഠിക്കുന്ന ഭക്തിനിർഭരമായ കർമ്മങ്ങൾ നമ്മുടെ മുൻകാല പാപഫലങ്ങളാൽ ഉണ്ടായ സകല മാലിന്യങ്ങളെയും ഹനിക്കുന്നു. ആത്മീയ ഉന്നതിക്ക് ഏറ്റവും അനുയോജ്യമായ കാലയളവാണിതെന്ന് വിശ്വസിക്കപ്പെടുന്നു.

**പത്മപുരാണത്തിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പുരുഷോത്തമ വ്രതം അനുഷ്ഠിക്കേണ്ട വിധം താഴെ പറയുന്നവയാണ്:**

🪔 **ഒരു മാസക്കാലം പൂർണ്ണ ബ്രഹ്മചര്യം പാലിക്കുക. (തറയിൽ കിടന്നുറങ്ങുന്നത് ഐച്ഛികമാണ്).**

🪔 **ദിവസവും ബ്രാഹ്മമുഹൂർത്തത്തിൽ നിദ്രമുക്തനാവുക.**

🪔 **ഹരേ കൃഷ്ണ മഹാമന്ത്രം ജപിക്കുകയും രാധാകൃഷ്ണന്മാരുടെ നാമരൂപഗുണലീലകളിൽ ശ്രദ്ധയൂന്നുകയും ചെയ്യുക. നിത്യേനയുള്ള ജപത്തിന് പുറമെ ഭക്തിപൂർവ്വം 24-ഓ, 32-ഓ, 64-ഓ മാലകൾ അധികമായി ജപിക്കുവാൻ പരിശ്രമിക്കുക.**

🪔 **രാധാകൃഷ്ണ വിഗ്രഹങ്ങൾക്കോ ചിത്രത്തിനോ മുൻപിൽ നിത്യവും നെയ്യ് വിളക്ക് സമർപ്പിക്കുക.**

🪔 **തുളസീദേവിക്ക് ദിവസേന ആരതി ഉഴിയുകയും പ്രദക്ഷിണം വെക്കുകയും ചെയ്യുക.**

🪔 **നിത്യവും ക്ഷേത്രദർശനം നടത്തി നാല് തവണ പ്രദക്ഷിണം വയ്ക്കുക.**

🪔 **രാധാകൃഷ്ണ വിഗ്രഹങ്ങളിലോ ചിത്രത്തിലോ റോസാപ്പൂക്കൾ, താമരപ്പൂക്കൾ, യഥാശക്തി തുളസീദളങ്ങൾ എന്നിവ അർപ്പിക്കുക.**

🪔 **ദിവസവും സൂര്യോദയത്തിന് മുൻപായി സ്നാനം ചെയ്യുക. പുണ്യതീർത്ഥങ്ങളിൽ നീരാടുന്നത് അത്യുത്തമം.**

🪔 **നിത്യവും ശ്രീമദ് ഭാഗവതം, വിശേഷിച്ചും ശ്രീരാധാകൃഷ്ണന്മാരുടെ ലീലകൾ പാരായണം ചെയ്യുക.**

**ശ്രീല ഭക്തിവിനോദ ഠാക്കൂറിന്റെ ആധികാരിക രചനകൾ പ്രകാരം, ഈ പുണ്യമാസത്തിൽ ഒരു ഭക്തൻ അനുഷ്ഠിക്കേണ്ട നിത്യ സാധനകൾ ഇവയാണ്:**

🪔 പ്രഭാതത്തിൽ 'ശ്രീ ജഗന്നാഥാഷ്ടകം' ആലപിക്കുക.

🪔 ഉച്ചസമയത്ത് 'ശ്രീ ചൗരാഷ്ടകം' ജപിക്കുക.

🪔 പകൽസമയത്ത് 'ശ്രീ നന്ദനന്ദനാഷ്ടകം', 'ജയ രാധാ മാധവ' തുടങ്ങിയ രാധാകൃഷ്ണ ഭജനുകളും പ്രാർത്ഥനകളും ചൊല്ലുക.

🪔 കൗണ്ഡിന്യ മുനി ഉപദേശിച്ച ഈ ശ്ലോകം നിത്യവും ജപിക്കുക:

*ഗോവർദ്ധന ധരാം വന്ദേ ഗോപാലം ഗോപരൂപിണം*
*ഗോകുലോത്സവ മീശാനം ഗോവിന്ദം ഗോപികാപ്രിയം*

(അർത്ഥം: ഗോപബാലകനായി ഗോപന്മാരോടൊപ്പം സദാ ലീലകളാടുന്ന, ഗോവർദ്ധന പർവ്വതം കൈകളിലേന്തിയ ആ ഗോപാലകൃഷ്ണനെ ഞാൻ വന്ദിക്കുന്നു. നിത്യവും ഉത്സവങ്ങൾ കൊണ്ടാടുന്ന ഗോകുലത്തിന്റെ നാഥനും ഗോപികമാരുടെ പ്രാണപ്രിയനുമായ ഗോവിന്ദനെ ഞാൻ ഭജിക്കുന്നു.)

🪔 സായംസന്ധ്യയിൽ ഭഗവാന് ശുദ്ധമായ നെയ്യ് വിളക്ക് സമർപ്പിക്കുക (ദീപദാനം).

🪔 രാത്രിയിൽ ശ്രീമദ് ഭാഗവതം പത്താം സ്കന്ധത്തിലെ പതിനാലാം അധ്യായത്തിലുള്ള 'ബ്രഹ്മ സ്തുതി' (40 ശ്ലോകങ്ങൾ) പാരായണം ചെയ്യുക.

🪔 തുടർന്ന് ഈ ശ്ലോകം ജപിക്കുക:

*വന്ദേ നവഘനശ്യാമം ദ്വിഭുജം മുരളീധരം*
*പീതാംബരധരം ദേവം ശാരദം പുരുഷോത്തമം*

(അർത്ഥം: പുതുമഴ മേഘത്തിന്റെ ശ്യാമവർണ്ണമുള്ളവനും ഇരുകൈകളിലും ഓടക്കുഴൽ ഏന്തിയവനുമായ കൃഷ്ണനെ ഞാൻ വണങ്ങുന്നു. മഞ്ഞപ്പട്ടുടുത്തവനും ശരത്കാല ചന്ദ്രനെപ്പോലെ ശോഭിക്കുന്നവനുമായ ആ പുരുഷോത്തമ ഭഗവാനെ ഞാൻ ആരാധിക്കുന്നു.)

🪔 മാസത്തിലുടനീളം ശാന്തതയും സത്യസന്ധതയും പുലർത്തുമെന്ന് വ്രതമെടുക്കുക.

🪔 ഭക്തർ, ബ്രാഹ്മണർ, സാധുക്കൾ, ഗോക്കൾ, ശാസ്ത്രങ്ങൾ, പുരുഷോത്തമ വ്രതം നോൽക്കുന്നവർ എന്നിവരെ നിന്ദിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

🪔 സ്വന്തം കഴിവിനനുസരിച്ച് ഭക്തിപരമായ തപസ്സുകൾ അനുഷ്ഠിച്ച് രാധാകൃഷ്ണന്മാരെ പ്രീതിപ്പെടുത്താൻ ശ്രമിക്കുക. എടുത്ത വ്രതം മധ്യത്തിൽ ഉപേക്ഷിക്കരുത്.

🪔 തറയിലിരുന്ന് ഇലയിൽ ആഹാരം കഴിക്കുക (ഐച്ഛികം).

🪔 നഖം വെട്ടുന്നതും ക്ഷൗരം ചെയ്യുന്നതും ഒഴിവാക്കുക (ഐച്ഛികം).

🪔 എണ്ണ ചേർത്ത പാചകം ഒഴിവാക്കുക. ശരീരത്തിൽ എണ്ണ തേയ്ക്കുന്നതും വർജ്ജിക്കുക.

🪔 ആഹാരക്രമം: ഉച്ചയ്ക്കോ സൂര്യാസ്തമയത്തിന് ശേഷമോ ഒരു നേരം മാത്രം ഭക്ഷണം കഴിക്കുന്നത് ഉത്തമമാണ്. താഴെ പറയുന്നവയിൽ ഒന്ന് തിരഞ്ഞെടുക്കാവുന്നതാണ്:

i) പാൽ മാത്രം.

ii) പഴങ്ങൾ മാത്രം (പാലോ പച്ചക്കറികളോ പാടില്ല).

iii) ധാന്യങ്ങൾ ഒഴിവാക്കിയുള്ള ഭക്ഷണം (തിരഞ്ഞെടുത്ത പച്ചക്കറികൾ, പഴങ്ങൾ, അണ്ടിപ്പരിപ്പുകൾ, പാൽ എന്നിവ).

iv) ചാതുർമ്മാസ്യ നിയമങ്ങൾ പാലിച്ചുകൊണ്ടുള്ള ലഘു ഭക്ഷണം.

🪔 യോഗ്യരായ ബ്രാഹ്മണർക്കും വൈഷ്ണവർക്കും ദാനധർമ്മങ്ങൾ ചെയ്യാൻ ഏറ്റവും അനുയോജ്യമായ മാസമാണിത്.

അതുകൊണ്ട്, ഈ പുണ്യമാസത്തിൽ നാം 'നിരപേക്ഷ വ്രതം' അനുഷ്ഠിക്കേണ്ടതാണ്. അതായത് മുപ്പത് ദിവസവും ഏകാഗ്രതയോടെ പരമകാരുണികരായ രാധാകൃഷ്ണന്മാരുടെ ആരാധനയിലും സേവനത്തിലും മുഴുകുക. പൂർണ്ണ വിശ്വാസത്തോടും ഭക്തിയോടും കൂടി പുരുഷോത്തമ വ്രതം അനുഷ്ഠിക്കുകയും ഭഗവാന്റെ ദിവ്യനാമങ്ങൾ, രൂപം, ഗുണങ്ങൾ, ലീലകൾ എന്നിവ ശ്രവിക്കുകയും കീർത്തിക്കുകയും സ്മരിക്കുകയും ചെയ്യുന്നതിലൂടെ നമുക്ക് ഭഗവദ്ധാമത്തിലേക്ക് മടങ്ങാൻ സാധിക്കുന്നു. ഗോലോക വൃന്ദാവനത്തിൽ രാധാ ഗോവിന്ദന്മാരെ നിത്യമായി സേവിക്കാനുള്ള ഭാഗ്യം ഇതിലൂടെ കൈവരുന്നു.

ഹരേ കൃഷ്ണ 🙏

ഹരേ കൃഷ്ണ 🙏 ഇതുപോലുള്ള ആത്മീയ വിഷയങ്ങൾ വായിക്കുന്നതിനായി നൽകിയിരിക്കുന്ന ലിങ്ക് പിന്തുടരുക. [ശുദ്ധ ഭക്തി വാട്സ്ആപ്പ് ഗ്രൂപ്പ്] , [ശുദ്ധ ഭക്തി ടെലഗ്രാം ഗ്രൂപ്പ്] , 🌐 www.suddhabhaktimalayalam,com




**ശ്രീ ശ്രീ ഗുരു അഷ്ടകം**

**രചന - ശ്രീല വിശ്വനാഥ ചക്രവർത്തി ഠാക്കൂർ**

**************************************************************

**ശ്ലോകം 1**

***സംസാര - ദാവാനല - ലീഢ - ലോക***
***ത്രാണായ കാരുണ്യ - ഘനാഘനത്വം***
***പ്രാപ്തസ്യ കല്ല്യാണ - ഗുണാർണ്ണവസ്യ***
***വന്ദേ ഗുരോ ശ്രീ - ചരണാരവിന്ദം***

**വിവർത്തനം**

******************

**മേഘങ്ങൾ മഴ ചൊരിഞ്ഞ് എപ്രകാരം കാട്ടുതീ അണക്കുന്നുവോ, അപ്രകാരം, കരുണാസമുദ്രമായ ആത്മീയ ഗുരു, ഭൗതികാസ്തിത്വമാകുന്ന ആളിക്കത്തുന്ന തീ കെടുത്തുന്നു. അപ്രകാരമുള്ള മംഗളകരമായ ഗുണങ്ങളോടുകൂടിയ ആത്മീയ ഗുരുവിന്റെ പാദാരവിന്ദങ്ങളിൽ ഞാൻ സാദരപ്രണാമങ്ങൾ അർപ്പിക്കുന്നു.**

**ശ്ലോകം 2**

***മഹാപ്രഭോഃ കീർത്തന - നൃത്യ - ഗീത***
***വാദിത്ര - മാദ്യാൻ- മനസോ രസേന***
***രോമാഞ്ച കമ്പാശ്രു - തരംഗ - ഭാജോ***
***വന്ദേ ഗുരോ ശ്രീ – ചരണാരവിന്ദം***

**വിവർത്തനം**

**തിരുനാമജപം, ആനന്ദനൃത്തം, സംഗീതോപകരണങ്ങളുടെ വാദനം എന്നിവ ചെയ്യുക വഴി ശ്രീ ചൈതന്യ മഹാപ്രഭുവിന്റെ സങ്കീർത്തന പ്രസ്ഥാനത്താൽ ആത്മീയ ഗുരു എല്ലായ്പ്പോഴും ആനന്ദിക്കുന്നു. അദ്ദേഹം മനസ്സിൽ പരിശുദ്ധ ഭക്തി ആസ്വദിക്കുന്നതിനാൽ, ചിലപ്പോൾ രോമങ്ങൾ എഴുന്നേറ്റു നിൽക്കുക, ശരീരം വിറയ്ക്കുക, കണ്ണുനീർ പ്രവഹിക്കുക എന്നിവ പ്രകടമാകുന്നു. അപ്രകാരമുള്ള ആത്മീയ ഗുരുവിന്റെ പാദാരവിന്ദങ്ങളിൽ ഞാൻ സാദര പ്രണാമങ്ങൾ അർപ്പിക്കുന്നു.**

**ശ്ലോകം 3**

***ശ്രീ - വിഗ്രഹാരാധന - നിത്യ - നാനാ***
***ശൃംഗാര - തൻ- മന്ദിര -മാർജനാദൗ***
***യുക്തസ്യ - ഭക്താംശ്ച നിയുഞ്ജതോഽ പി***
***വന്ദേ ഗുരോ ശ്രീ – ചരണാരവിന്ദം***

**വിവർത്തനം**

**ആത്മീയ ഗുരു എല്ലായ്പ്പോഴും ക്ഷേത്രത്തിൽ രാധാകൃഷ്ണന്മാരുടെ ആരാധനയിൽ ഏർപ്പെടുകയും, തന്റെ ശിഷ്യന്മാരെ അതിൽ വ്യാപൃതരാക്കുകയും ചെയ്യുന്നു. അവർ വിഗ്രഹങ്ങൾ അലങ്കരിക്കുക, ക്ഷേത്രം വൃത്തിയാക്കുക തുടങ്ങിയ സേവനങ്ങളിൽ ഏർപ്പെടുന്നു. അപ്രകാരമുള്ള ആത്മീയ ഗുരുവിന്റെ പാദാരവിന്ദങ്ങളിൽ ഞാൻ സാദര പ്രണാമങ്ങൾ അർപ്പിക്കുന്നു.**

**ശ്ലോകം 4**

*ചതുർ - വിധ - ശ്രീ ഭഗവത് - പ്രസാദ*
*സ്വാദ്വന്ന - തൃപ്താൻ ഹരി - ഭക്ത സംഘാൻ*
*കൃത്വൈവ തൃപ്തിം ഭജതഃ സദൈവ*
*വന്ദേ ഗുരോ ശ്രീ – ചരണാരവിന്ദം*

**വിവർത്തനം**

**ആത്മീയ ഗുരു, ഭഗവാന് നാല് വിധത്തിലുള്ള ( അലിയിച്ചിറക്കേണ്ടവ, ചവച്ചിറക്കേണ്ടവ, കുടിക്കേണ്ടവ, വലിച്ചൂറ്റിക്കഴിക്കേണ്ടവ ) രുചികരമായ ഭക്ഷണ പദാർത്ഥങ്ങൾ സമർപ്പിക്കുന്നു. ഭക്തന്മാർ ഈ ഭഗവദ്പ്രസാദം ഭക്ഷിച്ച് തൃപ്തരാകുന്നത് കാണുമ്പോൾ ആത്മീയ ഗുരുവും തൃപ്തനാകുന്നു. ഇപ്രകാരമുള്ള ആത്മീയ ഗുരുവിന്റെ പാദാരവിന്ദങ്ങളിൽ ഞാൻ സാദര പ്രണാമങ്ങൾ അർപ്പിക്കുന്നു.**

**ശ്ലോകം 5**

*ശ്രീ - രാധികാ -മാധവയോർ അപാര -*
*മാധുര്യ - ലീലാ - ഗുണ - രൂപ നാമ്നാം*
*പ്രതി - ക്ഷണാസ്വാദന - ലോലുപസ്യ*
*വന്ദേ ഗുരോ ശ്രീ – ചരണാരവിന്ദം*

**വിവർത്തനം**

**ആത്മീയ ഗുരു എല്ലായ്പ്പോഴും ശ്രീരാധിക - മാധവന്മാരുടെ അസംഖ്യങ്ങളായ മാധുര്യലീലകൾ, ഗുണങ്ങൾ, നാമങ്ങൾ, രൂപങ്ങൾ എന്നിവ കേൾക്കുന്നതിലും ആസ്വദിക്കുന്നതിലും ഉത്സുകനായിരിക്കുന്നു. ഇപ്രകാരമുള്ള ആത്മീയ ഗുരുവിന്റെ പാദാരവിന്ദങ്ങളിൽ ഞാൻ സാദര പ്രണാമങ്ങൾ അർപ്പിക്കുന്നു.**

**ശ്ലോകം 6**

*നികുഞ്ജ - യൂനോ രതി - കേളി സിദ്ധ്യൈ*
*യാ യാലിഭിർ യുക്തിർ അപേക്ഷണീയ*
*തത്രാതി ദക്ഷ്യാദ് അതി - വല്ലഭസ്യ*

*വന്ദേ ഗുരോ ശ്രീ – ചരണാരവിന്ദം*

**വിവർത്തനം**

**വൃന്ദാവനത്തിലെ നികുഞ്ജങ്ങളിൽ, രാധാകൃഷ്ണന്മാരുടെ മാധുര്യ പ്രേമവ്യവഹാരങ്ങൾക്കാവശ്യമായ സജ്ജീകരണങ്ങൾ ചെയ്യുന്ന ഗോപികമാരെ സഹായിക്കുന്നതിൽ ആത്മീയ ഗുരു നിപുണനനാണ്. അതിനാൽ, ആത്മീയ ഗുരു, ഭഗവാന് അത്യന്തം പ്രിയങ്കരനാണ്. ഇപ്രകാരമുള്ള ആത്മീയ ഗുരുവിന്റെ പാദാരവിന്ദങ്ങളിൽ ഞാൻ സാദര പ്രണാമങ്ങൾ അർപ്പിക്കുന്നു.**

**ശ്ലോകം 7**

*സാക്ഷാദ് - ധരിത്വേന സമസ്ത ശാസ്ത്രൈർ*
*ഉക്തസ് തഥാ ഭാവ്യതയേവ സദ്ഭിഃ*
*കിന്തു പ്രഭോർ യഃ പ്രിയയേവ തസ്യ*
*വന്ദേ ഗുരോ ശ്രീ – ചരണാരവിന്ദം*

**വിവർത്തനം**

**ആത്മീയ ഗുരു ഭഗവാന്റെ വിശ്വസ്ത സേവകനാകയാൽ, ഭഗവാന് തുല്യം ആദരണീയനാണ്. ഇത് എല്ലാ സാധു - ശാസ്ത്രങ്ങളും അംഗീകരിക്കുന്നു. ഇപ്രകാരം, ഭഗവാൻ ഹരിയുടെ ആധികാരികനായ പ്രതിനിധിയായ ആത്മീയ ഗുരുവിന്റെ പാദാരവിന്ദങ്ങളിൽ ഞാൻ സാദര പ്രണാമങ്ങൾ അർപ്പിക്കുന്നു.**


**ശ്ലോകം 8**

*യസ്യ പ്രസാദാദ് ഭഗവത് - പ്രസാദോ*
*യസ്യ£ പ്രസാദാൻ ന ഗതിഃ കുതോ£ പി*
*ധ്യായൻ സ്തുവംസ് തസ്യ യശസ് ത്രിസന്ധ്യം*
*വന്ദേ ഗുരോ ശ്രീ - ചരണാരവിന്ദം*

**വിവർത്തനം**

**ആത്മീയ ഗുരുവിന്റെ കാരുണ്യത്താലാണ് ഒരുവന് കൃഷ്ണന്റെ അനുഗ്രഹം ലഭിക്കുന്നത്. ആത്മീയ ഗുരുവിന്റെ കാരുണ്യമില്ലാതെ ഒരുവന് ആത്മീയ പുരോഗതി**

കൈവരിക്കാനാകില്ല. അതിനാൽ, ഒരുവൻ ദിവസവും മൂന്ന് നേരമെങ്കിലും ആത്മീയ ഗുരുവിനെ സ്മരിക്കുകയും സ്തുതിക്കുകയും ചെയ്യേണ്ടതാണ്. ഇപ്രകാരമുള്ള ആത്മീയ ഗുരുവിന്റെ പാദാരവിന്ദങ്ങളിൽ ഞാൻ സാദര പ്രണാമങ്ങൾ അർപ്പിക്കുന്നു.




ശ്രീ നരസിംഹ പ്രണാമം

*******************************

നമസ്തേ നരസിംഹായ  പ്രഹ്ലാദാഹ്ലാദ - ദായിനേ
ഹിരണ്യ കശിപൂർ വക്ഷഃ - ശിലാ - തൻക - നഖാലയേ

ഇതോ നരസിംഹ പരതോ നരസിംഹോ
യതൊ യാതൊ യാമി തതൊ നരസിംഹഃ
ബഹിർ നരസിംഹോ ഹൃദയേ നരസിംഹോ
നരസിംഹം ആദിം ശരണം പ്രപദ്യേ

വിവർത്തനം

പ്രഹ്ലാദന് ആനന്ദം നൽകിയവനും, ശില പോലുള്ള ഹിരണ്യകശിപുവിന്റെ മാറിടത്തെ, ഉളിപോലെ മൂർച്ചയുള്ള തന്റെ നഖങ്ങളാൽ കീറിയവനുമായ ഭഗവാൻ നരസിംഹദേവനെ ഞാൻ സാദരം പ്രണമിക്കുന്നു.

നരസിംഹദേവൻ ഇവിടെയുമുണ്ട്, അവിടെയുമുണ്ട്. ഞാൻ പോകുന്നിടത്തെല്ലാം നരസിംഹദേവനുണ്ട്. അദ്ദേഹം ഹൃദയത്തിലും, പുറത്തും സ്ഥിതി ചെയ്യുന്നു. എല്ലാറ്റിനും ആദി കാരണമായ നരസിംഹദേവനെ ഞാൻ ശരണം പ്രാപിക്കുന്നു.

**നരസിംഹ പ്രാർത്ഥന**

തവ കര - കമല - വരേ നഖം അത്ഭുത - ശൃംഗം
ദളിത ഹിരണ്യകശിപു - തനു - ഭൃംഗം
കേശവ ധൃത നരഹരിരൂപ ജയ ജഗദീശ ഹരേ...
ജയ ജഗദീശ ഹരേ ജയ ജഗദീശ ഹരേ ...

**വിവർത്തനം**

അല്ലയോ കേശവ ! അല്ലയോ പ്രപഞ്ചനാഥാ ! അല്ലയോ ഹരി ! അങ്ങ് പകുതി മനുഷ്യനും പകുതി സിംഹവുമായുള്ള രൂപം ധരിച്ചു .അങ്ങേയ്ക്ക് എല്ലാ സ്തുതികളും! ഒരുവൻ തന്റെ  വിരൽ നഖങ്ങൾക്കിടയിൽ വെച്ച്  വണ്ടിനെ ഞെരിച്ചു കൊല്ലുന്നത് പോലെ , അങ്ങ് ഹിരണ്യകശിപുവിന്റെ ശരീരത്തെ തന്റെ കരകമലങ്ങളാൽ വലിച്ചുകീറി.

ഹരേ കൃഷ്ണ 🙏 ഇതുപോലുള്ള ആത്മീയ വിഷയങ്ങൾ വായിക്കുന്നതിനായി നൽകിയിരിക്കുന്ന ലിങ്ക് പിന്തുടരുക. ശുദ്ധ ഭക്തി വാട്സ്ആപ്പ് ഗ്രൂപ്പ് , ശുദ്ധ ഭക്തി ടെലഗ്രാം ഗ്രൂപ്പ് , www.suddhabhaktimalayalam,com




**ശ്രീ തുളസി കീർത്തനം**

**********************************************

**(1)**

***നമോ നമഃ തുളസീ കൃഷ്ണ - പ്രേയസീ നമോ നമഃ***

***രാധാ - കൃഷ്ണ - സേവാ പാവോ ഏയി അഭിലാഷീ***

**വിവർത്തനം**

**കൃഷ്ണന്റെ പ്രിയതമയായ അല്ലയോ തുളസീ, ഞാൻ നിന്നെ വീണ്ടും വീണ്ടും പ്രണമിക്കുന്നു! രാധാകൃഷ്ണന്മാരുടെ സേവനം ലഭിക്കണമെന്നതാണ് എന്റെ അഭിലാഷം.**

**(2)**

***ജേ തോമാരാ ശരണ ലോയ്, താര വാഞ്ഛാ പൂർണ ഹോയ്***

***കൃപാ കോരി കോരോ താരേ വൃന്ദാവന വാസീ***

**വിവർത്തനം**

**നിന്നെ ശരണം പ്രാപിക്കുന്നവർക്കെല്ലാം അവരവരുടെ അഭിലാഷങ്ങൾ സഫലമാകുന്നു. നീ അവരിൽ കാരുണ്യം ചൊരിഞ്ഞ്, അവരെ വൃന്ദാവനവാസിയാക്കുന്നു.**

*(3)*

***മോര ഏയി അഭിലാഷ് വിലാസ് കുഞ്ജേ ദിയോ വാസ്***

***നയനേ ഹേരിബോ സദാ യുഗളരൂപരാസീ***

**വിവർത്തനം**

**വൃന്ദാവനധാമത്തിലെ ആനന്ദ നികുഞ്ജങ്ങളിൽ ഒരു വാസസ്ഥാനം ലഭിക്കണമെന്നതാണ് എന്റെ അഭിലാഷം. അപ്പോൾ എനിക്ക് എല്ലായ്പ്പോഴും രാധാകൃഷ്ണന്മാരുടെ മനോഹരമായ ലീലകൾ ദർശിക്കാൻ കഴിയും.**

*(4)*

***എയി നിവേദന ധരോ, സഖീർ അനുഗത കൊരോ***

***സേവാ - അധികാര ദിയേ കൊരോ നിജ ദാസീ***

**വിവർത്തനം**

**എന്നെ വൃന്ദാവനത്തിലെ ഇടയപ്പെൺകൊടികളുടെ ഒരു അനുയായിയാക്കി മാറ്റണമേ എന്ന് ഞാൻ യാചിക്കുന്നു. എനിക്ക് ഭക്തി യൂതസേവനം നൽകി, എന്നെ അങ്ങയുടെ ഭൃത്യനാക്കി മാറ്റണമേ!**

(5)

***ദീന കൃഷ്ണ ദാസേ കോയ്, ഏയി ജേന മോര ഹോയ്***

***ശ്രീ രാധാ - ഗോവിന്ദ- പ്രേമേ സദാ ജേന വാസി***

**വിവർത്തനം**

**എല്ലായ്പ്പോഴും രാധാഗോവിന്ദ പ്രേമത്തിൽ മുങ്ങിയിരിക്കണമേ എന്ന്, എളിയവനായ ഈ കൃഷ്ണസേവകൻ പ്രാർത്ഥിക്കുന്നു.**

**ഹരേ കൃഷ്ണ 🙏 ഇതുപോലുള്ള ആത്മീയ വിഷയങ്ങൾ വായിക്കുന്നതിനായി നൽകിയിരിക്കുന്ന ലിങ്ക് പിന്തുടരുക.** **ശുദ്ധ ഭക്തി വാട്സ്ആപ്പ് ഗ്രൂപ്പ്** , **ശുദ്ധ ഭക്തി ടെലഗ്രാം ഗ്രൂപ്പ്** , **www.suddhabhaktimalayalam,com**




**ശിക്ഷാഷ്ടകം**

**(രചന – ചൈതന്യമഹാപ്രഭു)**

**********************************************************

**ശ്ലോകം 1**

***ചേതോ-ദർപണ-മാർജനം ഭവ-മഹാ-ദാവാഗ്നി-നിർവാപണം***
***ശ്രേയഃ-കൈരവ-ചന്ദ്രികാ-വിതരണം വിദ്യാ-വധൂ-ജീവനം***
***ആനന്ദ-അംബുധി-വർധനം പ്രതി-പദം പൂർണാമൃതാസ്വാദനം***
***സർവാത്മസ്നപനം പരം വിജയതേ ശ്രീകൃഷ്ണ സങ്കീർത്തനം***

**വിവർത്തനം**

**ജനന മരണ പുനരാവർത്തന ബന്ധ ജീവിതാഗ്നിയെ നശിപ്പിക്കുന്നതും, വർഷങ്ങളായി ഹൃദയത്തിലടിഞ്ഞുകൂടിയ സർവ മാലിന്യങ്ങളെയും നിർമ്മാർജനം ചെയ്യുന്നതുമായ ശ്രീകൃഷ്ണ സങ്കീർത്തനം വിജയിക്കട്ടെ. ആശിർവാദ സുധാംശുവിന്റെ നിലാവ് പരത്തുകയാൽ, സങ്കീർത്തന പ്രസ്ഥാനം സമസ്ത മാനവ രാശിയുടെയും പരമവും, പ്രഥമവുമായ അനുഗ്രഹമാകുന്നു. അത് സർവ അതീന്ദ്രിയ ജ്ഞാനത്തിന്റെയും ജീവനാകുന്നു. അത് അതീന്ദ്രിയ പരമാനന്ദ സാഗരത്തെ വർദ്ധിപ്പിക്കുന്നുവെന്നു മാത്രമല്ല, ഏത് അമൃതമധുരമായ രസമാണോ**

**ആസ്വദിക്കാൻ നാം ഉത്സുകരായിരിക്കുന്നത്, ആ പീയുഷ പാനം സങ്കീർത്തനം സാധ്യമാക്കിത്തീർക്കുകയും ചെയ്യുന്നു.**

**ശ്ലോകം 2**

***നാംനാമകാരി ബഹുധാ നിജ-സർവ-ശക്തിഃ***

***തത്രാർപിതാ നിയമിതഃ സ്മരണേന കാലഃ***

***ഏതാദൃശീ തവ കൃപാ ഭഗവൻ -മമാപി***

***ദുർദൈവം-ഈദൃശം-ഇഹാജനി ന-അനുരാഗഃ***

**വിവർത്തനം**

**അല്ലയോ എന്റെ പ്രിയ ഭഗവാനേ, ഭഗവദ്നാമത്താൽ മാത്രം ജീവ സത്തകൾക്ക് സർവവിധ അനുഗ്രഹാശിസ്സുകളും പ്രാപ്തമാകുന്നു. ആയതിനാൽ അങ്ങേയ്ക്ക് 'കൃഷ്ണ'നെന്നും 'ഗോവിന്ദ'നെന്നും അനേക സഹസ്ര നാമങ്ങളുണ്ട്. ഈ അതീന്ദ്രിയ നാമങ്ങളിലൊക്കെ അങ്ങയുടെ സർവ അതീന്ദ്രിയ ശക്തികളും അങ്ങ് നിക്ഷേപിച്ചിരിക്കുന്നു. ഈ നാമജപങ്ങൾക്കൊന്നും അതികഠിനവും, ദൃഢവുമായ യാതൊരു നിയമ നിബന്ധനകളുമില്ല. എന്റെ ഭഗവാനേ, കരുണാസിന്ധുവാകയാൽ ദിവ്യ ഭഗവദ്നാമജപത്താൽ അനായാസേന ഞങ്ങൾക്ക് അങ്ങയെ പ്രാപിക്കുവാൻ സാധ്യമാക്കിത്തീർത്തിരിക്കുന്നു. എന്നിരുന്നാലും, അതിൽ ആകർഷണം തോന്നാത്ത വിധം നിർഭാഗ്യവാനാണ് ഞാൻ. ഹാ! കഷ്ടം!**

**ശ്ലോകം 3**

***തൃണാദപി സുനീചേന തരോരപി സഹിഷ്ണുനാ ।***

***അമാനിനാ മാനദേന കീർത്തനീയഃ സദാ ഹരിഃ***

**വിവർത്തനം**

**വീഥിയിലെ തൃണത്തേക്കാൾ എളിയവനായി ചിന്തിച്ചുകൊണ്ട്, വൃക്ഷത്തേക്കാൾ സഹനശക്തിയോടെ സർവ മിഥ്യാവബോധവും വെടിഞ്ഞ്, മറ്റുള്ളവർക്ക് എല്ലാ ആദരങ്ങളും സമർപ്പിക്കാൻ തയ്യാറായി, വിനീതമായ മാനസിക അവസ്ഥയോടെ ഒരാൾ ഭഗവാന്റെ ദിവ്യനാമം ജപിക്കണം.**

**ശ്ലോകം 4**

***ന-ധനം ന-ജനം ന-സുന്ദരീം***

***കവിതാം വാ ജഗദീശ കാമയേ ।***

***മമ ജന്മനി ജന്മനി ഈശ്വരേ***

***ഭവതാദ് ഭക്തിഃ അഹൈതുകീ ത്വയി ॥***

**വിവർത്തനം**

**അല്ലയോ സർവശക്തനായ ഭഗവാനേ, എനിക്ക് ധനം സംഭരിക്കുന്നതിലോ, സുന്ദരികളായ സ്ത്രീകളിലോ, അനുയായികളിലോ യാതൊരു താത്പര്യവുമില്ല. ജന്മജന്മാന്തരങ്ങളിൽ അങ്ങയുടെ അഹൈതുകമായ ഭക്തിയുതസേവനം മാത്രമാണ് ഞാൻ ആഗ്രഹിക്കുന്നത്.**

**ശ്ലോകം 5**

**അയി നന്ദ-തനൂജ കിംകരം**
**പതിതം മാം വിഷമേ-ഭവ-അംബുധൗ।**
**കൃപയാ തവ പാദ-പങ്കജ-**
**സ്ഥിത ധൂളി-സദൃശം വിചിന്തയ ॥**

**വിവർത്തനം**

**അല്ലയോ നന്ദസൂനോ, ശ്രീകൃഷ്ണാ! അങ്ങയുടെ ശാശ്വത സേവകനായ ഞാൻ എങ്ങനെയോ ജനന മരണ ആവർത്തന ചക്രമാകുന്ന ഈ സാഗരത്തിൽ നിപതിച്ചു. ആകയാൽ ദയവായി ഈ ഭയാനകമായ മൃത്യുസാഗരത്തിൽനിന്ന് എന്നെ കരകയറ്റി, അങ്ങയുടെ പാദാംബുജത്തിലെ ഒരു അണുവായി സ്വീകരിക്കേണമേ.**

**ശ്ലോകം 6**

**നയനം ഗളദ്-അശ്രു-ധാരയാ**
**വദനം ഗദ്ഗദ-രുദ്ധയാ ഗിരാ ।**
**പുളകൈർനിചിതം വപുഃ കദാ**
**തവ നാമ-ഗ്രഹണേ ഭവിഷ്യതി ॥**

**വിവർത്തനം**

**അല്ലയോ എന്റെ പ്രിയ ഭഗവാനേ! അങ്ങയുടെ ദിവ്യനാമം ജപിക്കുമ്പോൾ എപ്പോഴാണ് എന്റെ നേത്രങ്ങൾ നിരന്തര പ്രേമാശ്രു പ്രവാഹത്താൽ അലങ്കരിക്കപ്പെടുന്നത്? എപ്പോഴാണ് എന്റെ കണ്ഠം ഇടറുന്നത്? അങ്ങയുടെ ദിവ്യനാമം ഉച്ചരിക്കുമ്പോൾ എന്റെ ശരീരം രോമാഞ്ചപുളകിതമാകുന്നത് എപ്പോഴാണ്?**

**ശ്ലോകം 7**

**യുഗായിതം നിമേഷേണ ചക്ഷുഷാ പ്രാവൃഷായിതം ।**

**ശൂന്യായിതം ജഗത് സർവം ഗോവിന്ദ-വിരഹേണ മേ ॥**

**വിവർത്തനം**

**അല്ലയോ ഗോവിന്ദാ! അങ്ങയുമായുള്ള വേർപാടിൽ അനുനിമിഷവും എനിക്ക് ഓരോ യുഗമായിട്ടാണ് അനുഭവപ്പെടുന്നത്. എന്റെ നേത്രങ്ങളിൽനിന്നും പെരുമഴപോലെ കണ്ണുനീർ പ്രവഹിക്കുന്നുവെന്നു മാത്രമല്ല, അങ്ങയുടെ അഭാവം നിമിത്തം ഈ പ്രപഞ്ചം തന്നെ ശൂന്യമായി അനുഭവപ്പെടുന്നു.**

**ശ്ലോകം 8**

***ആശ്ലിഷ്യ വാ പാദ-രതാം പിനഷ്ടു***

***മാം-അദർശനാനൻ മർമ-ഹതാം കരോതു വാ ।***

***യഥാ തഥാ വാ വിദധാതു ലമ്പടഃ***

***മത്-പ്രാണ-നാഥസ്തു സ ഏവ ന-അപരഃ ॥***

**വിവർത്തനം**

**കൃഷ്ണനെയല്ലാതെ മറ്റാരെയും എന്റെ പ്രഭുവായി ഞാനറിയുന്നില്ല. എത്ര ക്ഷുബ്ധമായി എന്നെ അദ്ദേഹം ആശ്ലേഷിച്ചാലും, എന്റെ മുന്നിൽ പ്രത്യക്ഷനാകാതെ എന്റെ ഹൃദയത്തെ ഛിന്നഭിന്നമാക്കിയാലും, എന്റെ മനസ്സിൽ ഭഗവാൻ അതേപടി യാതൊരു ചാഞ്ചല്യവുമില്ലാതെ അപ്പോഴും നിലനിൽക്കും. എന്തും ഏതും ചെയ്യാൻ തക്ക സർവ സ്വതന്ത്രനായ അദ്ദേഹം തന്നെയാണ് എന്റെ നിരുപാധികമായ നിത്യ ആരാധ്യ പുരുഷനും .**

**തിരുനാമ അപരാധങ്ങൾ**

**************************

1. **ഭഗവാന്റെ തിരുനാമം പ്രചരിപ്പിക്കുന്നതിന് തങ്ങളുടെ ജീവിതം തന്നെ ഉഴിഞ്ഞുവച്ചിരിക്കുന്ന ഭക്തന്മാരെ നിന്ദിക്കുക.**

2. **ദേവന്മാരായ ശിവൻ, ബ്രഹ്മാവ് ഇവരെ ഭഗവാൻ വിഷ്ണുവിന്റെ തിരുനാമത്തോട് തുല്യമായോ സ്വതന്ത്രമായോ ചിന്തിക്കുക.**

3. **ആദ്ധ്യാത്മിക ഗുരുവിന്റെ കൽപ്പനകളെ ഉല്ലംഘിക്കുക.**

4. വൈദിക സാഹിത്യത്തെയോ അതുമായി ബന്ധപ്പെട്ടു വരുന്ന മറ്റു സാഹിത്യങ്ങളെയോ നിന്ദിക്കുക.

5. ഹരേ കൃഷ്ണ മഹാമന്ത്രജപത്തിന്റെ മഹത്വത്തെ സാങ്കൽപ്പികമാണെന്ന് കരുതുക.

6. ഭഗവാന്റെ തിരുനാമം ഭൗതിക രീതിയിൽ ദുർവ്യാഖ്യാനം ചെയ്യുക.

7. ഭഗവാന്റെ തിരുനാമത്തിന്റെ ബലത്തിൽ പാപകർമ്മങ്ങൾ അനുഷ്ഠിക്കുക.

8. വേദസാഹിത്യത്തിലെ കർമ്മകാണ്ഡങ്ങളിൽ വിവരിച്ചിട്ടുള്ള ഒരു മംഗളകരമായ ധാർമ്മിക കർമ്മമാണ് ഹരേ കൃഷ്ണ മഹാമന്ത്രജപം എന്ന് കരുതുക.

9. ഭഗവാന്റെ തിരുനാമ മഹിമകളെക്കുറിച്ച് ഒരു അവിശ്വാസിയായ വ്യക്തിയെ ഉപദേശിക്കുക.

10. നാമമഹാത്മ്യത്തെക്കുറിച്ച് പല നിർദ്ദേശങ്ങളും മനസ്സിലാക്കിയതിനുശേഷവും തിരുനാമജപത്തിൽ പൂർണ്ണമായ വിശ്വാസമില്ലാതിരിക്കുകയും ഭൗതിക ആഗ്രഹങ്ങളെ വച്ചുപുലർത്തുകയും ചെയ്യുക.

ഒരു വൈഷ്ണവൻ തന്റെ കൃഷ്ണ പ്രേമമാകുന്ന ആദ്ധ്യാത്മിക ലക്ഷ്യത്തെ പ്രാപിക്കുന്നതിനുവേണ്ടി ഇത്തരം അപരാധങ്ങളിൽ നിന്ന് സ്വരക്ഷ നേടേണ്ടതാണ്.

**ഹരേ കൃഷ്ണ ഹരേ കൃഷ്ണ കൃഷ്ണ കൃഷ്ണ ഹരേ ഹരേ**
**ഹരേ രാമ ഹരേ രാമ രാമ രാമ ഹരേ ഹരേ**

ഹരേ കൃഷ്ണ 🙏 ഇതുപോലുള്ള ആത്മീയ വിഷയങ്ങൾ വായിക്കുന്നതിനായി നൽകിയിരിക്കുന്ന ലിങ്ക് പിന്തുടരുക. ശുദ്ധ ഭക്തി വാട്സ്ആപ്പ് ഗ്രൂപ്പ് , ശുദ്ധ ഭക്തി ടെലഗ്രാം ഗ്രൂപ്പ് , www.suddhabhaktimalayalam,com


പുരുഷോത്തമ
മാസത്തിൽ
ചൊല്ലേണ്ട മന്ത്രം
ഗോവർദ്ധന ധരാം വന്ദേ
ഗോപാലം ഗോപരൂപിണം
ഗോകുലോത്സവ മീശാനം
ഗോവിന്ദം ഗോപികാപ്രിയം
ഗോപബാലകനായി ഗോപന്മാരോടൊപ്പം സദാ
ലീലകളാടുന്ന, ഗോവർദ്ധന പർവ്വതം
കൈകളിലേന്തിയ ആ ഗോപാലകൃഷ്ണനെ ഞാൻ
വന്ദിക്കുന്നു. നിത്യവും ഉത്സവങ്ങൾ കൊണ്ടാടുന്ന
ഗോകുലത്തിന്റെ നാഥനും ഗോപികമാരുടെ
പ്രാണപ്രിയനുമായ ഗോവിന്ദനെ ഞാൻ ഭജിക്കുന്നു
വന്ദേ നവഘനശ്യാമം
ദ്വിഭുജം മുരളീധരം
പീതാംബരധരം ദേവം
ശാരദം പുരുഷോത്തമം
പുതുമഴ മേഘത്തിന്റെ ശ്യാമവർണ്ണമുള്ളവനും
ഇരുകൈകളിലും ഓടക്കുഴൽ ഏന്തിയവനുമായ
കൃഷ്ണനെ ഞാൻ വണങ്ങുന്നു.
മഞ്ഞപ്പട്ടുടുത്തവനും ശരത്കാല ചന്ദ്രനെപ്പോലെ
ശോഭിക്കുന്നവനുമായ ആ പുരുഷോത്തമ
ഭഗവാനെ ഞാൻ ആരാധിക്കുന്നു
ശുദ്ധ ഭക്തി
POWERED BY ISKCON TRIVANDRUM
https://suddhabhaktimalayalam.com/




# ശ്രീമദ് ഭഗവദ് ഗീത

## അധ്യായം 15

## പുരുഷോത്തമയോഗം

**ശ്ലോകം 1**

**ശ്രീ ഭഗവാനുവാച**
**ഉയർധ്വമൂലമധഃ ശാഖമശ്വത്ഥം പഠഹരവ്യയം**
**ചന്ദാമസി യസ്യ പർണാനി യസ്തം വേദ സ വേദ വിത്**

**പരമദിവ്യോത്തമപുരുഷൻ പറഞ്ഞു : വേരുകൾ മേൽപ്പോട്ടും, ശാഖകൾ കീഴ്ചപ്പോട്ടുമായിട്ട് അക്ഷയമായൊരു അശ്വത്ഥമുണ്ട്. അതിന്റെ ഇലകളാണ് വേദമന്ത്രങ്ങൾ, ഈ വൃക്ഷമെന്തെന്ന് അറിയുന്നവനത്രേ വേദജ്ഞൻ.**

## ശ്ലോകം 2

**അധശ്ചോർധ്വം പ്രസൃതാസ്തസ്യ  ശാഖാ**
**ഗുണപ്രവൃദ്ധാ വിഷയപ്രവാലാഃ**
**അധശ്ച മൂലാന്യനുസന്തതാനി**
**കർമാനുബന്ധീനി മനുഷ്യലോകേ**

**ഈ വൃക്ഷത്തിന്റെ ശാഖകൾ ഭൗതികപ്രകൃതിയുടെ തിഗുണങ്ങളാൽ പോഷിപ്പിക്കപ്പെട്ട് താഴോട്ടും മേലോട്ടും പടർന്നുകിടക്കുന്നു. ഇന്ദ്രിയവിഷയങ്ങളാണതിന്റെ ചില്ലകൾ. ഈ വൃക്ഷത്തിന് താഴേയ്ക്കിറങ്ങുന്ന വേരുകളുമുണ്ട്, ഇവ മനുഷ്യസമുദായത്തിന്റെ ഫലോദ്ദിഷ്ട കർമ്മങ്ങളോട് ബന്ധപ്പെട്ടവയത്രേ.**

## ശ്ലോകങ്ങൾ 3-4

**ന രൂപമസ്യേഹ തഥോപലഭ്യതേ**
**നാന്തോ ന ചാദിർ ന ച സംപ്രതിഷ്ഠാ**
**അശ്വത്ഥമേനം സുവിരൂഢമൂലം-**
**അസങ്ഗശസ്ത്രേണ ദൃഢേന ഛിത്ത്വാ**
**തതഃ പദം തത്പരിമാർഗിതവ്യം**
**യസ്മിൻ ഗതാ ന നിവർതന്തി ഭൂയഃ**
**തമേവ ചാദ്യം പുരുഷം പ്രപദ്യേ**
**യത്രഃ പ്രവൃത്തിഃ പ്രസൃതാ പുരാണി**

**ഈ വൃക്ഷത്തിന്റെ യഥാർത്ഥ രൂപം ഈ ലോകത്തിൽ കാണുകയില്ല. അതിന്റെ ആരംഭമോ അവസാനമോ അടിസ്ഥാനമോ കണ്ടെത്താനാവില്ല. വേരുറച്ചുയർന്ന ഈ വൃക്ഷത്തെ ദൃഢനിശ്ചയത്തോടെ വിരക്തിയാകുന്ന ആയുധത്താൽ ഛേദിച്ചുകളയണം. എന്നിട്ട് എവിടെച്ചെന്നാൽ തിരിച്ചുവരവില്ലയോ, ആ ദിവ്യപദം പൂകി സ്മരണാതീത കാലം മുതൽക്കേയുള്ള എല്ലാറ്റിന്റേയും ഉറവിടമായ പരമപുരുഷന് സ്വയം സമർപ്പിക്കണം.**

**ശ്ലോകം 5**

**നിർമാനമോഹാ ജിതസങ്ഗദോഷാ**
**അധ്യാത്മനിത്യാ വിനിവൃത്തകാമാഃ**
**ദ്വന്ദ്വൈർവിമുക്താഃ സുഖദുഃഖ സംജ്ഞൈർ**
**ഗച്ഛന്ത്യമൂഢാഃ പദമവ്യയം തത്**

**മിഥ്യാഭിമാനം, മായാമോഹം, ദുഃസംസർഗ്ഗം എന്നീ ദോഷങ്ങളൊഴിഞ്ഞ് ഭൗതികതൃഷ്ണയിൽപ്പെടാതെ സനാതനതത്ത്വത്തെ അറിഞ്ഞ്, സുഖദുഃഖാദികളായ ദ്വന്ദ്വങ്ങളിൽ നിന്നും മോചിതരായി വിഭ്രാന്തരാകാതെ പരമപുരുഷന് സ്വയം സമർപ്പിക്കുന്നതെങ്ങനെയെന്ന് അറിയാവുന്നവർ പരമമായ ശാശ്വത സാമ്രാജ്യം പ്രാപിക്കും.**

**ശ്ലോകം 6**

**ന തദ്ഭാസയതേ സൂര്യോ ന ശശാങ്കോ ന പാവകഃ**
**യദ് ഗത്വാ ന നിവർതന്തേ  തദ്ധാമ പരമം മമ**

**പരമമായ എന്റെ ആവാസസ്ഥാനത്ത് സൂര്യചന്ദ്രന്മാരോ അഗ്നിയോ വൈദ്യുതിയോ വെളിച്ചം വീശുന്നില്ല. അവിടെ ചെന്നെത്തിയവർ ഒരിക്കലും ഭൗതികലോകത്തിലേയ്ക്ക് തിരിച്ചുവരില്ല.**

**ശ്ലോകം 7**

**മമൈവാംശോ ജീവലോകേ ജീവഭൂതഃ സനാതനഃ**
**മനഃ ഷഷ്ഠാനീന്ദ്രിയാണി പ്രകൃതിസ്ഥാനി കർഷതി**

**എന്റെ ശാശ്വതാംശങ്ങളാണ് ഈ ലോകത്തിലുള്ള ബദ്ധരായ സകല ജീവസത്തകളും. ബദ്ധമായ ജീവിതം നയിക്കുകയാൽ മനസ്സുൾപ്പടെയുള്ള ആറ് ഇന്ദ്രിയങ്ങളും ഉപയോഗിച്ച് അവർ കഠിനാദ്ധ്വാനംചെയ്യുകയാണ്.**

**ശ്ലോകം 8**

**ശരീരം യദവാപ്നോതി യച്ചാപ്യുത്ക്രാമതീശ്വരഃ**
**ഗൃഹീത്വൈതാനി സംയാതി വായുർഗന്ധാനിവാശയാത്**

**ഭൗതികലോകത്തിലെ ജീവസത്ത, കാറ്റ് ഗന്ധങ്ങളെ എന്ന പോലെ ജീവിതസങ്കല്പങ്ങളെ ഒരു ശരീരത്തിൽ നിന്ന് മറ്റൊന്നിലേയ്ക്ക് കൊണ്ടുപോകുന്നു. അങ്ങനെ ഒരു തരത്തിലുള്ള ശരീരം ഉപേക്ഷിച്ച് മറ്റൊരു തരത്തിലുള്ള ശരീരം സ്വീകരിക്കുന്നു.**

**ശ്ലോകം 9**

**ശ്രോത്രം ചക്ഷുഃ സ്പർശനം ച രസനം ഘ്രാണമേവ ച**
**അധിഷ്ഠായ മനശ്ചായം വിഷയാനുപസേവതേ**

**ഇപ്രകാരം മറ്റൊരു സ്ഥൂലശരീരം കൈക്കൊള്ളുന്ന ജീവസത്ത മനസ്സിനിണങ്ങിയ അഞ്ചിന്ദ്രിയങ്ങൾ - കണ്ണ്, ചെവി, നാവ്, മൂക്ക്, ത്വക്ക് എന്നിവ സ്വീകരിക്കുകയും അവയിലൂടെ ഒരു കൂട്ടം ഇന്ദ്രിയവിഷയങ്ങളെ ആസ്വദിക്കുകയുംചെയ്യുന്നു.**

**ശ്ലോകം 10**

**ഉത്ക്രാമന്തം സ്ഥിതം വാപി ഭുഞ്ജാനം വാ ഗുണാന്വിതം**
**വിമൂഢാ നാനുപശ്യന്തി പശ്യന്തിജ്ഞാനചക്ഷുഷഃ**

**ജീവാത്മാവ് എങ്ങനെ ഈ ശരീരം വിട്ടുപോകുന്നുവെന്നോ ഗുണങ്ങളുടെ ആകർഷണത്തിന് വഴിപ്പെട്ട ഏതുതരം ശരീരത്തെയാണ് സ്വീകരിച്ചനുഭവിക്കുന്നതെന്നോ മൂഢന്മാർക്കറിയാൻ വയ്യ. ജ്ഞാനത്തിന്റെ അകക്കണ്ണ് തെളിഞ്ഞവർക്ക് ഇതെല്ലാം പ്രത്യക്ഷമാകുന്നു.**

ശ്ലോകം 11

യതന്തോ യോഗിനശ്ചൈനം പശ്യന്ത്യാത്മന്യവസ്ഥിതം
യതന്തോഽപ്യകൃതാത്മാനോ നൈനം പശ്യന്ത്യചേതസഃ

ആത്മസാക്ഷാത്കാരം ലഭിച്ച് എപ്പോഴും യത്നിച്ചുകൊണ്ടേയിരിക്കുന്ന അതീന്ദ്രിയവാദികൾക്ക് ഇതെല്ലാം വ്യക്തമായി കാണാൻ കഴിയും. മനോവികാസം പ്രാപിക്കാത്തവർക്കും ആത്മസാക്ഷാത്കാരം ലഭിക്കാത്തവർക്കും ശ്രമിച്ചാലും എന്താണ് സംഭവിക്കുന്നതെന്ന് കാണാൻ കഴിയില്ല.

ശ്ലോകം 12

യദാദിത്യഗതം തേജോ ജഗദ്ഭാസയതേഽഖിലം
യച്ചന്ദ്രമസി യച്ചാഗ്നൗ തത്തേജോ വിദ്ധി മാമകം

പ്രപഞ്ചത്തിലെ അന്ധകാരമത്രയും നീക്കി അതിനെ ശോഭായമാനമാക്കുന്ന സൂര്യന്റെ തേജസ്സ് എന്നിൽ നിന്നാണ് വരുന്നത്. ചന്ദ്രന്റേയും അഗ്നിയുടേയും തേജസ്സുകളും എന്നിൽ നിന്നുതന്നെ വരുന്നവയാണ്.

ശ്ലോകം 13

ഗാമാവിശ്യ ച ഭൂതാനി ധാരയാമ്യഹമോജസാ
പുഷ്ണാമി ചൗഷധീഃ സർവാഃ സോമോ ഭൂത്വാ രസാത്മകഃ

ഞാൻ ഓരോ ഗ്രഹത്തിലും ഉൾപ്പുകി അവയെ എന്റെ ശക്തി കൊണ്ട് ഭ്രമണപഥത്തിൽ നിലനിർത്തുന്നു. ഞാൻ തന്നെ ചന്ദ്രനായിത്തീർന്ന്, എല്ലാ സസ്യങ്ങൾക്കും ജീവരസം പകരുന്നു.

ശ്ലോകം 14

അഹം വൈശ്വാനരോ ഭൂത്വാ പ്രാണിനാം ദേഹമാശ്രിതഃ
പ്രാണാപാനസമായുക്തഃ  പചാമ്യന്നം ചതുർവിധം

സകല ജീവികളിലുമുള്ള ദഹനാഗ്നിയാണ് ഞാൻ. ഉൾക്കൊള്ളുന്നതും പുറത്തു തള്ളുന്നതുമായ പ്രാണവായുവിനോട് ചേർന്ന് ഞാൻ നാലുവിധത്തിലുള്ള ആഹാരങ്ങളേയും ദഹിപ്പിക്കുന്നു.

ശ്ലോകം 15

സർവസ്യ ചാഹം ഹൃദി സന്നിവിഷ്ടോ
മത്തഃ സ്മൃതിർജ്ഞാനമപോഹനം ച
വേദൈശ്ച സർവൈരഹമേവ വേദ്യോ
വേദാന്തകൃദ് വേദവിദേവ ചാഹം.

സർവ്വജീവികളുടേയും ഹൃദയത്തിൽ ഞാൻ വാഴുന്നു. സ്മര ണയും ജ്ഞാനവും മറവിയും എന്നിൽ നിന്നാണുളവാകുന്നത്. എല്ലാ വേദങ്ങളിലൂടേയും അറിയേണ്ടത് എന്നെത്തന്നെ. വേദാന്തമുണ്ടാക്കിയതും വേദങ്ങളെ അറിയുന്നതും ഞാനാണ്.

ശ്ലോകം 16

ദ്വാവിമൗ പുരുഷൗ ലോകേ ക്ഷാരശ്ചാക്ഷര ഏവ ച
ക്ഷരഃ സർവാണി ഭൂതാനി കൂടസ്ഥോ്ക്ഷര ഉച്യതേ

പുരുഷന്മാർ രണ്ടു വിധം, തെറ്റു പറ്റാവുന്നവരും അല്ലാത്തവരും. ഭൗതികലോകത്തിലെ ജീവാത്മാക്കളെല്ലാം തെറ്റു പറ്റാവുന്നവരാകുന്നു. ആദ്ധ്യാത്മികലോകത്തിലുള്ള ജീവാത്മാക്കൾക്ക് തെറ്റുപറ്റുകയില്ല.

ശ്ലോകം 17

ഉത്തമഃ പുരുഷസ്ത്വന്യഃ  പരമാത്മേത്യുദാഹൃതഃ
യോ ലോകത്രയമാവിശ്യ ബിഭർത്യവ്യയ ഈശ്വരഃ

ഇവരെക്കൂടാതെ, പരമപുരുഷനായ, പരമാത്മാവ് എന്നറിയപ്പെടുന്ന അവ്യയനായ ഭഗവാനുണ്ട്. അദ്ദേഹം മൂന്ന് ലോകങ്ങളിലും അന്തർഗതനായി അവയെ പുലർത്തിപ്പോരുന്നു.

**ശ്ലോകം 18**

**യസ്മാത്ക്ഷരമതീതോ ⨍ഹമക്ഷരാദപി ചോത്തമഃ**
**അതോ ⨍സ്മി ലോകേ വേദേ ച പ്രഥിതഃ പുരുഷോത്തമഃ**

**ഞാൻ ഇന്ദ്രിയാതീതനും, ക്ഷരങ്ങൾക്കും അക്ഷരങ്ങൾക്കും അതീതനും, സർവ്വശ്രേഷ്ഠനുമായതുകൊണ്ട് ലോകരും വേദങ്ങളും എന്നെ പുരുഷോത്തമനെന്ന് പുകഴ്ത്തുന്നു.**

**ശ്ലോകം 19**

**യോ മാമേവമസംമൂഢോ ജാനാതി പുരുഷോത്തമം**
**സ സർവവിദ് ഭജതി മാം സർവഭാവേന ഭാരത.**

**എന്നെ പരമദിവ്യോത്തമപുരുഷനായ ഭഗവാനെന്ന് നിസ്സംശയം അറിയുന്നവർ എല്ലാം അറിയുന്നവരാണ്. ഹേ ഭാരതാ, അതുകൊണ്ട് അവർ എന്റെ ഭക്തിയുതസേവനത്തിൽ പൂർണ്ണമായും മുഴുകിയിരിക്കുന്നു.**

**ശ്ലോകം 20**

**ഇതി ഗുഹ്യതമം ശാസ്ത്രമിദമുക്തം മയാനഘ**
**ഏതദ് ബുദ്ധ്വാ ബുദ്ധിമാൻ സ്യാത് കൃതകൃത്യശ്ച ഭാരത**

**ഹേ പാപരഹിതാ, ഞാൻ ഇപ്പോൾ ഉപദേശിച്ച ഈ ജ്ഞാനം വേദഗ്രന്ഥങ്ങളിലെ അതിരഹസ്യമായ ഭാഗമാണ്, ഇതറിയുന്നവർ ബുദ്ധിശാലികളാവും. അവരുടെ പ്രയത്നങ്ങൾക്ക് പൂർണ്ണത കൈവരും.**

**ഹരേ കൃഷ്ണ ഹരേ കൃഷ്ണ കൃഷ്ണ കൃഷ്ണ ഹരേ ഹരേ**
**ഹരേ രാമ ഹരേ രാമ രാമ രാമ ഹരേ ഹരേ**




**<u>ശ്ലോകം 1</u>**

***ശ്രീ ബ്രഹ്മോവാച***

***നൗമീഡ്യ തേഽ ഭവപുഷേ തഡിദംബരായ***

***ഗുഞ്ജാവതംസപരിപിച്ഛലസന്മുഖായ***

***വന്യസജേ കവളവേത്ര വിഷാണവേണു***

***ലക്ഷ്മശ്രീയേ മൃദുപദേ പശുപാംഗജായി***

**വിവർത്തനം**

**ബ്രഹ്മദേവൻ പറഞ്ഞു: ഹേ ഭഗവൻ, അങ്ങ് മാത്രമാണ് ആരാധ്യനായപരമദിവോത്തമപുരുഷൻ. അതിനാൽ അങ്ങയെ**

**സന്തോഷിപ്പിക്കാനായി എന്റെ വിനയപൂർവ്വമായ പ്രണാമങ്ങളും പ്രാർത്ഥനകളും ഞാൻ അർപ്പി ച്ചുകൊള്ളുന്നു. ഹേ നന്ദഗോപതനയാ, അങ്ങയുടെ അതീന്ദ്രിയശരീരം പു തമേഘം പോലെ ശ്യാമനിറമാർന്നും, വസ്ത്രം മിന്നൽ പോലെ തിളങ്ങി ക്കൊണ്ടുമിരിക്കുന്നു. കാതിലെ കുന്നിക്കുരുക്കുണുക്കും തിരുമുടിയില ണിഞ്ഞ മയിൽപ്പീലിയും അങ്ങയുടെ മുഖശോഭ വർദ്ധിപ്പിക്കുന്നു. കാട്ടു പൂക്കളും ഇലകളും കൊണ്ടുതീർത്ത മാലയണിഞ്ഞ്, കാലിക്കോലും പോ ത്തിൻ കൊമ്പുകൊണ്ടുള്ള കുഴലും ഓടക്കുഴലുമായി കയ്യിലൊരു ചോറു രുളയുമായി അങ്ങനെ മുന്നിൽ പരിലസിക്കുന്നു**

<u>**ശ്ലോകം 2**</u>

***അസ്യാപി ദേവ വപുഷോ മദനുഗ്രഹസ്യ***
***സ്വേച്ഛാമയസ്യ ന തു ഭൂതമയസ്യ കോഽപി***
***നേശേ മഹി ത്വവസിതും മനസാന്തരേണ***
***സാക്ഷാത്തവൈവ കിമുതാത്മസുഖാനുഭൂതേഃ***

**വിവർത്തനം**

**എന്റെ പ്രിയപ്പെട്ട ഭഗവൻ, ശുദ്ധഭക്തന്മാരുടെ ആഗ്രഹങ്ങളെ നിവർത്തിച്ചു കൊടുക്കാൻ മാത്രം സ്വീകരിച്ചതും എന്നോടിത്രയും കരുണ കാണി ച്ചതുമായ ഈ അതീന്ദ്രിയശരീരത്തിന്റെ ശക്തിയളക്കാൻ എനിക്കോ മറ്റാർക്കെങ്കിലുമോ ആവതല്ല. ഭൗതിക വിഷയങ്ങളിൽ നിന്ന് പൂർണമായും പിൻവലിക്കപ്പെട്ട മനസ്സോടു കൂടിയവനാണെങ്കിലും എനിക്ക് അങ്ങയുടെ വ്യക്തിസ്വരൂപത്തെ മനസ്സിലാക്കാൻ കഴിയുന്നില്ല. അങ്ങനെയിരിക്കെ അങ്ങ് ഉള്ളിലനുഭവിക്കുന്ന ആനന്ദാനുഭൂതി എനിക്കെങ്ങനെ അറിയാൻ കഴിയും?**

<u>**ശ്ലോകം 3**</u>

***ജ്ഞാനേ പ്രയാസമുദപാസ്യ നമന്ത ഏവ***
***ജീവന്തി സന്മുഖരിതാം ഭവദീയവാർത്താം***
***സ്ഥാനേ സ്ഥിതാഃ ശ്രുതിഗതാം തനുവാങ്മനോഭിർ***
***യേ പ്രായശോഽ ജിത ജിതോഽ പ്യസി തൈസ്ത്രിലോക്യാം***

**വിവർത്തനം**

**അംഗീകൃതമായ സാമൂഹ്യപദവികളിൽ സ്ഥിതിചെയ്യുമ്പോഴും ആരാണോ ഊഹാധിഷ്ഠിതമായ ജ്ഞാനാർജനമാർഗമുപേക്ഷിച്ച് വാക്കും ശരീരവും മനസ്സും കൊണ്ട് അങ്ങയുടെ ഗുണങ്ങളും കഥകളും കേട്ട് പ്രണമിക്കുകയും, വ്യക്തിപരമായി അങ്ങും അങ്ങയുടെ ശുദ്ധഭക്തന്മാരും ചൈതന്യവത്താക്കിയ ആ ചരിതങ്ങൾ കേൾക്കാനായി ജീവിതം സമർപ്പിക്കുകയും ചെയ്യുന്നത്, അവർ മൂന്നുലോകങ്ങളിലും ആർക്കും തോൽപ്പിക്കാനാവാത്ത അങ്ങയെ കീഴടക്കുന്നു.**

**ശ്ലോകം 4**

***ശ്രേയ സൃതിം ഭക്തിമുദസ്യ തേ വിഭോ***
***ക്ലിശ്യന്തി യേ കേവലബോധലബ്ധയേ***
***തേഷാമസൗ ക്ലേശല ഏവ ശിഷ്യതേ***
***നാന്യദ് യഥാ സ്ഥൂലതുഷാവഘാതിനാം***

**വിവർത്തനം**

**എന്റെ പ്രിയപ്പെട്ട ഭഗവൻ, ആത്മസാക്ഷാത്കാരത്തിലേയ്ക്കുള്ള ഏറ്റവും നല്ല മാർഗ്ഗം അങ്ങേയ്ക്കുവേണ്ടി ചെയ്യുന്ന ഭക്തിയുതസേവനമാണ്. ഈ മാർഗമുപേക്ഷിച്ചിട്ട് ഊഹാധിഷ്ഠിതമായ ജ്ഞാനം വളർത്തിയെടുക്കുന്നയാൾ അതിക്ലേശമനുഭവിക്കുകയും ആഗ്രഹിച്ച ഫലം നേടാതിരിക്കുകയും ചെയ്യുന്നു. ഉമിയെത്ര കുത്തിയാലും ധാന്യം ലഭിക്കില്ലെന്നതുപോലെ വെറുതെ ഊഹാപോഹം നടത്തുന്നവർക്ക് ആത്മസാക്ഷാത്കാരം ലഭിക്കില്ല. അയാളുടെ ഒരേയൊരു ലാഭം കഷ്ടപ്പാട് മാത്രമായിരിക്കും.**

**ശ്ലോകം 5**

***പുരേഹ ഭൂമൻ ബഹവോ£ പി യോഗിനസ്***
***ത്വദർപ്പിതേഹാ നിജകർമ്മലബ്ധയാ***
***വിബുദ്ധ്യ ഭക്ത്യൈവ കഥോപനീതയാ***
***പ്രപേദിരേ£ ഞ്ജോ£ ച്യുത തേ ഗതിം പരാം***

**വിവർത്തനം**

ഹേ പരമശക്തനായ ഭഗവാനേ, പണ്ട് അനേകം യോഗിമാർ അവരുടെ എല്ലാ പ്രയത്നങ്ങളും അങ്ങേക്കായി സമർപ്പിച്ചും സ്വന്തം കടമകൾ വിശ്വസ്തതയോടെ നിർവ്വഹിച്ചും അങ്ങേക്കായുള്ള ഭക്തിയുതസേവനമാർഗ്ഗത്തിൽ എത്തിച്ചേർന്നു. ഹേ അച്യുതാ, അവർക്ക് അങ്ങയെക്കുറിച്ച്, ശ്രവിച്ചും കീർത്തിച്ചും പൂർണത കൈവന്ന ഭക്തിയുതസേവനത്തിലൂടെ അങ്ങയെക്കുറിച്ച് മനസ്സിലാക്കാനിടവരികയും എളുപ്പത്തിൽ അങ്ങയിൽ ശരണാഗതിയടയാനും അങ്ങയുടെ പരമപദം പ്രാപിക്കുവാനും കഴിഞ്ഞു.

**ശ്ലോകം 6**

**തഥാപി ഭൂമൻമഹിമാഗുണസ്യ തേ വിബോദ്ധുമർഹത്യമലാന്തരാത്മഭിഃ**
**അവിക്രിയാത് സ്വാനുഭവാദരൂപതോ ഹ്യനന്യബോദ്ധ്യാത്മതയാ ന ചാന്യഥാ**

**വിവർത്തനം**

എങ്കിലും ഭക്തിഹീനർക്ക് അങ്ങയെ പൂർണമായ വ്യക്തിവൈശിഷ്ട്യങ്ങളോടുകൂടി സാക്ഷാത്കരിക്കാൻ സാദ്ധ്യമല്ല. എന്നിരുന്നാലും ഹൃദയത്തിലുള്ള പരമാത്മാവിനെ നേരിട്ട് കണ്ടറിയാൻ പരിശീലിക്കുകവഴി, അവിടുത്തെ വിസ്തരണമായ അവ്യക്തിസ്വരൂപത്തെ സാക്ഷാത്കരിക്കാൻ ഒരു പക്ഷേ അവർക്ക് സാധിച്ചേക്കാം. പക്ഷേ ഭൗതികവ്യത്യാസങ്ങളെ നീക്കി മനസ്സിനെയും ഇന്ദ്രിയങ്ങളെയും ശുദ്ധീകരിക്കുകയും ഭൗതികസുഖാനുഭവം നൽകുന്ന വസ്തുക്കളോടുള്ള മമത ഉപേക്ഷിക്കുകയും ചെയ്താൽ മാത്രമേ ഇതും സാദ്ധ്യമാകൂ. ഇങ്ങനെയാണെങ്കിൽ മാത്രമേ അങ്ങയുടെ അവ്യക്തിഗതരൂപം അവർക്ക് വെളിപ്പെടുകയുള്ളൂ.

**ശ്ലോകം 7**

**ഗുണാത്മനസ്തേ£ പി ഗുണാൻ വിമാതും**
**ഹിതാവതീർണസ്യ ക ഈശിരേസ്യ**
**കാലേന യൈർവാ വിമിതാഃ സുകല്പൈർ**
**ഭൂപാംശവഃ ഖേ മിഹികാ ദ്യുഭാസഃ**

**വിവർത്തനം**

കാലം പോകെപ്പോകെ ഭൂമിയിലെ മൺതരികളെയും മഞ്ഞുകണങ്ങളെയും എന്തിന് സൂര്യചന്ദ്രനക്ഷത്രങ്ങളാകുന്ന ജ്യോതിർഗ്ഗോളങ്ങളിൽ നിന്നു പ്രസരിക്കുന്ന

**പ്രകാശരശ്മികളെപ്പോലും വിദ്വാന്മാരായ തത്ത്വചിന്തകരോ ശാസ്ത്രജ്ഞന്മാരോ എണ്ണിത്തീർത്തയ്ക്കാം. പക്ഷേ സർവ്വജീവജാലങ്ങളുടേയും നന്മക്കായി ഭൂമണ്ഡലത്തിലവതരിച്ച പരമദിവ്യോത്തമപുരുഷനായ അങ്ങയുടെ അളവറ്റ അതീന്ദ്രിയഗുണങ്ങൾ ആർക്കാണ് എണ്ണിത്തീർക്കാൻ കഴിയുക?**

**ശ്ലോകം 8**

***തത്തേഽനുകമ്പാം സുസമീക്ഷമാണോ***
***ഭുഞ്ജാന ഏവാത്മകൃതം വിപാകം***
***ഹൃദ്വാഗ്വപുർഭിർവിദധന്നമസ്തേ***
***ജീവേത യോ മുക്തിപദേ സ ദായഭാക്***

**വിവർത്തനം**

**പ്രിയപഭോ, പൂർവ്വജന്മദുഷ്കൃതികളുടെ ഫലങ്ങളൊക്കെ ക്ഷമയോടെ അനുഭവിച്ചുകൊണ്ട്, മനസാ വാചാ കർമ്മണാ അങ്ങയെ സാദരം പ്രണമിച്ചുകൊണ്ട് അങ്ങയുടെ അഹൈതുകമായ കാരുണ്യത്തിനായി കാത്തിരിക്കുന്ന ഒരുവൻ മോക്ഷത്തിനർഹനാണ്. കാരണം അതവന്റെ ന്യായമായ അവകാശമായി ഭവിച്ചിരിക്കുന്നു.**

**ശ്ലോകം 9**

***പശ്യേശ മേഽ നാര്യമനന്ത ആദ്യേ***
***പരാത്മനി ത്വയ്യപി മായിമായിനി***
***മായാം വിതത്യേക്ഷിതുമാത്മവൈഭവം***
***ഹ്യഹം കിയാനൈച്ഛമിവാർച്ചിരഗ്നൗ***

**വിവർത്തനം**

**പ്രഭോ, എന്റെ സംസ്കാരശൂന്യമായ ധാർഷ്ട്യം നോക്കിയാലും! അങ്ങയുടെ ശക്തി പരീക്ഷിക്കാനായി ഞാൻ എന്റെ മായാശക്തികൊണ്ട് അങ്ങയെ മൂടാൻ ശ്രമിച്ചു. അങ്ങോ, മായാ പ്രയോഗകുശലന്മാരെപ്പോലും വിഭ്രമിപ്പിക്കുന്ന, ആദ്യന്തരഹിതനും പുരാണപുരുഷനുമായ പരമാത്മാവ്! അങ്ങയുടെ മുന്നിൽ ഞാനാര്!**

മഹാപാവകന്റെ സാന്നിദ്ധ്യത്തിൽ ഒരു കുഞ്ഞു തീപ്പൊരിയെന്നപോലെയാണ് ഞാൻ.

<u>ശ്ലോകം 10</u>

*അതഃ ക്ഷമസ്വാച്യുത മേ രജോഭുവേ*
*ഹ്യജാനതസ്ത്വത്പൃഥഗീശമാനിനഃ*
*അജാവലേപാന്ധതമോഽന്ധ ചക്ഷുഷ*
*ഏഷോഽ നുകമ്പ്യോ മയി നാഥവാനിതി*

വിവർത്തനം

അതുകൊണ്ട് ഹേ, അച്യുതനായ ഭഗവാനേ, ദയവായി എന്റെ തെറ്റുകൾ പൊറുത്താലും. രജോഗുണത്തിൽ പിറന്നവനാകയാൽ ഞാൻ വെറും വിഡ്ഢിയും, അങ്ങയിൽ നിന്നു ഭിന്നനായി സ്വതന്ത്രനായ നിയന്താവാണെന്നു കരുതുന്നവനുമായിത്തീർന്നു. അജ്ഞാനതിമിരത്താൽ കണ്ണുകൾ മൂടിയിരിക്കുന്നതിനാൽ, ജന്മരഹിതനായ പ്രപഞ്ച സ്രഷ്ടാവാണ് ഞാൻ എന്ന് സ്വയം ചിന്തിച്ചുപോയി. എന്നിരുന്നാലും അങ്ങയുടെ സേവകനെന്ന പരിഗണന നല്കി അങ്ങയുടെ കാരുണ്യത്തിന് എന്നെ അർഹനാക്കിത്തീർക്കേണമേ.

<u>ശ്ലോകം 11</u>

*ക്വാഹം തമോമഹദഹംഖചരാഗ്നിവാർഭൂ-*
*സംവേഷ്ടിതാണ്ഡഘടസപ്തവിതസ്തികായഃ*
*ക്വേദൃഗ്വിധാവിഗണിതാണ്ഡപരാണുചര്യാ-*
*വാതാധ്വരോമവിവരസ്യ ച തേ മഹിത്വം*

വിവർത്തനം

എന്റെ കൈയുടെ ഏഴളവു നീളം മാത്രമുള്ള ഒരു ചെറിയ ജീവിയായ ഞാനെവിടെ നില്ക്കുന്നു? പ്രകൃതി, മഹത്തത്ത്വം, മിത്ഥ്യാഹങ്കാരം, ആകാശം, വായു, ജലം, അഗ്നി, ഭൂമി എന്നിവയാൽ നിർമ്മിതമായ ഒരു കുടം പോലുള്ള ഈ പ്രപഞ്ചത്തിനുള്ളിൽ ഞാൻ അകപ്പെട്ടിരിക്കുന്നു. എന്നാൽ അങ്ങയുടെ മഹത്ത്വം എവിടെ നില്ക്കുന്നു? ഒരു തിരശ്ശീലയിട്ട ജനാലയുടെ ദ്വാരങ്ങളിലൂടെ അണുപടലം കടന്നുപോകുംപോലെ

**അങ്ങയുടെ രോമകൂപങ്ങളിലൂടെ സംഖ്യയില്ലാത്തത്ര പ്രപഞ്ചങ്ങൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു**

**<u>ശ്ലോകം 12</u>**

***ഉത്ക്ഷേപണം ഗർഭഗതസ്യ പാദയോഃ***
***കിം കല്പതേ മാതുരധോക്ഷജാഗസേ***
***കിമസ്തിനാസ്തിവ്യപദേശഭൂഷിതം***
***തവാസ്തി കുക്ഷേഃ കിയദപ്യനന്തഃ***

**വിവർത്തനം**

**അധോക്ഷജനായ ഹേ ഭഗവാനേ, ഗർഭസ്ഥശിശു ഉള്ളിൽക്കിടന്ന് കാലിളക്കി ചവിട്ടിയാൽ അമ്മയ്ക്കത് അപരാധമായിത്തോന്നുമോ? പ്രപഞ്ചത്തിലുള്ളതെന്തെങ്കിലും - അവ സത്യമെന്നും മിഥ്യയെന്നുമൊക്കെ വിവിധ തത്ത്വചിന്തകർ വിലയിരുത്തുന്നതാണെങ്കിലും - അങ്ങയുടെ ഉദരത്തിനു വെളിയിൽ സ്ഥിതി ചെയ്യുന്നുണ്ടോ?**

**<u>ശ്ലോകം 13</u>**

***ജഗത്ത്രയാന്തോദധിസംപ്ലവോദേ***
***നാരായണസ്യോദരനാഭിനാളാത്***
***വിനിർഗ്ഗതോ£ ജസ്ത്വിതി വാങ് ന വൈ മൃഷാ***
***കിന്ത്വീശ്വര ത്വന്ന വിനിർഗതോ£സ്മി***

**വിവർത്തനം**

**പ്രിയപ്പെട്ട ഭഗവൻ, പ്രളയകാലത്ത് ത്രിലോകങ്ങളും ജലത്തിലാണ്ടുപോകുമ്പോൾ അങ്ങയുടെ സമ്പൂർണാംശമായ നാരായണൻ ജലോപരിതലത്തിൽ പൊങ്ങിക്കിടക്കുന്നു. ക്രമേണ അദ്ദേഹത്തിന്റെ നാഭിയിൽ നിന്ന് ഒരു താമരത്തണ്ട് വളർന്നു വരുന്നു. ആ താമരപ്പൂവിൽ നിന്ന് ബ്രഹ്മാവ് ജനിക്കുന്നു. ഈ വാക്കുകളൊന്നും നിശ്ചയമായും കളവല്ല. അതിനാൽ ഞാൻ അങ്ങയിൽ നിന്നും ജനിച്ചവനല്ലേ?**

**ശ്ലോകം 14**

*നാരായണസ്ത്വം ന ഹി സർവ്വദേഹിനാം*
*ആത്മാസ്യധീശാഖിലലോകസാക്ഷീ*
*നാരായണോ£ംഗം നരഭൂജലായനാത്*
*തച്ചാപി സത്യം ന തവൈവ മായാ*

**വിവർത്തനം**

**ഹേ പരമനിയന്താവേ, സാക്ഷാൽ നാരായണൻ അങ്ങു തന്നെയല്ലേ? കാരണം എല്ലാ ശരീരികളുടെയും ആത്മാവും എല്ലാ സൃഷ്ടിയുടെയും ശാശ്വതമായ സാക്ഷിയും അങ്ങാണല്ലോ. ഭഗവാൻ നാരായണൻ അങ്ങയുടെ വിസ്തരണമാണ്. പ്രപഞ്ചത്തിലെ കാരണജലം തന്നിൽ നിന്നു പുറപ്പെടുകമൂലമാണ് അദ്ദേഹത്തെ നാരായണനെന്നു വിളിക്കുന്നത്. അദ്ദേഹം സത്യമാണ്. നിന്തിരുവടിയുടെ ഐന്ദ്രജാലകമായ മായയുടെ ഉൽപ്പന്നമല്ല.**

**ശ്ലോകം 15**

*തച്ചേജ്ജലസ്ഥം തവ സജ്ജഗദ്വപുഃ*
*കിം മേ ന ദൃഷ്ടം ഭഗവംസ്തദൈവ*
*കിം വാ സുദൃഷ്ടം ഹൃദി മേ തദൈവ*
*കിം നോ സപദ്യേവ പുനർവ്യദർശി*

**വിവർത്തനം**

**എന്റെ പ്രിയപ്പെട്ട ഭഗവാനേ, പ്രപഞ്ചങ്ങൾക്കെല്ലാം ആശ്രയമേകുന്ന അങ്ങയുടെ അതീന്ദ്രിയശരീരം ശരിക്കും ജലോപരി ശയിക്കുന്നുണ്ടെങ്കിൽ ഞാനന്വേഷിച്ചപ്പോൾ എനിക്കെന്തുകാണ്ട് കാണാൻ കഴിഞ്ഞില്ല? എന്നാൽ ഹൃദയത്തിനുള്ളിൽ എനിക്ക് കൃത്യമായി സങ്കൽപ്പിക്കാൻ കഴിയാതെ വന്നിട്ടും അങ്ങെങ്ങനെ പെട്ടെന്നെന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടു?**

**ശ്ലോകം 16**

*അത്രൈവ മായാധമനാവതാരേ*
*ഹ്യസ്യ പ്രപഞ്ചസ്യ ബഹിഃ സ്ഫുടസ്യ*

*കൃത്സ്നസ്യ ചാന്തർജ്ജഠരേ ജനന്യാ*
*മായാത്വമേവ പ്രകടീകൃതം തേ*

**വിവർത്തനം**

**എന്റെ പ്രിയപ്പെട്ട ഭഗവാനേ, മായയുടെ പരമനിയന്താവാണങ്ങെന്ന് ഈ അവതാരത്തിൽ അവിടുന്നു തെളിയിച്ചു. ഈ പ്രപഞ്ചപ്രത്യക്ഷത്തിൽ നില കൊള്ളുമ്പോഴും സൃഷ്ടി മുഴുവൻ അങ്ങയുടെ ജഠരത്തിൽ യശോദാമാതാവിനു കാട്ടിക്കൊടുത്തതിലൂടെ ഈ സത്യം അങ്ങ് തെളിയിച്ചു കഴിഞ്ഞു.**

**<u>ശ്ലോകം 17</u>**

*യസ്യ കുക്ഷാവിദം സർവ്വം സാത്മം ഭാതി യഥാ തഥാ*
*തത്ത്വയ്യപീഹ തത്സർവ്വം കിമിദം മായയാ വിനാ*

**വിവർത്തനം**

**അങ്ങുൾപ്പെടെയുള്ള ഈ പ്രപഞ്ചം മുഴുവനും അങ്ങയുടെ ഉദരത്തിൽ എങ്ങിനെകാണപ്പെട്ടുവോ അതേപോലെ അതേ രൂപത്തിൽ ഇപ്പോൾ ഇവിടെ പുറത്ത് കാണപ്പെടുന്നു. അങ്ങയുടെ സങ്കല്പാതീതമായ ശക്തിയുടെ ഏർപ്പാടല്ലെങ്കിൽ ഇതൊക്കെ എങ്ങനെ സംഭവിക്കും**

**<u>ശ്ലോകം 18</u>**

*അദ്യൈവ ത്വദൃതേഽസ്യ കിം മമ ന തേ മായാത്വമാദർശിതം*
*ഏകോഽസി പ്രഥമം തതോ വ്രജസുഹൃദ്വത്സാഃ സമസ്താ അപി*
*താവാന്തോഽസി ചതുർഭുജാസ്തദഖിലൈഃ സാകം മയോപാസിതാസ്*
*താവന്ത്യേവ ജഗന്ത്യഭൂസ്തദമിതം ബ്രഹ്മാദ്വയം ശിഷ്യതേ*

**വിവർത്തനം**

**അങ്ങും ഈ സൃഷ്ടിക്കുള്ളിലുള്ള സർവ്വവും അങ്ങയുടെ സങ്കല്പാതീതമായ ശക്തിയുടെ പ്രകടനമാണെന്ന് ഇന്നെനിക്ക് കാണിച്ചു തന്നില്ലേ?. ആദ്യം ഭവാൻ**

**ഒറ്റയ്ക്കു പ്രത്യക്ഷപ്പെട്ടു. തുടർന്ന് അങ്ങയുടെ ചങ്ങാതികളായും പശുക്കുട്ടികളായും സ്വയം പ്രദർശിപ്പിച്ചു. അതു കഴിഞ്ഞപ്പോൾ ഞാനുൾപ്പെടെയുള്ള എല്ലാ ജീവജാലങ്ങളാലും ആരാധിക്കപ്പെട്ടുകൊണ്ടിരുന്ന ചതുർഭുജ വിഷ്ണുരൂപങ്ങളായി അങ്ങ് പ്രത്യക്ഷമായി. പിന്നീട് അങ്ങ് തുല്യസംഖ്യയുള്ള പൂർണപ്രപഞ്ചങ്ങളായി പ്രത്യക്ഷപ്പെട്ടു. അവസാനമായി ഇപ്പോഴിതാ അങ്ങ് അങ്ങയുടെ അളവില്ലാത്ത പരമമായ നിരപേക്ഷ സത്യത്തിന്റെ അദ്വയമായ രൂപത്തിലേക്ക് തിരിച്ചുവന്നിരിക്കുന്നു.**

**ശ്ലോകം 19**

***അജാനതാം ത്വത്പദവീമനാത്മന്യ***
***ആത്മാത്മനാ ഭാസി വിതത്യ മായാം***
***സൃഷ്ടാവിവാഹം ജഗതോ വിധാന***
***ഇവ ത്വമേഷോ£ ന്ത ഇവ ത്രിനേത്രഃ***

**വിവർത്തനം**

**അങ്ങയുടെ യഥാർത്ഥ അതീന്ദ്രിയ പദവിയെക്കുറിച്ചറിവില്ലാത്തവർ, അങ്ങ് സ്വന്തം അമേയശകതിയാൽ സൃഷ്ടിച്ച ഭൗതിക പ്രപഞ്ചത്തിന്റെ ഭാഗമാണെന്ന് കരുതുന്നു. പ്രപഞ്ചത്തിന്റെ സൃഷ്ടിയ്ക്കായി നിന്തിരുവടി ഞാനായും ( ബ്രഹ്മാവ് ), പരിപാലനത്തിനായി അങ്ങുതന്നെ ( വിഷ്ണു )വായും, അതിൻ്റെ നാശത്തിനായി മുക്കണ്ണനായും ( ശിവൻ ) അങ്ങ് പ്രത്യക്ഷപ്പെടുന്നു.**

**ശ്ലോകം 20**

***സുരേഷ്വൃഷിഷ്വീശ തഥൈവ നൃഷ്വപി***
***തിര്യക്ഷു യാദഃസ്വപി തേ£ ജനസ്യ***
***ജന്മാസതാം ദുർമ്മദനിഗ്രഹായ***
***പ്രഭോ വിധാതഃ സദനുഗ്രഹായ ച***

**വിവർത്തനം**

**ഹേ പ്രഭോ, ഹേ മഹാ സൃഷ്ടികർത്താവേ, ഹേ ഈശ്വരാ, അങ്ങേയ്ക്ക് ഭൗതികജന്മമില്ല. എന്നിരുന്നാലും അവിശ്വാസികളായ അസുരന്മാരുടെ ദുർമ്മദം**

**നശിപ്പിക്കാനും, സജ്ജനങ്ങളായ ഭക്തന്മാരിൽ കരുണ കാണിക്കാനുമായി അങ്ങ് ദേവന്മാരിലും ഋഷിമാരിലും മനുഷ്യരിലും മൃഗങ്ങളിലും ജലജീവികളിൽ പോലും ജന്മമെടുക്കുന്നു.**

## ശ്ലോകം 21

*കോ വേത്തി ഭൂമൻ ഭഗവൻ പരാത്മൻ*
*യോഗേശ്വരോതീർഭവതസ്ത്രിലോക്യാം*
*ക്വ വാ കഥം വാ കതി വാ കദേതി*
*വിസ്താരയൻ ക്രീഡസി യോഗമായാം*

**വിവർത്തനം**

**അല്ലയോ മഹാപരമപുരുഷാ, അല്ലയോ പരമദിവ്യോത്തമപുരുഷാ, അല്ലയോ പരമാത്മാവേ, എല്ലാ നിഗൂഢ ശക്തികൾക്കുമുടയവനേ, അങ്ങയുടെ ലീലാവിലാസങ്ങൾ മൂവുലകിലും അവിരാമമായി നടന്നുകൊണ്ടിരിക്കുകയാണെങ്കിലും എവിടെ, എപ്രകാരം, എപ്പോൾ ആ ആത്മീയശക്തി പ്രസരിപ്പിച്ച് അങ്ങ് ലീലകൾ നടത്തുന്നുവെന്ന് ആർക്കാണറിയുക? അങ്ങയുടെ ആത്മീയശക്തി പ്രവർത്തിക്കുന്ന നിഗൂഢമാർഗം അർക്കുമറിയില്ലതന്നെ.**

## ശ്ലോകം 22

*തസ്മാദിദം ജഗദശേഷമസത്സ്വരൂപം*
*സ്വപ്നാഭമസ്തധിഷണം പുരുദുഃഖദുഃഖം*
*ത്വയ്യേവ നിത്യസുഖബോധ തനാവനന്തേ*
*മായാത ഉദ്യദപി യത് സദിവാവഭാതി*

**വിവർത്തനം**

**അതിനാൽ സ്വപ്നസന്നിഭമായ ഈ പ്രപഞ്ചം അവാസ്തവികമാണ്. പക്ഷേ അത് സത്യമെന്നപോൽ കാണപ്പെടുകയും ബോധത്തെ മൂടിക്കളയുകയും വ്യഥകൾ ആവർത്തിച്ചുതന്ന് ആക്രമിക്കുകയും ചെയ്യുന്നു. ഈ പ്രപഞ്ചം സത്യമായി**

**കാണപ്പെടുന്നത് അത് അങ്ങയുടെ മായാശക്തിയിൽ നിന്നുത്ഭവിച്ചതാകയാലാണ്. അങ്ങയുടെ എണ്ണമില്ലാത്ത അതീന്ദ്രിയരൂപങ്ങളൊക്കയും നിത്യമായ സന്തോഷവും ജ്ഞാനവും നിറഞ്ഞതാണ്.**

**ശ്ലോകം 23**

*ഏകസ്ത്വമാത്മാ പുരുഷഃ പുരാണഃ*
*സത്യഃ സ്വയം ജ്യോതിരനന്ത ആദ്യഃ*
*നിത്യോ£ക്ഷരോ£ജസ്രസുഖോ നിരഞ്ജനഃ*
*പൂർണാ£ ദ്വായോ മുക്ത ഉപാധിതോ£ മൃതഃ*

**വിവർത്തനം**

**ഏകനായ പരമാത്മാവും ആദിപുരുഷനും സ്വയം വിളങ്ങുന്ന, ആദിയുമന്തവുമില്ലാത്ത നിരപേക്ഷസത്യവും അങ്ങു തന്നെയാണ്. ശാശ്വതനും ച്യുതിയില്ലാത്തവനും കുറ്റമറ്റ പൂർണനുമാണങ്ങ്. ശത്രുരഹിതനായ അങ്ങ് ഭൗതികോപാധികളിൽനിന്നു മുക്തനാണ്. അങ്ങയുടെ സുഖത്തിനൊരിക്കലും തടസ്സം നേരിടുന്നില്ല. ഭൗതികമാലിന്യമേതും അങ്ങയെ ഏശുന്നില്ല. നാശരഹിതനും അമരത്വത്തിന്റെ അമൃതസ്വരൂപനും അങ്ങുതന്നെ.**

**ശ്ലോകം 24**

*ഏവം വിധം ത്വാം സകലാത്മനാപി*
*സ്വാത്മാനമാത്മാത്മതയാ വിചക്ഷതേ*
*ഗുർവ്വർക്ക ലബ്ധോപനിഷത് സുചക്ഷുഷാ*
*യേ തേ തരന്തീവ ഭവാനൃതാംബുധിം*

**വിവർത്തനം**

**സുര്യനെപ്പോലുള്ള ഗുരുവിൽ നിന്ന് വ്യക്തമായ ജ്ഞാനദൃഷ്ടി ലഭിച്ചവർക്ക് അങ്ങയെ ഏവരുടെയും ആത്മാവിന്റെ ആത്മാവായ പരമാത്മാവായി കാണാൻ കഴിവുണ്ടാകുന്നു. ഇങ്ങനെ അങ്ങയുടെ മൂലസ്വരൂപം മനസ്സിലാക്കിയ അവർക്ക് മായികമായ ഭൗതികജീവിതത്തിന്റെ സാഗരം തരണം ചെയ്യാൻ സാധിക്കുന്നു.**

## ശ്ലോകം 25

*ആത്മാനമേവാത്മതയാവിജാനതാം*
*തേനൈവ ജാതം നിഖിലം പ്രപഞ്ചിതം*
*ജ്ഞാനേന ഭൂയോ£ പി ച തത്പ്രലീയതേ*
*രജ്ജ്വാമഹോർഭോഗ ഭവാഭവൗ യഥാ*

**വിവർത്തനം**

**കയറിനെക്കണ്ട് പാമ്പാണെന്നു തെറ്റിദ്ധരിക്കുന്നവൻ ഭയപ്പെടുകയും അങ്ങനെയൊരു പാമ്പില്ലെന്നു തിരിച്ചറിയുമ്പോൾ ആ ഭയമുപേക്ഷിക്കുകയും ചെയ്യും. അതുപോലെ അങ്ങയെ എല്ലാ ആത്മാക്കൾക്കും പരമാത്മാവായി തിരിച്ചറിയുന്നതിൽ പരാജയപ്പെടുന്നവർക്ക് ഈ വിശാലവും മായികവുമായ ഭൗതികാസ്തിത്വം ഉടലെടുക്കുന്നു. നിന്തിരുവടിയെക്കുറിച്ച് ജ്ഞാനം നേടിയാൽ അത് ഉടനെ ഇല്ലാതായിത്തീരുകയും ചെയ്യും.**

## ശ്ലോകം 26

*അജ്ഞാനസംജ്ഞൗ ഭവബന്ധമോക്ഷൗ*
*ദ്വൗ നാമ നാന്യൗ സ്ത ഋതജ്ഞഭാവാത്*
*അജസ്ര ചിത്യാത്മനി കേവലേ പരേ*
*വിചാര്യമാണേ തരണാവിവാഹനീ*

**വിവർത്തനം**

**സംസാരബന്ധത്തെക്കുറിച്ചും മോക്ഷത്തെക്കുറിച്ചുമൊക്കെയുള്ള സങ്കല്പങ്ങളെല്ലാം ജനിക്കുന്നത് അജ്ഞാനത്തിൽ നിന്നാണ്. യഥാർത്ഥ ജ്ഞാനത്തിൽ അധിഷ്ഠിതമല്ലാത്ത ഈ സങ്കല്പങ്ങളൊക്കെയും ആത്മാവ് പദാർത്ഥത്തിൽ നിന്നു ഭിന്നമാണെന്നും എപ്പോഴും പൂർണ്ണബോധത്തിൽ സ്ഥിതി ചെയ്യുന്നുവെന്നും വ്യക്തമായി മനസ്സിലാക്കിക്കഴിയുമ്പോൾ ഇല്ലാതാകും. അപ്പോൾ സൂര്യന്റെ വീക്ഷണത്തിൽ പകലിനും രാത്രിക്കും പ്രസക്തിയില്ലാത്തതുപോലെ ബന്ധനത്തിനും മുക്തിക്കും ഒരു പ്രാധാന്യവുമുണ്ടാവില്ല.**

ശ്ലോകം 27

*ത്വാമാത്മാനം പരം മത്വാ പരമാത്മാനമേവ ച*
*ആത്മാ പുനർബഹിർമൃഗ്യ അഹോ£ ജ്ഞജനതാജ്ഞതാ*

**വിവർത്തനം**

**അങ്ങ് മായയുടെ ശക്തിമൂലം കാണപ്പെടുന്ന എന്തോ ആണെന്നും, അങ്ങു തന്നെയായ ആത്മാവിനെ ഭൗതികശരീരമായും കരുതുന്ന അജ്ഞാനികളായ മനുഷ്യരുടെ വിഡ്ഢിത്തം നോക്കുക, പരമാത്മാവിനെ ഭഗവാന്റെ പരമവ്യക്തിത്വത്തിനതീതമായ എങ്ങോ ആണ് തിരയേണ്ടതെന്ന നിഗമനത്തിലാണ് അവരെത്തിച്ചേരുന്നത്.**

ശ്ലോകം 28

**അന്തർഭവേ£നന്ത ഭവന്തമേവ**
**ഹ്യതത്ത്യജന്തോ മൃഗയന്തി സന്തഃ**
**അസന്തമപ്യന്ത്യഹിമന്തരേണ**
**സന്തം ഗുണം തം കിമു യന്തി സന്തഃ**

**വിവർത്തനം**

**ഹേ അമേയനായ ഭഗവാനേ, സജ്ജനങ്ങൾ അങ്ങിൽ നിന്ന് വ്യത്യസ്തമായ എല്ലാറ്റിനെയും നിരാകരിച്ചുകൊണ്ട് അങ്ങയെ തങ്ങളുടെ സ്വന്തം ഉള്ളിൽ തിരയുന്നു. വിവേകികളായ മനുഷ്യർ കയറിനെ പാമ്പെന്നു ഭ്രമിക്കുന്നത് ഉപേക്ഷിച്ചില്ലെങ്കിൽ കയറിന്റെ യഥാർത്ഥ സ്വഭാവം അംഗീകരി ക്കുന്നതെങ്ങനെയാണ്?**

ശ്ലോകം 29

*അഥാപി തേ ദേവ പദാംബുജദ്വയ*
*പ്രസാദലേശാനുഗൃഹീത ഏവ ഹി*

*ജാനാതി തത്ത്വം ഭഗവന്മഹിമ്നോ*
*ന ചാന്യ ഏകോഽപി ചിരം വിചിന്വൻ*

**വിവർത്തനം**

**എന്റെ ഭഗവാനേ, ഒരുവന് അങ്ങയുടെ പാദാരവിന്ദങ്ങളുടെ കരുണാലവലേശം ലഭിക്കാൻ ഭാഗ്യമുണ്ടായാൽ, അയാൾക്ക് അങ്ങയുടെ മഹത്ത്വം മനസ്സിലാക്കാൻ സാധിക്കും. പക്ഷേ അങ്ങയെ മനസ്സിലാക്കാൻവേണ്ടി മനനം ചെയ്തുകൂട്ടുന്നവർ വർഷങ്ങളോളും വേദാഭ്യാസം തുടർന്നാൽപ്പോലും അങ്ങയെ അറിയുന്നില്ല.**

**<u>ശ്ലോകം 30</u>**

*തദസ്തു മേ നാഥ, സ ഭൂരിഭാഗോ*
*ഭവേഽത്ര വാന്യത്ര തു വാ തിരശ്ചാം*
*യേനാഹമേകോഽ പി ഭവജ്ജനാനാം*
*ഭൂത്വാ നിഷേവേ തവ പാദപല്ലവം*

**വിവർത്തനം**

**എന്റെ പ്രിയപ്പെട്ട ഭഗവാനേ, ബ്രഹ്മാവിന്റെ അവസ്ഥയിലുള്ള ഈ ജന്മത്തിലും, ഏതു രൂപത്തിലുള്ളതായാലും മറ്റു ജന്മങ്ങളിലും അങ്ങയുടെ ഭക്തനായി കണക്കാക്കപ്പെടാനുള്ള ഭാഗ്യം സിദ്ധിക്കണേ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. എവിടെയാണെങ്കിലും, മൃഗവംശത്തിലാണെങ്കിൽപ്പോലും അങ്ങയുടെ പാദപങ്കജങ്ങൾക്ക് ഭക്തിയുതസേവനം ചെയ്തു കഴിയാൻ എനിക്കു സാധിക്കണേ എന്നു പ്രാർത്ഥിക്കുന്നു.**

**ശ്ലോകം 31**

*അഹോഽ തിധന്യാ വ്രജ ഗോരമണ്യഃ*
*സ്തന്യാമൃതം പീതമതീവ തേ മുദാ*
*യാസാം വിഭോ വത്സതരാത്മജാത്മനാ*
*യത്തൃപ്തയേഽദ്യാപി ന ചാലമധ്വരാഃ*

**വിവർത്തനം**

**ഹേ മഹാശക്തനായ ഭഗവാനേ, പശുക്കുട്ടികളുടെയും ഗോപകുമാരന്മാരുടെയും രൂപമെടുത്ത് അങ്ങ് ആരുടെ മുലപ്പാലാകുന്ന അമൃതം തൃപ്തിവരുവോളം സന്തോഷത്തോടെ കുടിച്ചുവോ ആ പശുക്കളും ഗോപസ്ത്രീകളും എത്രയധികം ഭാഗ്യം സിദ്ധിച്ചവരാണ്! അനാദികാലം മുതൽ ഇന്നുവരെ അനുഷ്ഠിക്കപ്പെട്ടിട്ടുള്ള യജ്ഞകർമ്മങ്ങളൊന്നും തന്നെ അങ്ങേക്കിത്രയും തൃപ്തി നൽകിയിട്ടുണ്ടാവില്ല.**

**ശ്ലോകം 32**

***അഹോ ഭാഗ്യമഹോ ഭാഗ്യം നന്ദഗോപവ്രജൗകസാം***
***യന്മിത്രം പരമാനന്ദം പൂർണം ബ്രഹ്മ സനാതനം***

**വിവർത്തനം**

**നന്ദ മഹാരാജാവും ഗോപന്മാരും മറ്റുവ്രജവാസികളും എത്ര വലിയ ഭാഗ്യശാലികളാണ്! നിരപേക്ഷസത്യവും പരമാനന്ദത്തിന്റെ ഉറവിടവും സനാതന പരബ്രഹ്മവുമായ ഭഗവാൻ സുഹൃത്തായിത്തീർന്നിരിക്കുന്നതിനാൽ അവരുടെ സൗഭാഗ്യത്തിനതിരില്ല.**

**ശ്ലോകം 33**

***ഏഷാം തു ഭാഗ്യമഹിമാച്യുത താവദാസ്താം***
***ഏകാദശൈവ ഹി വയം ബത ഭൂരിഭാഗാഃ***
***ഏതദ്ധൃഷീകചഷകൈരസകൃത്പിബാമഃ***
***ശർവാദയോ£ങ്ഘ്ര്യുദജമധ്വമൃതാസവം തേ***

**വിവർത്തനം**

**ഈ വൃന്ദാവനവാസികളുടെ മഹാഭാഗ്യത്തിന്റെ അതിരുകൾ അളക്കാവുന്നതല്ല. എങ്കിലും പരമശിവന്റെ നേതൃത്വത്തിലുള്ള ഇന്ദ്രിയാധിഷ്ഠാന ദേവതകളായ ഞങ്ങൾ പതിനൊന്നുപേരും മഹാഭാഗ്യശാലികൾ തന്നെ, കാരണം ഈ വ്രജവാസികളുടെ ഇന്ദ്രിയങ്ങളാകുന്ന പാനപാത്രങ്ങൾകൊണ്ട് ഞങ്ങൾ അങ്ങയുടെ പാദകമലങ്ങളിൽ നിന്നൂറുന്ന മധുവാകുന്ന അമൃതരൂപത്തിലുള്ള മദിപ്പിക്കുന്ന ആസവം വീണ്ടും വീണ്ടും നുകരുന്നു.**

## ശ്ലോകം 34

*തദ് ഭൂരിഭാഗ്യമിഹ ജന്മ കിം അപ്യടവ്യാം*
*യദ്ഗോകുലേ£ പി കതമാംഘ്രിരജോ£ ഭിഷേകം*
*യജ്ജീവിതം തു നിഖിലം ഭഗവാൻ മുകുന്ദസ്*
*ത്വദ്യാപി യത്പദരജഃ ശ്രുതിമൃഗ്യമേവ*

**വിവർത്തനം**

**ഈ ഗോകുലത്തിലെ വനത്തിൽ ഏതെങ്കിലുമൊരു രൂപത്തിൽ ജന്മമെടുക്കുകയും ഏതെങ്കിലുമൊരു വൃന്ദാവനവാസിയുടെ പാദധൂളി ശിരസ്സിലേൽക്കുകയും ചെയ്യുക എന്നതായിരിക്കും എനിക്കു ലഭിക്കാവുന്ന പരമോന്നതമായ ഭാഗ്യം. വേദമന്ത്രങ്ങളിൽ ആരുടെ പാദധൂളിയാണോ അന്വേഷിച്ചു കൊണ്ടിരിക്കുന്നത്, ആ മുകുന്ദനാണ് അവരുടെ ജീവിതസർവ്വസ്വമായിരിക്കുന്നത്.**

## ശ്ലോകം 35

*ഏഷാം ഘോഷനിവാസിനാമുത ഭവാൻ കിം ദേവ രാതേതി നശ്-*
*ചേതോ വിശ്വഫലാത്ഫലം ത്വദപരം കുത്രാപ്യയന്മുഹ്യതി*
*സദ്വേഷാദിവ പൂതനാപി സകുലാ ത്വാമേവ ദേവാപിതാ*
*യദ്ധാമാർത്ഥ സുഹൃത്പ്രിയാത്മ തനയ പ്രാണാശയാസ്ത്വത്കൃതേ*

**വിവർത്തനം**

**അങ്ങയെക്കാൾ വലുതായി എന്തെങ്കിലും നേട്ടം എവിടെയെങ്കിലും ഉണ്ടാകുമോ എന്നാലോചിക്കുമ്പോൾത്തന്നെ എന്റെ മനസ്സ് വിഭ്രമത്തിലാഴുന്നു. എല്ലാ വരങ്ങൾക്കും ഉറവിടമായ അങ്ങ് അവ വൃന്ദാവനവാസികളായ ഗോപവൃന്ദങ്ങളുടെ മേൽ ചൊരിയുന്നു. ഭക്തയുടെ വേഷം കെട്ടിയതിനുപകരമായി പൂതനയ്ക്കും അവളുടെ കുടുംബാംഗങ്ങൾക്കും അങ്ങ് അങ്ങയെത്തന്നെ നൽകുവാൻ ഏർപ്പാടുചെയ്തുകഴിഞ്ഞു. അപ്പോൾപ്പിന്നെ തങ്ങളുടെ വീടുകളും സമ്പത്തും മിത്രങ്ങളും ബന്ധുക്കളും ശരീരങ്ങളും സന്താനങ്ങളും എന്നുവേണ്ട പ്രാണനും ഹൃദയവും തന്നെ അങ്ങേയ്ക്കായി സമർപ്പിച്ച ഈ വൃന്ദാവനവാസികൾക്കായി നൽകാൻ അങ്ങേയ്ക്കെന്താണു ബാക്കിയുള്ളത്.**

**<u>ശ്ലോകം 36</u>**

***താവാദ് രാഗാദയഃ സ്തേനാസ് താവത്കാരാഗൃഹം ഗൃഹം***
***താവന്മോഹോ£ംഘ്രിനിഗഡോ യാവത്കൃഷ്ണ ന തേ ജനാഃ***

**വിവർത്തനം**

**എന്റെ പ്രിയപ്പെട്ട കൃഷ്ണഭഗവാനേ, ജനങ്ങൾ അങ്ങയുടെ ഭക്തന്മാരാകുന്നതുവരെ മാത്രമേ, അവരുടെ രാഗാദിഭാവങ്ങളും ആഗ്രഹങ്ങളും മോഷ്ടാക്കളായും, അവരുടെ ഭവനങ്ങൾ തടവറകളായും, കുടുംബാംഗങ്ങളോടുള്ള മമതയും സ്നേഹവും കാൽച്ചങ്ങലകളായും ഭവിക്കുന്നുള്ളൂ.**

**<u>ശ്ലോകം 37</u>**

***പ്രപഞ്ചം നിഷ്പ്രപഞ്ചോ£ പി വിഡംബയസി ഭൂതലേ***
***പ്രപന്നജനതാനന്ദസന്ദോഹം പ്രഥിതും പ്രഭോ***

**വിവർത്തനം**

**എന്റെ പ്രിയപ്പെട്ട പ്രഭോ, ഭൗതികലോകവുമായി അങ്ങേയ്ക്ക് ഒരു ബന്ധവുമില്ലെങ്കിലും അങ്ങയെ ശരണം പ്രാപിച്ച ഭക്തർക്ക് വൈവിധ്യമാർന്ന ആഹ്ലാദനിർവൃതികൾ പകരാനായി അങ്ങ് ഈ ഭൂമിയിൽ അവതരിക്കുകയും ഭൗതികജീവിതത്തെ അനുകരിക്കുകയും ചെയ്യുന്നു.**

**<u>ശ്ലോകം 38</u>**

***ജാനന്ത ഏവ ജാനന്തു കിം ബഹൂക്ത്യാ ന മേ പ്രഭോ***
***മനസോ വപുഷോ വാചോ വൈഭവം തവ ഗോചരഃ***

**വിവർത്തനം**

**"എനിക്ക് കൃഷ്ണനെക്കുറിച്ച് എല്ലാമറിയാം" എന്നു പറയുന്നവരുണ്ട്. അവരങ്ങനെ തന്നെ കരുതിക്കോട്ടേ, എന്നെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തെക്കുറിച്ച് കൂടുതൽ സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഭഗവാനേ, ഒന്നു മാത്രം ഞാൻ പറഞ്ഞുകൊള്ളട്ടെ, അങ്ങയുടെ വൈഭവങ്ങൾ എനിക്ക് മനസ്സുകൊണ്ടോ ശരീരം കൊണ്ടോ വാക്കുകൊണ്ടാ എത്തിച്ചേരാവുന്നതല്ല.**

**<u>ശ്ലോകം 39</u>**

***അനുജാനീഹി മാം കൃഷ്ണ സർവ്വം ത്വം വേത്സി സർവദൃക്***
***ത്വമേവ ജഗതാം നാഥോ ജഗദേതത് തവാർപ്പിതം***

**വിവർത്തനം**

**എന്റെ പ്രിയപ്പെട്ട കൃഷ്ണാ, ഞാനിപ്പോൾ വിനയപൂർവ്വം അങ്ങയോട് യാത്രാനുമതി അപേക്ഷിക്കുന്നു. യഥാർത്ഥത്തിൽ എല്ലാം അറിയുന്നവനും കാണുന്നവനും അങ്ങാണ്. എല്ലാ പ്രപഞ്ചങ്ങളുടെയും നാഥനാണങ്ങ്. എങ്കിലും ഞാനീ പ്രപഞ്ചം അങ്ങേയ്ക്ക് സമർപ്പിക്കുന്നു.**

**<u>ശ്ലോകം 40</u>**

***ശ്രീകൃഷ്ണ വൃഷ്ണികുലപുഷ്കരജോഷദായിൻ***
***ക്ഷമാനിർജരദ്വിജപശൂദധിവൃദ്ധികാരിൻ***
***ഉദ്ധർമ്മ ശാർവരഹര ക്ഷിതിരാക്ഷസധ്രുഗ്***
***ആകല്പമാർക്കമർഹൻ ഭഗവൻ നമസ്തേ***

**വിവർത്തനം**

**പ്രിയപ്പെട്ട കൃഷ്ണഭഗവാനെ, താമരപോലെയുള്ള വൃഷ്ണിവംശത്തിന് അങ്ങ് ആനന്ദം പ്രദാനം ചെയ്യുന്നു. ഭൂമിയെയും ദേവന്മാരെയും ബ്രാഹ്മണരേയും പശുക്കളെയും ഉൾക്കൊള്ളുന്ന സമുദ്രങ്ങളെ അങ്ങ് അഭിവൃദ്ധിപ്പെടുത്തുന്നു.**

**അധർമ്മത്തിന്റെ തീവ്രാന്ധകാരത്തെ അങ്ങ് ദൂരികരിച്ച് ഭൂമിയിലുള്ള അസുരന്മാരെ ഹനിക്കുന്നു. അല്ലയോ പരമദിവ്യോത്തമപുരുഷാ, ഈ പ്രപഞ്ചം നിലനിൽക്കുന്ന കാലത്താളം, സൂര്യൻ പ്രകാശിക്കുന്ന കാലത്തോളം ഞാനങ്ങയെ വണങ്ങും.**

**ഹരേ കൃഷ്ണ ഹരേ കൃഷ്ണ കൃഷ്ണ കൃഷ്ണ ഹരേ ഹരേ**

**ഹരേ രാമ ഹരേ രാമ രാമ രാമ ഹരേ ഹരേ**




# ശ്രീ ജഗന്നാഥ അഷ്ടകം



**ശ്ലോകം 1**

**കദാചിത് കാളിന്ദീ തട വിപിന സംഗീതക രവോ**
**മുദാഭീരി നാരീ വദന കമലാസ്വാദ മധുപഃ**
**രമാശംഭുബ്രഹ്മാമരപതി ഗണേശാർച്ചിത പദോ**
**ജഗന്നാഥ സ്വാമി നയനപഥഗാമി ഭവതു മേ.**

**വിവർത്തനം**

**ആനന്ദാതിരേകവേളകളിൽ ജഗന്നാഥ സ്വാമി യമുനാതീരവാടികയിൽ തന്റെ പക്കലുള്ള ഓടക്കുഴലിൽ ഉച്ചസ്ഥായിയിലുള്ള സംഗീതം പൊഴിക്കുന്നു. വിടർന്ന വലിയ താമരപ്പൂവിൽനിന്നും തേൻ നുകരുന്ന വണ്ടിനെപ്പോലെ വ്രജത്തിലുള്ള**

ഗോപാലക ഗൃഹങ്ങളിലെ സുന്ദര തരുണീ മണികളുടെ മുഖകമലങ്ങളിൽ ചുംബിക്കുന്നു. ലക്ഷ്മി, ബ്രഹ്മാവ്, ശിവൻ, ഇന്ദ്രൻ, ഗണേശൻ തുടങ്ങിയ ദേവ ദേവതകൾ പോലും പാദപൂജ ചെയ്യുന്ന ആ ജഗന്നാഥസ്വാമി എനിക്കു ദർശനീയനാകട്ടെ.

**ശ്ലോകം 2**

**ഭുജേ സവ്യേ വേണും ശിരസി ശിഖി പുച്ഛം കടിതടേ**
**ദുകൂലം നേത്രാന്തേ സഹചരകടാക്ഷം വിദധതേ**
**സദാ ശ്രീമദ് വൃന്ദാവന വസതി ലീലാപരിചയോ**
**ജഗന്നാഥ സ്വാമി നയനപഥഗാമി ഭവതു മേ.**

**വിവർത്തനം**

ഇടതുകയ്യിൽ ഓടക്കുഴലും ശിരസ്സിൽ മയിൽപീലിയും അരയിൽ മഞ്ഞപ്പട്ടും ചാർത്തിയ ജഗന്നാഥ സ്വാമി, കൺകോണുകളിൽ തന്റെ ഭക്തരെ കടാക്ഷിക്കുന്നു. ദിവ്യധാമമായ വൃന്ദാവനവാസവേളയിലുടനീളം അദ്ദേഹം സ്വന്തം ദിവ്യത്വം മറ്റുള്ളവർക്ക് വെളിവാക്കിയിട്ടുണ്ട്. അങ്ങിനെയുള്ള ജഗന്നാഥസ്വാമി എനിക്കു ദർശനീയനാകട്ടെ.

**ശ്ലോകം 3**

**മഹാംബോധേസ് തീരേ കനകരുചിരേ നീലശിഖരേ**
**വസൻ പ്രാസാദാന്തഃ സഹജ ബലഭദ്രേന ബലിനാ**
**സുഭദ്രാ മധ്യസ്ഥ സകല സുരസേവാവസരദോ**
**ജഗന്നാഥ സ്വാമി നയനപഥഗാമി ഭവതു മേ.**

**വിവർത്തനം**

ദിവ്യസാഗരതീരത്തുള്ള സ്വർണ്ണമയമായ നീലാചല പർവ്വതത്തിലെ അത്യുജ്ജ്വലമായ കൊട്ടാരത്തിൽ ഭഗവാൻ ജഗന്നാഥ സ്വാമി ബലിഷ്ഠഗാത്രനായ സഹോദരൻ ബലരാമനോടും സഹോദരി സുഭദ്രയോടും കൂടി ഇരുന്നരുളുന്നു. ദേവതാഗണങ്ങളായ അമൃതാത്മാക്കൾക്ക് സേവിക്കുവാനും ആരാധിക്കുവാനും അവസരമൊരുക്കുന്ന ആ ജഗന്നാഥസ്വാമി എനിക്കു ദർശനീയനാകട്ടെ.

**ശ്ലോകം 4**

**കൃപാപാരാവാരഃ സജല ജലദ ശ്രേണി രുചിരോ**
**രമാവാണി രാമാഃ സ്ഫുരദ് അമലപംഘേരുഹമുഖഃ**
**സുരേന്ദ്രൈർ ആരാധ്യ ശ്രുതിഗണ ശിഖാഗീതചരിതോ**
**ജഗന്നാഥ സ്വാമി നയനപഥഗാമി ഭവതു മേ.**

**വിവർത്തനം**

**കരുണാസാഗരനും ഘനശ്യാമമേഘ സുന്ദരനുമായ ഭഗവാൻ ജഗന്നാഥ സ്വാമി ലക്ഷ്മിദേവിക്കും സരസ്വതിദേവിക്കും അനുഗ്രഹത്തിന്റെ കലവറയാണ്. അനഘകേദാരമായ അദ്ദേഹത്തിന്റെ തിരുമുഖം നിഷ്കളങ്കമായ വിടർന്ന താമരപൂവിന് സദൃശമാണ്. ഉപനിഷത്തുക്കൾ കീർത്തിക്കുകയും ദേവതകളും മഹർഷിമാരും സദാ ആരാധിക്കുകയും ചെയ്യുന്ന ആ ജഗന്നാഥ സ്വാമി എനിക്കു ദർശനീയനാകട്ടെ.**

**ശ്ലോകം 5**

**രഥാരൂഢോ ഗച്ഛൻ പഥിമിലിതഭൂദേവപടലൈഃ**
**സ്തുതിപ്രാദുർഭാവം പ്രതിപദം ഉപാകർണ്യ സദയഃ**
**ദയാസിന്ദുർബന്ദൂഃ സകല ജഗതാം സിന്ധുസുതയാ**
**ജഗന്നാഥ സ്വാമി നയനപഥഗാമി ഭവതു മേ.**

**വിവർത്തനം**

**ജഗന്നാഥ് സ്വാമിയുടെ രഥയാത്ര വേളകളിൽ ബ്രാഹ്മണഭക്തന്മാർ അദ്ദേഹത്തിന്റെ ആനന്ദത്തിനായി തിരുനാമങ്ങൾപ്രകീർത്തിക്കുകയും ഭഗവദ്ഗീതങ്ങൾ അത്യുച്ചത്തിൽ ആലപിക്കുകയും ചെയ്യുന്നു. സർവലോകമഹേശ്വരനും സർവചരാചരങ്ങളുടെ യഥാർത്ഥ സുഹൃത്തും കരുണാവാരിധിയുമായ അദ്ദേഹം അവരിൽ പ്രസാദിക്കുന്നു. അങ്ങിനെയുള്ള ശ്രീ ജഗന്നാഥസ്വാമി അമൃതമഥനവേളയിൽ പിറന്നവളും തന്റെ വാമാംഗിയുമായ ലക്ഷ്മിദേവിക്കൊപ്പം എനിക്കു ദർശനീയനാകട്ടെ.**

**ശ്ലോകം 6**

**പരംബ്രഹ്മാപീഠ കുവലയ ദളോത്ഫുല്ല നയനോ**
**നിവാസീ നീലാദ്രൗ നിഹിത ചരണോ അനന്ത ശിരസി**
**രസാനന്ദോ രാധാ സരസവപുർ ആലിംഗന സുഖോ**
**ജഗന്നാഥ സ്വാമി നയനപഥഗാമി ഭവതു മേ.**

**വിവർത്തനം**

**വിടർന്ന താമരപ്പൂവിതൾപോലെ മനോഹരമിഴികളോടുകൂടി ബ്രഹ്മശിരസ്സിന് അലങ്കാരമായിരിക്കുന്ന ഭഗവാൻ ജഗന്നാഥ് സ്വാമി അദ്ദേഹത്തിന്റെ പാദപത്മങ്ങൾ അനന്തന്റെ ശിലസ്സിലൂന്നി നീലാചലത്തിലെ ദിവ്യധാമത്തിൽ വാണരുളുന്നു. പ്രാണപ്രേയസിയായ ശ്രീമതി രാധാറാണിയുടെ ശീതളതടാകം പോലെയുള്ള പൂവുടൽ ആനന്ദാതിരേകത്താൽ പുണരുന്ന ജഗന്നാഥസ്വാമി എനിക്കു ദർശനീയനാകട്ടെ.**

**ശ്ലോകം 7**

**ന വൈ യാചേ രാജ്യം ന ച കനകമാണിക്യവിഭവം**
**ന യാചേഹം രമാം സകല ജനാകാമ്യാം വരവധും**
**സദാകാലേ കാലേ പ്രമദപതിനാ ഗീതചരിതോ**
**ജഗന്നാഥ സ്വാമി നയനപഥഗാമി ഭവതു മേ.**

**വിവർത്തനം**

**കേവലം സാധാരണജനത്തെ പോലെ സുന്ദരിയായ ഭാര്യ, ധനം, സ്വർണ്ണം, മാണിക്യരാജ്യാധികാരം എന്നിവയ്ക്ക് വേണ്ടി ഞാൻ ഭഗവാനോട് പ്രാർത്ഥിക്കുകയില്ല. ആരുടെ അപദാനങ്ങളാണ് പരമശിവൻ സദാ കീർത്തിക്കുന്നത് അങ്ങിനെയുള്ള ശ്രീ ജഗന്നാഥ് സ്വാമി എനിക്കു ദർശനീയനാകട്ടെ**

**ശ്ലോകം 8**

**ഹരത്വം സംസാരം ധ്രുതതരം അസാരം സുരപതേ**
**ഹരത്വം പാപാനാം വിതതിം അപരാം യാദവപതേ**

**അഹോ ദിനേ£ നാഥേ നിഹിതചരണോ നിശ്ചിതം ഇദം**

**ജഗന്നാഥ സ്വാമി നയനപഥഗാമി ഭവതു മേ.**

**വിവർത്തനം**

**ഉപയോഗരഹിതമായ ഈ ഭൗതിക ഗാത്രത്തിൽ നിന്ന് മോചിതനാക്കി സമുദ്രം പോലെ വിശാലമായ എന്റെ പാപസഞ്ചയങ്ങൾ അവിടുന്നു നശിപ്പിച്ചു കളയേണമേ. ദേവാധിദേവനായ ഭഗവാനേ,ഈ വിശ്വത്തിന്റെ അഭയകേന്ദ്രമായ അങ്ങയുടെ ചരണകമലങ്ങളിൽ നമസ്കരിക്കുന്നവരെ പാദസ്പർശത്താൽ അനുഗൃഹീതമാക്കുന്ന ആ ജഗന്നാഥസ്വാമി എനിക്കു ദർശനീയനാകട്ടെ.**

**ഇതുപോലെയുള്ള ആത്മീയ വിഷയങ്ങൾ വായിക്കുവാനായി താഴെക്കാണുന്ന ലിങ്ക് പിൻതുടരുക .:-** [ശുദ്ധ ഭക്തി വാട്സ്ആപ്പ് ഗ്രൂപ്പ്] [ശുദ്ധ ഭക്തി ടെലഗ്രാം ഗ്രൂപ്പ്] www.suddhabhaktimalayalam.com




# ശ്രീ ചൗരാഷ്ടകം

**ശ്രീ ചൗരാഷ്ടകം**

**രചന - വില്വമംഗള ഠാക്കൂർ**

**ശ്ലോകം 1**

**വ്രജേ പ്രസിദ്ധം നവനീത ചൗരം**
**ഗോപാംഗനനാം ച ദുകൂല ചൗരം**
**അനേക ജന്മാർജിത പാപചൗരം**
**ചൗരാഗ്രഗണ്യം പുരുഷം നമാമി**

**വിവർത്തനം**

**നവനീതചോരൻ എന്ന് വൃന്ദാവനത്തിൽ പ്രസിദ്ധനായവനും, ഗോപസ്ത്രീകളുടെ വസ്ത്രം അപഹരിച്ചവനും, തന്നെ ശരണം പ്രാപിക്കുന്നവരുടെ അനേക ജന്മാർജ്ജിതങ്ങളായ പാപങ്ങളെ കവരുന്നവനും, മോഷ്ടാക്കളിൽ അഗ്രഗണ്യനുമായ ഭഗവാനെ ഞാൻ പ്രണമിക്കുന്നു.**

**ശ്ലോകം 2**

**ശ്രീ രാധികായ ഹൃദയസ്യ ചൗരം**
**നവാംബുധ ശ്യാമള കാന്തി ചൗരം**
**പദാ ശ്രീ താനാം ച സമസ്ത ചൗരം**
**ചൗരാഗ്രഗണ്യം പുരുഷം നമാമി**

**വിവർത്തനം**

**ശ്രീമതി രാധാറാണിയുടെ ഹൃദയം കവർന്നവനും, നവ കാർമേഘത്തിന്റെ കാന്തി കവർന്നവനും, തന്റെ തൃപ്പാദങ്ങളെ ആശ്രയിക്കുന്നവരുടെ സകല ദുരിതങ്ങളും കവർന്നവനും, ചോരന്മാരിൽ അഗ്രഗണ്യനുമായ പരമപുരുഷനെ ഞാൻ പ്രണമിക്കുന്നു.**

**ശ്ലോകം 3**

**അകിഞ്ചനി കൃത്യ പദാശ്രിതം യ**
**കരോതി ഭിക്ഷും പതി ഗേഹ ഹീനം**
**കേനാപി അഹോ ഭീഷണ ചൗര ഇദ്രിഗ്**
**ദൃഷ്ട്വാ ശ്രുതോവ ന ജഗത് ത്രയേ£ പി**

**വിവർത്തനം**

**തന്നെ ശരണം പ്രാപിക്കുന്ന ഭക്തന്മാരെ ദരിദ്രരാക്കിയും, ഭിക്ഷുക്കളാക്കിയും, നിരാശ്രയരാക്കിയും , ഭവനരഹിതരാക്കിയും എല്ലായിടത്തും അലഞ്ഞു നടക്കുവാൻ ഇടവരുത്തുന്ന ഇത്രയും അതിഭയങ്കരനായ ഒരു ചോരനെ ഞാൻ ഈ ത്രിലോകങ്ങളിൽ കണ്ടിട്ടും കേട്ടിട്ടുമില്ല.**

**ശ്ലോകം 4**

**യദീയ നാമാ£ പി ഹരതി അശേഷം**
**ഗിരി പ്രസാരൻ അപി പാപ രാശിൻ**
**ആശ്ചര്യ രൂപോനനു ചൗര ഇദ്രിഗ്**
**ദൃഷ്ട്വാ ശ്രുതോവ ന മയാ കദാ£ പി**

**വിവർത്തനം**

**ഏതൊരുവന്റെ നാമം വെറുതെ ഉച്ചരിക്കുമ്പോൾ തന്നെ പർവ്വത തുല്യമായ അളവിലുള്ള പാപങ്ങൾ നശിക്കുന്നുവോ അങ്ങനെയുള്ള ഒരു അത്യത്ഭുതകരനായ ഒരു ചോരനെ ഞാൻ എന്റെ ജീവിതത്തിൽ ഒരിടത്തും കണ്ടിട്ടുമില്ല കേട്ടിട്ടുമില്ല.**

**ശ്ലോകം 5**

**ധനം ച മാനം ച തദേന്ദ്രിയാണി**
**പ്രാണാമ്ശ്ച ഹൃത്വാ മമ സർവ്വം ഏവ**
**പലായസേ കുത്ര ധൃതോ£ ദ്യ ചൗര**
**ത്വം ഭക്തി ദാംനാസി മയാ നിരുദ്ധ**

**വിവർത്തനം**

**ഹേ മോഷ്ടാവേ ! എന്റെ ധനവും, മാനവും ,ഇന്ദ്രിയങ്ങളും, പ്രാണനും ശക്തിയും കവർന്നെടുത്ത നിന്നെ ഞാനെന്റെ ഭക്തി പാശത്താൽ ബന്ധിച്ചു കഴിഞ്ഞു. ഇനി നീ എവിടേക്കാണ് ഓടി രക്ഷപ്പെടുക?**

**ശ്ളോകം 6**

**ചിനാസ്തി ഘോരം യമ പാശ ബന്ധം**
**ഭിനാസ്തി ഭീമം ഭവ പാശ ബന്ധം**
**ചിനാസ്തി സർവ്വസ്യ സമസ്ത ബന്ധം**
**നൈവത് മനോ ഭക്ത കൃതം തു ബന്ധം**

**വിവർത്തനം**

**അതികഠിനമായ യമപാശബന്ധത്തെ ഖണ്ഡിക്കുന്നവനും, പ്രാപഞ്ചിക അസ്തിത്വമാകുന്ന ഭീമപാശത്തെ മുറിക്കുന്നവനും, ഏവരുടേയും ഭൗതികബന്ധനങ്ങളെ വിഛേദിക്കുന്നവനുമായ അങ്ങ് സ്വന്തം ഭക്തന്മാരുമാരുടെ ഭക്തിപാശബന്ധനത്തെ ഖണ്ഡിക്കുന്നതിനു അശക്തനാണ്.**

**ശ്ളോകം 7**

**മൻ മാനസേ തമസാ രാശി ഘോരേ**
**കാരാഗൃഹേ ദുഃഖ മയേ നിബദ്ധ**
**ലാഭസ്വ ഹേ ചൗര ഹരേ ചിരായ**
**സ്വ ചൗര ദോഷോചിതം ഏവ ദണ്ഡം**

**വിവർത്തനം**

**ഹേ ചോരാ! എന്റെ സർവ്വതും അപഹരിച്ചവനേ! നിന്നെ ഞാനിന്ന് എന്റെ അജ്ഞാനമാകുന്ന അന്ധകാരം നിറഞ്ഞ ഹൃദയ തുറുങ്കിനുള്ളിൽ അടച്ചുകഴിഞ്ഞു. അതിനാൽ നീ ചെയ്ത എല്ലാ മോഷണക്കുറ്റങ്ങളുടെയും ശിക്ഷയായി യുഗങ്ങളോളം നിനക്കവിടെ കഴിയേണ്ടി വരും.**

**ശ്ളോകം 8**

**കാരാഗൃഹേ വാസ സദാ ഹൃദയേ മദിയേ**
**മദ് ഭക്തി പാശ ദൃഢ ബന്ധന നിശ്ചലസൻ**
**ത്വം കൃഷ്ണ ഹേ പ്രളയ കോടി ഈ ശതാന്തരേ£ പി**
**സർവ്വസ്യ ചൗര ഹൃദയൻ നഹി മോചയാമി**

**വിവർത്തനം**

**ഹേ കൃഷ്ണാ! സർവ്വസ്വ ചോരാ, എന്റെ ഭക്തിപാശബന്ധനം എന്നന്നേയ്ക്കും ദൃഢമായിരിക്കും. അനന്തകോടി കൽപ്പങ്ങൾ കഴിഞ്ഞാലും അങ്ങയെ ഞാനെന്റെ ഹൃദയകാരാഗൃഹത്തിൽ നിന്നും മോചിപ്പിക്കുകയില്ല. അതിനാൽ അങ്ങ് അവിടെത്തന്നെ സദാ വസിച്ചാലും.**




# ശ്രീ നന്ദ നന്ദനാഷ്ടകം

**ശ്ലോകം 1**

**സുചാരുവക്ത്രമണ്ഡലം**
**സുകർണ്ണരത്നകുണ്ഡലം ।**
**സുചർച്ചിതാംഗചന്ദനം**
**നമാമി നന്ദനന്ദനം ॥**

**വിവർത്തനം**

**വൃത്താകൃതിയിലുള്ള അഴകാർന്ന വദനത്തോട് കൂടിയവനും , കർണ്ണങ്ങളിൽ മനോഹരങ്ങളായ രത്ന കുണ്ഡലങ്ങൾ ധരിച്ചവനും , മേനിയാകെ**

സുഗന്ധപൂരിതമായ ചന്ദനം ലേപനം ചെയ്തവനുമായ, നന്ദ മഹാരാജാവിന്റെ പുത്രനായ ശ്രീകൃഷ്ണനെ ഞാൻ  പ്രണമിക്കുന്നു .

**ശ്ലോകം 2**

**സുദീർഘനേത്രപങ്കജം**
**ശിഖീശിഖണ്ഡമൂർധജം ।**
**അനംഗകോടിമോഹനം**
**നമാമി നന്ദനന്ദനം ॥**

വിവർത്തനം

താമരയിതൾ പോലെ നീണ്ട മനോജ്ഞങ്ങളായ നയനങ്ങളോട് കൂടിയവനും , മനോഹരമായ  മയിൽപീലിയാൽ അലങ്കൃതമായ ശിരസ്സോട് കൂടിയവനും , കോടിക്കണക്കിന് കാമദേവന്മാരെപ്പോലും വശീകരിക്കുന്ന കാന്തിയോട് കൂടിയവനുമായ, നന്ദ മഹാരാജാവിന്റെ പുത്രനായ ശ്രീകൃഷ്ണനെ ഞാൻ പ്രണമിക്കുന്നു .

**ശ്ലോകം 3**

**സുനാസികാഗ്രമൗക്തികം**
**സ്വച്ഛ ദന്തപങ്ക്തികം ।**
**നവാംബുദാംഗചിക്കണം**
**നമാമി നന്ദനന്ദനം ॥**

വിവർത്തനം

നാസികയിൽ ആടുന്ന ശോഭയേറിയ മുത്തോടു കൂടിയവനും , മുത്തുപോൽ പ്രകാശമാർന്ന നിരയൊത്ത ദന്തങ്ങളോട് കൂടിയവനും , പുതുമഴ മേഘത്തിനേക്കാൾ ഉജ്ജ്വലമായ കാന്തിയോട് കൂടിയവനുമായ നന്ദ മഹാരാജാവിന്റെ പുത്രനായ ശ്രീകൃഷ്ണനെ ഞാൻ പ്രണമിക്കുന്നു .

**ശ്ലോകം 4**

**കരേനവേണുരഞ്ജിതം**
**ഗതിഃ കരീന്ദ്രഗഞ്ജിതം ।**
**ദുകൂലപീതശോഭനം**
**നമാമി നന്ദനന്ദനം ॥**

**വിവർത്തനം**

**കര പത്മങ്ങളിൽ വേണു ധരിക്കുന്നവനും , ഗജരാജൻ തോൽക്കും രാജകീയ പ്രൗഢിയോലും നടയോട് കൂടിയവനും , ശ്രേഷ്ഠമായ മഞ്ഞപ്പട്ടുടയാട ചാർത്തിയവനുമായ നന്ദ മഹാരാജാവിന്റെ പുത്രനായ ശ്രീകൃഷ്ണനെ ഞാൻ പ്രണമിക്കുന്നു .**

**ശ്ലോകം 5**

**ത്രിഭംഗദേഹസുന്ദരം**
**നഖദ്യുതിഃ സുധാകരം ।**
**അമൂല്യരത്നഭൂഷണം**
**നമാമി നന്ദനന്ദനം ॥**

**വിവർത്തനം**

**മനോഹരമായ ത്രിഭംഗ രൂപത്തോട് കൂടിയവനും , ചന്ദ്രനെ പോലെ ഒളി വീശുന്ന വെൺമയാർന്ന നഖങ്ങളോട് കൂടിയവനും , അമൂല്യമായ രത്നാഭരണങ്ങളാൽ അലങ്കരിക്കപ്പെട്ടവനുമായ നന്ദ മഹാരാജാവിന്റെ പുത്രനായ ശ്രീകൃഷ്ണനെ ഞാൻ പ്രണമിക്കുന്നു .**

**ശ്ളോകം 6**

**സുഗന്ധ അംഗസൗരഭം**
**ഉരോ വിരാജി കൗസ്തുഭം ।**

സ്ഫുരത് ശ്രീവത്സലാഞ്ഛനം
നമാമി നന്ദനന്ദനം ॥

വിവർത്തനം

ആരെയും വശീകരിക്കത്തക്ക വിധത്തിലുള്ള അനന്യസാധാരണമായ ദേഹ സൗരഭ്യത്തോട് കൂടിയവനും, കൂടിയവനും വിശാലമായ വക്ഷസ്സിൽ തിളങ്ങുന്ന കൗസ്തുഭ മണി , ശ്രീവത്സം എന്നിവയോടുകൂടി പരിലസിക്കുന്നവനുമായ നന്ദ മഹാരാജാവിന്റെ പുത്രനായ ശ്രീകൃഷ്ണനെ ഞാൻ പ്രണമിക്കുന്നു

ശ്ളോകം 7

വൃന്ദാവനസുനാഗരം
വിലാസാനുഗവാസസം ।
സുരേന്ദ്രഗർവമോചനം
നമാമി നന്ദനന്ദനം ॥

വിവർത്തനം

വൃന്ദാവനത്തിലെ സമർഥനായ പ്രണയ നായകനും , ഏവരെയും തന്നിലേക്ക് ആകർഷിക്കും വിധത്തിൽ വസ്ത്രധാരണം ചെയ്യുന്നവനും , ഇന്ദ്രനെ ഗർവത്തിൽ നിന്ന് മുക്തനാക്കിയവനുമായ നന്ദ മഹാരാജാവിന്റെ പുത്രനായ ശ്രീകൃഷ്ണനെ ഞാൻ പ്രണമിക്കുന്നു

ശ്ളോകം 8

വ്രജാംഗനാസുനായകം
സദാ സുഖപ്രദായകം ।
ജഗന്മനഃപ്രലോഭനം
നമാമി നന്ദനന്ദനം ॥

വിവർത്തനം

ഗോപാംഗനമാരുടെ പ്രണയഭാജനമായ ആ അനുപമ സൗന്ദര്യധാമം , സർവ്വ ജീവ സത്തകളുടെയും മനസ്സിനെ കവർന്നവനും , അവർക്ക് ആനന്ദത്തെ പ്രദാനം

**ചെയ്യുന്നവനുമാണ് . അപ്രകാരമുള്ള നന്ദ മഹാരാജാവിന്റെ പുത്രനെ ഞാൻ പ്രണമിക്കുന്നു.**

**ശ്ളോകം 9**

**ശ്രീനന്ദനന്ദനാഷ്ടകം**
**പഠേദ്യഃ ശ്രദ്ധയാന്വിതഃ ।**
**തരേദ് ഭവാബ്ധിദുസ്തരം**
**ലഭേത്തദങ്ഘ്രിയുഗ്മകം ॥**

**വിവർത്തനം**

**നന്ദ മഹാരാജാവിന്റെ പുത്രനെ സ്തുതിക്കുന്ന ഈ എട്ട് ശ്ളോകങ്ങൾ പൂർണ്ണ വിശ്വാസത്തോടെ ജപിക്കുന്നതാരായാലും , അവൻ തരണം ചെയ്യുവാൻ ദുഷ്കരമായ ഈ ഭൗതിക അസ്ഥിത്വത്തിന്റെ സാഗരത്തെ അതീവ സരളമായി മറികടക്കുകയും , പരമദിവ്യോത്തമ പുരുഷനായ നന്ദനന്ദനന്റെ പാദയുഗളത്തിൽ ശരണമടയുകയും ചെയ്യുന്നു.**

🌼🌼🌼🌼🌼🌼🌼🌼🌼🌼🌼🌼

**ഹരേ കൃഷ്ണ ഹരേ കൃഷ്ണ കൃഷ്ണ കൃഷ്ണ ഹരേ ഹരേ**
**ഹരേ രാമ ഹരേ രാമ രാമ രാമ ഹരേ ഹരേ**

🌼🌼🌼🌼🌼🌼🌼🌼🌼🌼🌼




**ജയ രാധാ മാധവ ജയ കുഞ്ജവിഹാരീ**
**ജയ ഗോപീജന വല്ലഭ ജയ ഗിരിവരധാരീ**
**ജയ യശോദാ നന്ദന വ്രജജന രഞ്ജന**
**ജയ യമുനതീര വനചാരീ**

**ശ്രീകൃഷ്ണൻ, രാധയുടെ പ്രേമഭാജനമാണ്. അദ്ദേഹം വൃന്ദാവന നികുഞ്ജങ്ങളിൽ മാധുര്യലീലകളാടുന്നു. വൃന്ദാവനത്തിലെ ഇടയപ്പെൺകൊടികളുടെ കാമുകനും, ഗോവർദ്ധന പർവ്വതം ഉയർത്തിയവനും, യശോദയുടെ വാത്സല്യഭാജനവും, ജവാസികൾക്ക് ആനന്ദം നൽകുന്നവനുമാണ് കൃഷ്ണൻ. അദ്ദേഹം യമുനാതീരത്തെ വനങ്ങളിലൂടെ സഞ്ചരിക്കുന്നു.**




**(1)**

**മുനീന്ദ്ര വൃന്ദ വന്ദിതെ ത്രിലോക ശോക ഹാരിണി**

**പ്രസന്ന വക്ത്ര പങ്കജെ നികുഞ്ജ ഭൂ വിലാസിനി**

**വ്രജേന്ദ്ര ഭാനു നന്ദിനി വ്രജേന്ദ്ര സൂനു സംഗതെ**

**കദാ കരിഷ്യസീഹമാം കൃപാ കടാക്ഷ ഭാജനം**

**(2)**

**അശോക വൃക്ഷ വല്ലരീ വിതാന മണ്ഡപാസ്ഥിതേ**

**പ്രവാല വാല പല്ലവാ പ്രഭാരുണാഗ്രി കോമളെ**

**വരാഭയാ സ്ഫുരത് കരെ പ്രഭൂത സംപദാലയെ**

**കദാ കരിഷ്യസീഹമാം കൃപാ കടാക്ഷ ഭാജനം**

**(3)**

അനംഗ രംഗ മംഗള പ്രസംഗ ഭംഗുര ഭ്രുവം
സ വിഭ്രമം സ സംഭ്രമം ദ്രഗന്ത ബാണ പാതനയ്
നിരന്തരം  വസീകൃത പ്രതീതി നന്ദനന്ദനെ
കദാ കരിഷ്യസീഹമാം കൃപാ കടാക്ഷ ഭാജനം

(4)
തടിത് സുവർണ ചമ്പകാ പ്രദീപ്ത ഗൗര വിഗ്രഹേ
മുഖ പ്രഭാ പരാസ്ത കോടി ശാരദേന്ദു മണ്ഡലെ
വിചിത്ര ചിത്ര സഞ്ചരാ ചകോര ശാവ ലോചനെ
കദാ കരിഷ്യസീഹമാം കൃപാ കടാക്ഷ ഭാജനം

(5)
മദോന്മദാതി യൗവനെ പ്രമോദ മാന മണ്ഡിതെ
പ്രിയാനുരാഗ രഞ്ജിതെ കലാ വിലാസ പണ്ഡിതെ
അനന്യ ധന്യ കുഞ്ച രാജ്യ കാമ കേളി കോവിദെ
കദാ കരിഷ്യസീഹമാം കൃപാ കടാക്ഷ ഭാജനം

(6)
അശേഷ ഹാവ ഭാവ ധീര ഹീര ഹാര ഭൂഷിതെ
പ്രഭൂത ശാത കുംഭ കുംഭ കുംഭി കുംഭ സുസ്തനി
പ്രശസ്ത മന്ദഹാസ്യ ചൂർണ പൂർണ സൗഖ്യ സാഗരെ
കദാ കരിഷ്യസീഹമാം കൃപാ കടാക്ഷ ഭാജനം

(7)
മൃണാള വാല വല്ലരീ തരംഗ രംഗ ദൊർലതെ
ലതാഗ്ര ലാസ്യ ലോല നീല ലോചനാവലോകനെ
ലലൽ ലുലൻ മിലൻ മനോജ്ഞ മുഗ്ദ മോഹനാശ്രിതെ
കദാ കരിഷ്യസീഹമാം കൃപാ കടാക്ഷ ഭാജനം

(8)
സുവർണ മാലികാഞ്ചിത ത്രിരേക കമ്പു കണ്ഠഗേ
ത്രിസൂത്ര മംഗലീ ഗുണാ ത്രി രത്ന ദീപ്തി ദീധിതി
സലോല നീല കുണ്ഡല പ്രസൂന ഗുച്ഛ ഗുമ്പിതെ
കദാ കരിഷ്യസീഹമാം കൃപാ കടാക്ഷ ഭാജനം

(9)

**നിതംബ ബിംബ ലംബമാന പുഷ്പ മേഖലാ ഗുണേ**
**പ്രശസ്ത രത്ന കിങ്ങിണീ കലാപ മധ്യ മഞ്ജുളെ**
**കരീന്ദ്ര ശുണ്ട ധണ്ടികാവരോഹ സൗഭഗോരകെ**
**കദാ കരിഷ്യസീഹമാം കൃപാ കടാക്ഷ ഭാജനം**

**(10)**

**അനേക മന്ത്ര നാദ മഞ്ജു നൂപുരാരവസ്ഖലാത്**
**സമാജ രാജ ഹംസ വംശ നിക്വനാതി ഗൗരവേ**
**വിലോല ഹേമ വല്ലരീ വിടമ്പി ചാരു ചംക്രമേ**
**കദാ കരിഷ്യസീഹമാം കൃപാ കടാക്ഷ ഭാജനം**

**(11)**

**അനന്ത കോടി വിഷ്ണു ലോകനമ്ര പദ്മജാർച്ചിതെ**
**ഹിമാധ്രിജാ പുലോമജാ വിരിഞ്ചിജാ വര പ്രദേ**
**അപാര സിദ്ധി റിദ്ധി ദിഗ്ദ സത് പദാങ്കുലീ നഖേ**
**കദാ കരിഷ്യസീഹമാം കൃപാ കടാക്ഷ ഭാജനം**

**(12)**

**മകേശ്വരി ക്രിയേശ്വരി സ്വദേശ്വരി സുരേശ്വരി**
**ത്രിവേദ ഭാരതീശ്വരി പ്രമാണ ശാസനേശ്വരി**
**രമേശ്വരി ക്ഷമേശ്വരി പ്രമോദ കാനനേശ്വരി**
**വ്രജേശ്വരി വ്രജാധിപേ ശ്രീ രാധികേ നമോസ്തുതേ**

**(13)**

**ഇതീ മമാദ്ഭുതം സ്തവം നിഷമ്യ ഭാനു നന്ദിനീ**
**കരോതു സന്തതം ജനം കൃപാ കടാക്ഷ ഭാജനം**
**ഭവേത് തദൈവ സഞ്ചിത ത്രി രൂപ കർമ്മ നാശനം**
**ഭവേത് തദാ വ്രജേന്ദ്ര സൂനു മണ്ഡല പ്രവേശനം**

വിവർത്തനം

**(1)**

**ആരാണോ അനേകം മുനിവൃന്ദങ്ങളുടെ സ്തുതികളാൽ അലങ്കരിക്കപ്പെട്ടവളും, ആരാണോ മൂന്നു ലോകങ്ങളുടെയും ക്ലേശങ്ങൾ**

ഇല്ലാതാക്കുന്നതും, ആരുടെ മുഖമാണോ ആഹ്ലാദത്താൽ താമരയെ പോലെ ശോഭിക്കുന്നതും, വനത്തിലെ രഹസ്യ ലതാ കുഞ്ജങ്ങൾക്കിടയിൽ പ്രേമ കേളികളിൽ ആനന്ദിക്കുന്നവളുമായ ! ഹേ വൃഷ്ഭാനുവിന്റെ മനോഹരിയായ പുത്രീ, വ്രജത്തിന്റെ അധിപനായ ശ്രീ കൃഷ്ണന്റെ പ്രേമ ഭാജനമേ ! അങ്ങ് എന്നും വ്രജത്തിന്റെ നാഥനായ ശ്രീ കൃഷ്ണന്റെ കൂടെ സഹവസിക്കുന്നു ! എന്നാണ് അങ്ങയുടെ അഹൈതുകമായ കാരുണ്യമാകുന്ന കടാക്ഷത്തിന് എന്നെ പാത്രീഭൂതനാക്കുന്നത്?

(2)

ആരാണോ അശോക വൃക്ഷത്തിന്റെ ചില്ലകൾക്ക് മുകളിൽ വിരിച്ചിരിക്കുന്ന ലതകൾ കൊണ്ടുള്ള മണ്ഡപത്തിൽ വസിക്കുന്നത്. ആരുടെ മൃദുലവും കോമളവുമായ പാദങ്ങളാണ് പുതുതായി കിളിർത്ത വൃക്ഷ മുകുളങ്ങൾ പോലെ കുങ്കുമവും ഇളം ചുവന്നതുമായ നിറം പ്രസരിപ്പിക്കുന്നത്. ആരുടെ ഉയർത്തിയ കൈകൾ അഭയമാകുന്ന അനുഗ്രഹം നൽകുന്നുവോ. ദിവ്യമായ ഐശ്വര്യങ്ങളുടെ ഉറവിടവുമാകുന്നു അങ്ങ് ! എന്നാണ് അങ്ങയുടെ അഹൈതുകമായ കാരുണ്യമാകുന്ന കടാക്ഷത്തിന് എന്നെ പാത്രീഭൂതനാക്കുന്നത്?

(3)

ആരാണോ കാമ ദേവന്റെ ബാണങ്ങൾ കൊണ്ട്, അങ്ങയുടെ ആഹ്ലാദപൂർണമായ മംഗളകരമായ ചരിഞ്ഞ കൺപുരികങ്ങൾ കൊണ്ട്, പ്രേമ സന്ദേശങ്ങൾ ആകുന്ന ബാണങ്ങൾ കൺകോണുകളിൽ നിന്നും അയക്കുന്നത്, ഈ പ്രഹരത്താൽ നന്ദനന്ദനൻ പ്രേമഭരിതനായി, മതിഭ്രമത്താൽ കുലീനനായി എന്നന്നേക്കുമായി അങ്ങേയ്ക്കു കീഴടങ്ങുന്നു ! എന്നാണ് അങ്ങയുടെ അഹൈതുകമായ കാരുണ്യമാകുന്ന കടാക്ഷത്തിന് എന്നെ പാത്രീഭൂതനാക്കുന്നത്?

(4)

ഹേ ആരുടെ സ്വർണ്ണ വർണ്ണത്തിലുള്ള രൂപം മിന്നൽ പോലെയും, ചമ്പക പുഷ്പത്തെ പോലെയും ജ്വലിക്കുന്നത് ! അങ്ങയുടെ പ്രകാശപൂർണമായ മുഖം ദശലക്ഷക്കണക്കിന് പൂർണ ചന്ദ്രന്മാരുടെ സൗന്ദര്യത്തെ മറക്കുന്നു. ആരുടെ ചഞ്ചലമായ കണ്ണുകളാണോ ചകോര പക്ഷിയെ പോലെ അങ്ങോട്ടും ഇങ്ങോട്ടും നീങ്ങുന്നത് ! എന്നാണ് അങ്ങയുടെ അഹൈതുകമായ കാരുണ്യമാകുന്ന കടാക്ഷത്തിന് എന്നെ പാത്രീഭൂതനാക്കുന്നത്?

(5)

ഹേ അതി സന്തോഷവതിയായ പ്രേമപൂർണമായ യുവതീ, ആരാണോ അത്യധികം സന്തോഷത്താലും, ദേഷ്യവും, അസൂയയാലും, നിരാശയാലും മുഖം കൂർപ്പിച്ചും പ്രേമത്താൽ അലങ്കരിച്ചിരിക്കുന്നത്, ആർക്കാണോ തന്റെ പ്രേമഭാജനമായ ശ്രീ കൃഷ്ണ ഭഗവാനോട് അത്യന്തം പരിശുദ്ധ പ്രേമം ഉള്ളത്, പ്രേമ പൂർണമായ പ്രവർത്തികളിൽ ഏറ്റവും വൈദഗ്ധ്യം ഉള്ളവളും, ഏറ്റവും മഹത്തായ വനങ്ങളിൽ വിശിഷ്ടമായ ഐശ്വര്യപൂർണമായ ലതാകുഞ്ജങ്ങളിൽ പ്രേമഭരിതമായ ലീലകൾ സജ്ജീകരിക്കുന്നതിൽ ഏറ്റവും അറിവുള്ളവളുമാകുന്നു അങ്ങ്! എന്നാണ് അങ്ങയുടെ അഹൈതുകമായ കാരുണ്യമാകുന്ന കടാക്ഷത്തിന് എന്നെ പാത്രീഭൂതനാക്കുന്നത്?

(6)

ഹേ ആരാണോ സ്ത്രൈണമായ വശ്യതകൾ കൊണ്ട്, അതായത് പ്രേമപൂർണമായ മുദ്രകൾ കൊണ്ടും, അതീന്ദ്രിയമായ പ്രേമ ഭാവങ്ങളാലും, മൃദുവായ പെരുമാറ്റവുമാകുന്ന രത്നകല്ലുകൾ കൊണ്ട് അലങ്കരിച്ചിട്ടുള്ളത്. അങ്ങയുടെ അതീന്ദ്രിയ പ്രേമത്താൽ അങ്ങയുടെ പരിപൂർണമായ സ്തനങ്ങൾ സ്വർണ കൂജകൾ പോലെ തുടിച്ചതും, അങ്ങയുടെ മന്ദഹാസം ആനന്ദ സാഗരത്തിൽ പൊഴിഞ്ഞ പൂമ്പൊടിയുടെ രേഖ പോലെയും ഉണ്ടാകുന്നു! എന്നാണ് അങ്ങയുടെ അഹൈതുകമായ കാരുണ്യമാകുന്ന കടാക്ഷത്തിന് എന്നെ പാത്രീഭൂതനാക്കുന്നത്?

(7)

ഹേ ആരുടെ ഇളം താമര വള്ളികൾ പോലെയുള്ള കരങ്ങളാണോ വിനോദത്തിനായി തന്റെ യുവത്വം നിറഞ്ഞ ലീലകളാകുന്ന നദിയുടെ ഓളങ്ങളിൽ ചുഴറ്റുന്നത് ! അങ്ങയുടെ ആകർഷകമായ കടും നീല നിറമുള്ള കണ്ണുകൾ ഇളം കാറ്റാൽ തഴുകിയ ലതയുടെ അറ്റം പോലെയും ! അങ്ങയുടെ ക്രീഡകൾ കൊണ്ടും, ആകർഷകമായ ചലനങ്ങലും, സമാഗമം കൊണ്ടും മോഹന കൃഷ്ണനെ സമ്മോഹത്തിലാക്കുന്നുവോ ! എന്നാണ് അങ്ങയുടെ അഹൈതുകമായ കാരുണ്യമാകുന്ന കടാക്ഷത്തിന് എന്നെ പാത്രീഭൂതനാക്കുന്നത്?

(8)

ഹേ അങ്ങയുടെ മൂന്ന് വരകളാലുള്ള മൃദുലമായ ശംഗ് പോലെയുള്ള കണ്ഠത്തിൽ പരിശുദ്ധമായ സ്വർണ ആഭരണത്താൽ അലങ്കരിച്ചിരിക്കുന്നു !

ആരുടെ കണ്ഠാഭരണമാണോ മൂന്ന് വരികളിലായി വജ്രങ്ങളും, മരതകങ്ങളും, മുത്തുകളാലും അലങ്കരിച്ചുകൊണ്ട് ഉജ്ജ്വലമായി തിളങ്ങുന്നത്! ആരുടെ കടും നീല കേശങ്ങളാണോ പൂക്കളാൽ പിന്നിയിട്ടിരിക്കുന്നത് ! എന്നാണ് അങ്ങയുടെ അഹൈതുകമായ കാരുണ്യമാകുന്ന കടാക്ഷത്തിന് എന്നെ പാത്രീഭൂതനാക്കുന്നത്?

(9)

ഹേ ആരുടെ ഇടുപ്പാണോ തൂങ്ങി കിടക്കുന്ന പൂക്കളാലുള്ള അരപ്പട്ടകളാൽ അലങ്കരിച്ചിരിക്കുന്നത്. ഓ ആരുടെ മനോഹരമായ നേർത്ത അരക്കെട്ടാണ് കിലുങ്ങുന്ന ചെറിയ മണികളാൽ അലങ്കരിച്ചിരിക്കുന്നത്. അങ്ങയുടെ മനോഹരമായ രൂപത്തോടെയുള്ള കാലുകൾ ഗജരാജന്റെ തുമ്പികൈ പോലെയാകുന്നു ! എന്നാണ് അങ്ങയുടെ അഹൈതുകമായ കാരുണ്യമാകുന്ന കടാക്ഷത്തിന് എന്നെ പാത്രീഭൂതനാക്കുന്നത്?

(10)

ഹേ ആരുടെ ചിലങ്കയാണോ രാജകീയമായ ഹംസങ്ങൾ ഉണ്ടാക്കുന്ന ശബ്ദം പോലെ ദിവ്യമായ വിവിധ മന്ത്രങ്ങൾ ഉണ്ടാക്കുന്നത് ! അങ്ങയുടെ അതി ഗംഭീരമായ ചലനങ്ങൾ സ്വർണ്ണ വള്ളികളുടെ ചലനത്തെ പോലും നാണിപ്പിക്കുന്നു ! എന്നാണ് അങ്ങയുടെ അഹൈതുകമായ കാരുണ്യമാകുന്ന കടാക്ഷത്തിന് എന്നെ പാത്രീഭൂതനാക്കുന്നത്?

(11)

ഹേ ആരാണോ ഭഗവാൻ വിഷ്ണുവാൽ നിർമ്മിക്കപ്പെട്ട എണ്ണമറ്റ ദശലക്ഷക്കണക്കിന് ബ്രഹ്മാണ്ഡങ്ങളിലെ ബ്രഹ്മദേവന്മാരാൽ ആരാധിക്കപ്പെടുന്നത് ! അങ്ങ് ഹിമാലയ പുത്രിയായ പാർവതീ ദേവിക്കും(ശിവ പത്നി), പുലോമ പുത്രി സചീ ദേവിക്കും(ഇന്ദ്രന്റെ പത്നി), ബ്രഹ്മാവിന്റെ പത്നിയായ സരസ്വതീ ദേവിക്കും അനുഗ്രഹം നൽകുന്നു ! ഓ ആരുടെ കാൽ നഖങ്ങളാണോ അപരിമിതമായ സിദ്ധികളാലും, ഐശ്വര്യങ്ങളാലും തിളങ്ങുന്നത് ! എന്നാണ് അങ്ങയുടെ അഹൈതുകമായ കാരുണ്യമാകുന്ന കടാക്ഷത്തിന് എന്നെ പാത്രീഭൂതനാക്കുന്നത്?

(12)

ഹേ ദേവീ, വേദ യജ്ഞങ്ങളുടെ അധിപേ ! ഹേ പുണ്യ പ്രവൃത്തികളുടെ അധിപയായ ദേവീ, ഹേ നൈസർഗികമായ ഭക്തിയുത സേവനത്തിന്റെ അധിപയായ

ദേവീ, ഹേ എല്ലാ ദേവന്മാരുടെയും, ദേവിമാരുടെയും അധിപയായ ദേവീ ! മൂന്ന് വേദങ്ങളിലെയും എല്ലാ ജ്ഞാനങ്ങളുടെയും അധിപയായ ദേവീ, എല്ലാ ആദ്ധ്യാത്മിക തത്വങ്ങളും നടപ്പിലാക്കുന്ന ദേവീ, ഹേ വ്രജത്തിന്റെ അധിപയായ ദേവീ, വ്രജത്തിലേക്കുള്ള പ്രവേശനം നിയന്ത്രിക്കുന്ന ഒരേയൊരു അധികാരിയായ ദേവീ ! ഹേ ശ്രീ രാധേ ! ഞാൻ എന്റെ സാദര പ്രണാമങ്ങൾ അർപ്പിക്കുന്നു !"

(13)

എന്റെ ഈ വിസ്മയജനകമായ പ്രാർത്ഥന ശ്രവിക്കുന്ന ശ്രീ വൃഷഭാനു നന്ദിനി, ഇത് കീർത്തിക്കുന്ന വ്യക്തിയിൽ ഏറ്റവും കാരുണ്യപൂർണമാകുന്ന അവരുടെ കടാക്ഷം പ്രധാനം ചെയ്യട്ടെ ! ആ നിമിഷം ആ വ്യക്തിക്ക് ഭൂത, ഭാവി, വർത്തമാന കാലത്തെ പാപങ്ങളെ ഇല്ലാതാക്കിയതായി തോന്നുന്നു, അങ്ങനെ അദ്ദേഹത്തിന് ശ്രീ നന്ദനന്ദനൻ ശ്രീ കൃഷ്ണ ഭഗവാന്റെ സനാതനരായ ഭക്തരുടെ സംഗത്തിൽ പ്രവേശനം ലഭിക്കുന്നു. *പൗർണമി, അഷ്ടമി , ദശമി, ഏകാദശി, ത്രയോദശി എന്നീ ദിനങ്ങളിൽ ഈ പ്രാർത്ഥന ചൊല്ലുന്ന ആ ഭക്തന്റെ മനസ്സും ബുദ്ധിയും ശുദ്ധമായി തീരുന്നു, എല്ലാ ആഗ്രഹങ്ങളും നിറവേറ്റപ്പെടുന്നു. ശ്രീ രാധയുടെ കടാക്ഷത്താൽ ഒരുവന് പരിശുദ്ധ ഹർഷോന്മാദക പ്രേമം ലഭിക്കുന്നു. ഈ പ്രാർത്ഥന ശ്രീ രാധാ കുണ്ഡത്തിൽ തുട, നാഭി, നെഞ്ച്, കഴുത്തുവരെയോ മുങ്ങിക്കൊണ്ട് നൂറു വട്ടം ചൊല്ലുന്ന ഭക്തന് പരിപൂർണതയും, സാമ്പത്തിക അഭിവൃദ്ധിയും, ആഗ്രഹ പൂർത്തീകരണവും, മുക്തിയും ലഭിക്കുന്നു, മൊഴിയുന്ന എല്ലാ വാക്കുകളും സത്യമായി തീരുന്നു, അതീന്ദ്രിയ പ്രതാപത്താൽ ഗംഭീര ഐശ്വര്യങ്ങളും ലഭിക്കുന്നു. ആ സമയം ഒരുവന് ശ്രീ രാധികയെ നേരിട്ട് ദർശിക്കുവാൻ സാധിക്കുന്നു. സ്വന്തം കണ്ണുകൾ കൊണ്ട് ശ്രീ രാധികയെ കാണുകയും, ആ ഭക്തനിൽ പ്രസാദിക്കപ്പെട്ട ശ്രീ രാധിക ഉടനെ തന്നെ തന്റെ പ്രിയപ്പെട്ട ശ്യാമസുന്ദരൻ ശ്രീ കൃഷ്ണ ഭഗവാനെ അയാളുടെ നേത്രങ്ങൾ കൊണ്ട് ദർശിക്കുവാനുള്ള അനുഗ്രഹം നൽകുന്നു. ശേഷം ഒരു ശുദ്ധ വൈഷ്ണവന്റെ ഒരേയൊരു ആഗ്രഹമായ അതീന്ദ്രിയ ലീലകളിലേക്ക് ശ്രീ കൃഷ്ണ ഭഗവാൻ, വ്രജ ധാമത്തിന്റെ നാഥൻ ആ വ്യക്തിക്ക് പ്രവേശനം നൽകുന്നു.




# ശ്രീ രാധികാഷ്ടകം



**കുങ്കുമാക്ത കാഞ്ചനാബ്ജ ഗർവഹാരി ഗൗരഭാ**
**പീത നാഞ്ചിതാബ്ജ ഗന്ധ കീർത്തി നിന്ദി സൗരഭാ**
**ബല്ലവേശ സൂനു സർവ വാഞ്ചിതാർത്ഥ സാധികാ**
**മഹ്യമാത്മ പാദപത്മ ദാസ്യതാസ്തു രാധികാ**

**കൗരവിന്ദ കാന്തി നിന്ദി ചിത്ര പട്ട ശാടിക്കാ**
**കൃഷ്ണ മത്ത ഭൃംഗകേളി ഫുല്ല പുഷ്പ വാടിക്കാ**
**കൃഷ്ണ നിത്യ സംഗമാർത്ഥ പദ്മ ബന്ധു രാധികാ**
**മഹ്യവാത്മ പാദ പത്മ ദാസ്യതാസ്തു രാധികാ**

**സൗകുമാര്യ സൃഷ്ട പല്ലമാലി കീർത്തി നിഗ്രഹാ**
**ചന്ദ്ര ചന്ദനോത്പലേന്ദു സേവ്യ ശീത വിഗ്രഹാ**
**സ്വാഭിമർഷ ബല്ലവീ കാമ താപ ബാധികാ**
**മഹ്യമാത്മ പാദ പത്മ ദാസ്യതാസ്തു രാധികാ**

വിശ്വവന്ദ്യ യൗവതാഭി വന്ദിതാപി യാ രമാ
രൂപ നവ്യ യൗവനാദി സമ്പദാ ന യത് സമാ
ശീല ഹാർദ്ദ ലീലയാച സായതോസ്തി നാധികാ
മഹ്യമാത്മ പാദ പത്മ ദാസ്യതാസ്തു രാധികാ

രാസ ലാസ്യ ഗീത നർമ സത്കലാലി പണ്ഡിതാ
പ്രേമ രമ്യ രൂപവേശ സദ് ഗുണാലി മണ്ഡിതാ
വിശ്വ നവ്യ ഗോപ യോഷിത് ആലി തോപി യാധികാ
മഹ്യമാത്മ പാദ പത്മ ദാസ്യതാസ്തു രാധികാ

നിത്യ നവ്യ രൂപ കേളി കൃഷ്ണ ഭാവ സമ്പദാ
കൃഷ്ണ രാഗ ബന്ധ ഗോപ യൗവതേഷു കമ്പദാ
കൃഷ്ണ രൂപ വേശ കേളി ലഗ്ന സത് സമാധികാ
മഹ്യമാത്മ പാദ പത്മ ദാസ്യതാസ്തു രാധികാ

സ്വേദ കമ്പ കണ്ഠകാശ്രു ഗദ്ഗദാദി സഞ്ചിതാ
മർഷ ഹർഷ വാമദാതി ഭാവ ഭൂഷണാഞ്ചിതാ
കൃഷ്ണ നേത്ര തോഷി രത്ന മണ്ഡനാലി ദാധികാ
മഹ്യമാത്മ പാദ പത്മ ദാസ്യതാസ്തു രാധികാ

യാ ക്ഷണാർദ്ധ കൃഷ്ണ വിപ്രയോഗ സന്തതോദിതാ
നേക ദൈന്യ ചാപലാദി ഭാവ വൃന്ദ മോദിത
യത്ന ലബ്ധ കൃഷ്ണ സംഗ നിർഗതാഖിലാധികാ
മഹ്യമാത്മ പാദ പത്മ ദാസ്യതാസ്തു രാധികാ

## ശ്രീ രാധികാഷ്ടകം വിവർത്തനം

ചുട്ടുപഴുത്ത സ്വർണ്ണത്തെപോലെയുള്ള ശ്രീമതി രാധാറാണിയുടെ നിറം, മധ്യഭാഗത്ത് കുങ്കുമനിറമുള്ള സ്വർണ്ണതാമരയെ പോലും തോൽപ്പിക്കുന്നു. ദേവിയുടെ സുഗന്ധം കുങ്കുമപൂ വിതറിയ താമരപ്പൂവിന്റെ സൗരഭ്യത്തെപോലും ലജ്ജിപ്പിക്കുന്നു. ഗോപന്മാരുടെ രാജാവായ ഭഗവാൻ ശ്രീകൃഷ്ണന്റെ എല്ലാ

ആഗ്രഹങ്ങളും നിറവേറ്റുവാൻ സാധിക്കുന്നവളാണ് ശ്രീമതി രാധാറാണി. ആ ശ്രീമതി രാധികയുടെ മനോഹരമായ പാദപത്മങ്ങളെ സേവിക്കുവാനുള്ള അവസരം എനിക്ക് നൽകട്ടെ.

ശ്രീമതി രാധാറാണിയുടെ മനോഹരമായ പട്ടുവസ്ത്രങ്ങൾ ചുവന്ന പവിഴത്തെപ്പോലും തോൽപ്പിക്കുന്നു. ശ്രീകൃഷ്ണനെന്ന തേനീച്ച തേൻ നുകർന്ന് മനോഹരമായ ലീലകളാടുവാൻ എത്തുന്ന പൂന്തോട്ടമാണ് രാധാറാണി. തന്റെ പ്രിയനാഥനായ ഭഗവാൻ ശ്രീകൃഷ്ണന്റെ ശാശ്വതമായ സഹവാസം ലഭിക്കുവാനായി രാധാറാണി നിത്യവും സൂര്യദേവനെ ആരാധിക്കുന്നു. ശ്രീമതി രാധാറാണിയുടെ മനോഹരമായ പാദപത്മങ്ങളെ സേവിക്കുവാനുള്ള അവസരം എനിക്ക് നൽകട്ടെ.

രാധികയുടെ അതി മനോഹരമായ സൗകുമാര്യത തളിരിലയുടെ പുതുമയെ വെല്ലുന്നു. രാധാറാണിയുടെ പുതുമയാർന്ന രൂപം നിലാവിനാലും, ചന്ദനലേപനത്താലും താമരകളാലും കർപ്പൂരത്താലും സേവിക്കപ്പെടേണ്ടതാണ്. ഗോപികമാരുടെ നാഥനായ ശ്രീകൃഷ്ണനെ സ്പർശിക്കുന്നതിലൂടെ രാധാറാണി ഭഗവാന്റെ അതീന്ദ്രിയമായ ജ്വലിക്കുന്ന മോഹത്തെ നശിപ്പിക്കുന്നു. അങ്ങിനെയുള്ള ശ്രീമതി രാധാറാണിയുടെ മനോഹരങ്ങളായ പാദപങ്ങളെ സേവിക്കുവാനുള്ള അവസരം എനിക്ക് നൽകട്ടെ.

അന്യദേവന്മാരാൽ സ്തുതിക്കപ്പെടുന്ന ഐശ്വര്യദേവതയായ ലക്ഷ്മീദേവിയുടെ ഐശ്വര്യങ്ങൾ ശ്രീമതി രാധാറാണിയുടെ സൗന്ദര്യത്തിന് മുന്നിൽ വളരെ തുച്ഛമാണ്. ഭൗതികലോകത്തിലാകട്ടെ ആത്മീയ ലോകത്തിലാകട്ടെ രാധാറാണിയുടെ മാധുര്യ ലീലക്ക് പകരം വെക്കുവാൻ മറ്റൊന്നുമില്ല. ആ ശ്രീമതി രാധികാ ദേവിയുടെ മനോഹരമായ പാദപത്മങ്ങളെ സേവിക്കുവാനുള്ള അവസരം എനിക്ക് നൽകട്ടെ.

രാസനൃത്തം, സംഗീതം, ബനൃത്യം, നർമ്മം തുടങ്ങിയ എല്ലാ അതീന്ദ്രിയ കലകളിലും അഗ്രഗണ്യയാണ് ശ്രീമതി രാധാറാണി. കാരുണ്യം, സൗന്ദര്യം എന്നീ ഗുണങ്ങളാലും മനോഹരങ്ങളായ ആഭരണങ്ങളാലും അലംകൃതയാണ് ശ്രീമതി രാധിക. വിശ്വം മുഴുവൻ വാഴ്ത്തുന്ന വ്രജഭൂമിയിലെ ഗോപികകളിൽ അത്യുത്തമയാണ് ശ്രീ രാധികാദേവി. അത്തരത്തിലുള്ള ശ്രീമതി രാധാറാണിയുടെ മനോഹരമായ പാദപത്മങ്ങളെ സേവിക്കുവാനുള്ള അവസരം എനിക്ക് നൽകട്ടെ.

**ശാശ്വതമായ സൗന്ദര്യം, ശാശ്വത ലീലകൾ, ഭഗവാനോടുള്ള അതിരറ്റ സ്നേഹം തുടങ്ങിയ ഐശ്വര്യങ്ങൾ നിറഞ്ഞവളാണ് ശ്രീമതി രാധ. ഭഗവാനോടുള്ള ഭക്തിയാൽ രാധാറാണിയിലുണ്ടാകുന്ന വികാരാവേശങ്ങൾ മറ്റ് ഗോപികമാരെപ്പോലും അമ്പരപ്പിക്കുന്നു. ഭഗവാന്റെ രൂപങ്ങളും ആഭരണങ്ങളും, ലീലകളും സ്മരിക്കുന്നതിൽ രാധികാദേവി സദാ മുഴുകിയിരിക്കുന്നു. ശരീരം വിറക്കുക, രോമാഞ്ചമുണ്ടാകുക, കണ്ണുനീർ പൊഴിക്കുക, ശബ്ദമിടറുക തുടങ്ങിയ സാത്വിക ഭാവത്തിന്റെ എട്ട് പരമാനന്ദഭാവങ്ങളും ശ്രീമതി രാധാറാണി അനുഭവിക്കുന്നു. പരമാനന്ദത്തിന്റെ വിവിധ ഗുണങ്ങളായ ക്ഷമ, ആനന്ദം എന്നീ ആഭരണങ്ങളാൽ അലംകൃതയാണ് ശ്രീമതി രാധിക. അങ്ങിനെയുള്ള ശ്രീമതി രാധാറാണിയുടെ മനോഹരമായ പാദകമലങ്ങളെ സേവിക്കുവാനുള്ള അവസരം എനിക്ക് നൽകട്ടെ.**

**ഭഗവാൻ ശ്രീകൃഷ്ണനിൽ നിന്ന് ഒരു ക്ഷണനേരമെങ്കിലും അകന്നാൽ ശ്രീമതി രാധിക അസ്വസ്ഥയാവുകയും പലവിധത്തിലുള്ള വിരഹവേദനകൾ അനുഭവിക്കുകയും ചെയ്യുന്നു. പക്ഷേ ഭഗവാന്റെ സാമീപ്യം ലഭിക്കുമ്പോൾ രാധികാദേവിയുടെ എല്ലാ വേദനകളും ഞൊടിയിടയിൽ തന്നെ അപ്രത്യക്ഷമാകുന്നു. അപ്രകാരമുള്ള ശ്രീമതി രാധാറാണിയുടെ മനോഹരമായ പാദപത്മങ്ങളെ സേവിക്കുവാനുള്ള അവസരം എനിക്ക് നൽകട്ടെ.**

**ഇതുപോലെയുള്ള ആത്മീയ വിഷയങ്ങൾ വായിക്കുവാനായി താഴെക്കാണുന്ന ലിങ്ക് പിൻതുടരുക .:-** [ശുദ്ധ ഭക്തി വാട്സ്ആപ്പ് ഗ്രൂപ്പ്] [ശുദ്ധ ഭക്തി ടെലഗ്രാം ഗ്രൂപ്പ്]

www.suddhabhaktimalayalam.com




**യുഗളാഷ്ടകം**

**രചന - ശ്രീ ജീവ ഗോസ്വാമി**

**ശ്ലോകം 1**

**കൃഷ്ണ പ്രേമ മയി രാധാ**
**രാധാ പ്രേമമയോ ഹരി:**
**ജീവനേ നിധനേ നിത്യം**
**രാധാ - കൃഷ്ണ ഗതിർ മമ.**

**വിവർത്തനം**

**ശ്രീമതി രാധാറാണി ശുദ്ധമായ കൃഷ്ണ പ്രേമത്തിന്റെ സ്വരൂപമാകുന്നു . ശ്രീകൃഷ്ണൻ (ഹരി) ശുദ്ധമായ രാധാ പ്രേമത്തിന്റെ സ്വരൂപമാകുന്നു. ജീവിതത്തിലും മരണത്തിലും എന്റെ ശാശ്വതമായ ആശ്രയം ആ രാധാകൃഷ്ണന്മാരാകുന്നു**

**ശ്ലോകം 2**

**കൃഷ്ണസ്യ ദ്രവിണം രാധാ**
**രാധയാ ദ്രവിണം ഹരി**

ജീവനേ നിധനേ നിത്യം
രാധാ - കൃഷ്ണ ഗതിർ മമ.

**വിവർത്തനം**

ശ്രീമതി രാധാ റാണിയുടെ അമൂല്യസമ്പത്ത് ശ്രീകൃഷ്ണനാകുന്നു . ശ്രീകൃഷ്ണന്റെ അമൂല്യ ധനം ശ്രീമതി രാധാറാണിയും. ജീവിതത്തിലും മരണത്തിലും എന്റെ ശാശ്വതമായ ആശ്രയം ആ രാധാകൃഷ്ണന്മാരാകുന്നു.

## ശ്ലോകം 3

കൃഷ്ണ പ്രാണമയീ രാധാ
രാധാ പ്രാണമയോ ഹരി:
ജീവനേ നിധനേ നിത്യം
രാധാ - കൃഷ്ണ ഗതിർ മമ.

**വിവർത്തനം**

ശ്രീമതി രാധാറാണിയുടെ പ്രാണനാഥൻ ശ്രീകൃഷ്ണനാകുന്നു . ശ്രീകൃഷ്ണന്റെ പ്രാണശക്തി ശ്രീമതി രാധാറാണിയാകുന്നു.ജീവിതത്തിലും മരണത്തിലും എന്റെ ശാശ്വതമായ ആശ്രയം ആ രാധാകൃഷ്ണന്മാരാകുന്നു

## ശ്ലോകം 4

കൃഷ്ണ ദ്രാവമയി രാധാ
രാധാ ദ്രാവ മയോ ഹരി:
ജീവനേ നിധനേ നിത്യം
രാധാ - കൃഷ്ണ ഗതിർ മമ.

**വിവർത്തനം**

രാധാറാണിയുടെ ഓരോ അണുവിലും ശ്രീകൃഷ്ണനാകുന്ന അമൃതം വ്യാപിച്ചിരിക്കുന്നു . ശ്രീകൃഷ്ണനിൽ ശ്രീമതി രാധാറാണിയാകുന്ന അമൃതം നിറഞ്ഞിരിക്കുന്നു . ജീവിതത്തിലും മരണത്തിലും എന്റെ ശാശ്വതമായ ആശ്രയം ആ രാധാകൃഷ്ണന്മാരാകുന്നു

**ശ്ലോകം 5**

**കൃഷ്ണ ഗേഹേ സ്ഥിത രാധാ**
**രാധാ ഗേഹേ സ്ഥിതോ ഹരി:**
**ജീവനേ നിധനേ നിത്യം**
**രാധാ - കൃഷ്ണ ഗതിർ മമ.**

**വിവർത്തനം**

**ശ്രീമതി രാധാറാണിയുടെ ഹൃദയത്തിൽ സദാ കൃഷ്ണൻ വസിക്കുന്നു .ശ്രീകൃഷ്ണന്റെ ഹൃദയത്തിൽ സദാ രാധാറാണി വസിക്കുന്നു.ജീവിതത്തിലും മരണത്തിലും എന്റെ ശാശ്വതമായ ആശ്രയം ആ രാധാകൃഷ്ണന്മാരാകുന്നു.**

**ശ്ലോകം 6**

**കൃഷ്ണ ചിത്ത - സ്ഥിത രാധാ**
**രാധാ ചിത്ത - സ്ഥിതോ ഹരീ:**
**ജീവനേ നിധനേ നിത്യം**
**രാധാ - കൃഷ്ണ ഗതിർ മമ.**

**വിവർത്തനം**

**ശ്രീമതി രാധാറാണിയുടെ പ്രജ്ഞ ശ്രീകൃഷ്ണന്റെ അവബോധത്താൽ നിറഞ്ഞിരിക്കുന്നു . ശ്രീകൃഷ്ണന്റെ പ്രജ്ഞ ശ്രീമതി രാധാറാണിയുടെ അവബോധത്താൽ നിറഞ്ഞിരിക്കുന്നു. ജീവിതത്തിലും മരണത്തിലും എന്റെ ശാശ്വതമായ ആശ്രയം ആ രാധാകൃഷ്ണന്മാരാകുന്നു.**

**ശ്ലോകം 7**

**നീലാംബര ധര രാധാ**
**പീതാംബര ധരോ ഹരി:**
**ജീവനേ നിധനേ നിത്യം**
**രാധാ - കൃഷ്ണ ഗതിർ മമ.**

**വിവർത്തനം**

**ശ്രീമതി രാധാറാണി ശ്രീകൃഷ്ണന്റെ വർണ്ണമാർന്ന നീല വസ്ത്രം ധരിക്കുന്നു . ശ്രീ കൃഷ്ണൻ രാധാ റാണിയുടെ വർണ്ണമാർന്ന പീതാംബരം ധരിക്കുന്നു.ജീവിതത്തിലും മരണത്തിലും എൻറെ ശാശ്വതമായ ആശ്രയം ആ രാധാകൃഷ്ണന്മാരാകുന്നു.**

**ശ്ലോകം 8**

**വൃന്ദാവനേശ്വരീ രാധാ**
**കൃഷ്ണോ വൃന്ദാവനേശ്വരാ**
**ജീവനേ നിധനേ നിത്യം**
**രാധാ - കൃഷ്ണ ഗതിർ മമ.**

**വിവർത്തനം**

**ശ്രീമതി രാധാറാണി വൃന്ദാവനേശ്വരിയാണ് . ശ്രീകൃഷ്ണൻ വൃന്ദാവനേശ്വരനും. ജീവിതത്തിലും മരണത്തിലും എന്റെ ശാശ്വതമായ ആശ്രയം ആ രാധാകൃഷ്ണന്മാരാകുന്നു.**




**1**

**വൃന്ദാവന രമ്യ സ്ഥാന ദിവ്യ ചിന്താമണി ധാമ**

**രത്ന മന്ദിര മനോഹരാ**

**അഭ്രത കാളിന്ദി നീരേ രാജഹംസ കേളി കരേ**

**താഹേ ശോഭേ കനക കമലം**

**2**

**താരമദ്ധ്യേ ഹേമ പീത അഷ്ട ദളേ ബേഷ്ടിത**

**അഷ്ട ദളേ പ്രധാന നായിക**

**താര മദ്ധ്യേ രാത്നാസനേ ബസി ആചേൻ ദുയി ജനേ**

**ശ്യാമ സംഗേ സുന്ദരീ രാധികാ**

**3**

**ഓ രൂപ ലാവണ്യ രാശി അമിയാ പരിച ഖാസി**

**ഹാസ്യ പരിഹാസ്യ സംഭാഷണേ**

**നരോത്തമ ദാസ കൊയി നിത്യ ലീല സുഖ മൊയി**

**സദായി സ്ഫുരക്ക് മോര മനേ.**

**വൃന്ദാവന രമ്യ സ്ഥാന വിവർത്തനം**

**1) രത്നമന്ദിരങ്ങളാലും ചിന്താമണി രത്നങ്ങൾ കൊണ്ട് നിർമ്മിച്ച കൊട്ടാരങ്ങളാലും നിറഞ്ഞതാണ് മനോഹരമായ വൃന്ദാവനം. സ്വർണ്ണതാമരകൾ വിരിഞ്ഞു നിൽക്കുന്ന യമുനാ നദിയിൽ രാജ ഹംസകൾ നീന്തികളിക്കുന്നു.**

**2) ആ സ്വർണ്ണ താമരയുടെ മദ്ധ്യത്തിൽ എട്ട് ഇതളുകളാൽ നിറഞ്ഞ ഒരു സ്ഥലമുണ്ട്. ഈ എട്ട് ഇതളുകളിലും ഭഗവാന്റെയും ശ്രീമതി രാധാറാണിയുടെയും പ്രധാനപ്പെട്ട അഷ്ടസഖിമാർ വസിക്കുന്നു. അതിന്റെ മദ്ധ്യത്തിലുള്ള രത്നസിംഹാസനത്തിൽ ശ്രീ ശ്യാമസുന്ദരനും ശ്രീമതി രാധികയും ഉപവിഷ്ടരായിരിക്കുന്നു.**

**3) ആ യുഗള കിഷോരന്മാരുടെ അതീന്ദ്രിയമായ തമാശകളും ചിരിയും എല്ലായിടത്തും അമൃത് ചൊരിയുന്നു. പരിശുദ്ധഭക്തനായ ശ്രീ നരോത്തമദാസ് ഠാക്കൂർ ഇപ്രകാരം പറയുന്നു; ശ്രീ രാധാകൃഷ്ണന്മാരുടെ ഈ അതീന്ദ്രിയ ലീലകൾ സദാ എന്റെ മനസ്സിൽ ഉണ്ടാകണമേയെന്ന് ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.**

**********

**ഹരേ കൃഷ്ണ ഹരേ കൃഷ്ണ കൃഷ്ണ കൃഷ്ണ ഹരേ ഹരേ**
**ഹരേ രാമ ഹരേ രാമ രാമ രാമ ഹരേ ഹരേ**

**ഇതുപോലെയുള്ള ആത്മീയ വിഷയങ്ങൾ വായിക്കുവാനായി താഴെക്കാണുന്ന ലിങ്ക് പിൻതുടരുക .:-** [ശുദ്ധ ഭക്തി വാട്സ്ആപ്പ് ഗ്രൂപ്പ്] [ശുദ്ധ ഭക്തി ടെലഗ്രാം ഗ്രൂപ്പ്]

www.suddhabhaktimalayalam.com

# കേരളത്തിലെ ഇസ്കോൺ കേന്ദ്രങ്ങൾ

**തിരുവനന്തപുരം :** ശ്രീകൃഷ്ണ ബലരാമക്ഷേത്രം, പള്ളിച്ചൽ തോട് ജംഗ്ഷൻ, പ്രാവച്ചമ്പലം, തിരുവനന്തപുരം 695020

**തിരുവനന്തപുരം :** റ്റി.സി.24/1073, ഹരേ കൃഷ്ണ റോഡ്, തൈക്കാട്, തിരുവനന്തപുരം - 695014, ഫോ: 0471 2328197

**ഗുരുവായൂർ :** ഹരേ കൃഷ്ണ ലാന്റ്, പടിഞ്ഞാറേ നട, ഗുരുവായൂർ - 680101, ഫോൺ: 0487-2555886

**കൊച്ചി :** PLRA 19, 'നാരായണം', പോണോത്ത് ലെയിൻ, ദാസ്റോഡ്, കലൂർ,കൊച്ചി - 0484 - 2343892, 9946990900

**തൃശൂർ :** മച്ചിങ്ങൽ ലൈൻ, എം.ജി റോഡ്, നായ്ക്കനാൽ, തൃശ്ശൂർ - 680 001. ഫോൺ : 9037008108

# നാമഹട്ടകൾ (സത്സംഗം നടക്കുന്ന സ്ഥലങ്ങൾ)

**തൃശൂർ:** ഹരേകൃഷ്ണ സത്സംഗം, നമ്പൂതിരി വിദ്യാലയം, വിജയശ്രീ കണ്ണാശുപത്രിക്കു സമീപം, കോട്ടപ്പുറം, തൃശൂർ, ഫോൺ 9746286624

**തൃശൂർ:** അരവിന്ദം, അയ്യന്തോൾ, തൃശൂർ, ഫോൺ : 9495013240

**ചാവക്കാട് :** ഹരേ കൃഷ്ണ നിവാസ്, ബ്ലാങ്ങാട്, ഇരട്ടപ്പുഴ, ചാവക്കാട് - 680506, ഫോൺ : 9947811009

**തൃപ്പൂണിത്തുറ :** "ശരണ്യ, NSS ഹൈസ്കൂളിന് എതിർവശം, തൃപ്പൂണിത്തുറ, 0484 - 2776905

**തൃപ്പുണിത്തുറ :** "തുളസീദളം", മന്ദനം ജങ്ക്ഷൻ, ഏരൂർ വെസ്റ്റ്, തൃപ്പൂണിത്തുറ, 0484 - 2114230

**പാലക്കാട് :** ഹരേ കൃഷ്ണ സത്സംഗം, NO.10 രാമകൃപ, ഈസ്റ്റ് കോളനി, അബൂബക്കർ റോഡ്, KSRTC യ്ക്കു സമീപം, പാലക്കാട്, - 678014, ഫോൺ :9447172851

**മേനോൻപാറ :** "ഹരേകൃഷ്ണാലയം", മെയിൻ റോഡ്, മേനോൻപാറ, മേനോൻപാറ പോസ്റ്റ്, പാലക്കാട്, പിൻ : 678556, ഫോൺ : 9447172851

**കഞ്ചിക്കോട് :** ഹരേ കൃഷ്ണ സത്സംഗം, പുത്തൻ പാടം, കഞ്ചോട്, കഞ്ചിക്കോട് പിൻ: 678621, ഫോൺ : 9080047175

**നെന്മാറ:** "ഹരേ കൃഷ്ണ", നാരായണ ദന്തൽ ക്ലിനിക്കിന് എതിർവശം, നെന്മാറ, പാലക്കാട് - 678508, ഫോൺ :9446238587

**അയിലൂർ :** "ജയ രാധേ", നോർത്ത് സ്ട്രീറ്റ്, അയിലൂർ ഗ്രാമം, പാലക്കാട് - 678510, ഫോൺ : 9496336108, 9349516108

**മണ്ണുത്തി :** അമ്പാടി, വെസ്റ്റ് വെള്ളാനിക്കര, മാടക്കത്തറ പോസ്റ്റ് - 680651, മണ്ണുത്തി, ഫോൺ : 0487 2372161

**കണ്ണൂർ :** മൂപ്പൻ പാറ, വളപട്ടണം പോസ്റ്റ് ഓഫീസ്, കണ്ണൂർ, ഫോൺ : 0497 2775299, 09539372347, 9400115455

**കണ്ണൂർ:** ഹരേ കൃഷ്ണ സത്സംഗം, കുഴിക്കുന്ന് ജങ്ഷൻ, ചാലാട് റോഡ്, കണ്ണൂർ, കേരള. പിൻ : 670001, ഫോൺ : 9895258194, 9495586194.

**കാസർഗോഡ് :** ശ്രീ ശ്രീ രാധാ മാധവ സത്സംഗ്, ഇസ്കോൺ ലാൻഡ്, മാധവ് ബാഗ്, ബോവിക്കാന പി. ഒ, മുളിയാർ, കാസർഗോഡ് - 671542, ഫോൺ : 9820072708

**കോട്ടയം :** ഹരേ കൃഷ്ണസത്സംഗം, അക്കരമഠം, തിരുവാർപ്പ് ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിനു സമീപം, തിരുവാർപ്പ് പോസ്റ്റ്, കോട്ടയം, പിൻ : 686033 ഫോൺ : 9895259781, 9037808016, 9497666004

**പുതുക്കാട്:** NSS കരയോഗം ഹാൾ, മുപ്ലിയം, പുതുക്കാട്, ഫോൺ: 0480 2783066

**പാറശ്ശാല :** ഹരേകൃഷ്ണ ക്ഷേത്രം, നെടുവാൻ വിള, പാറശ്ശാല, ഫോൺ : 0471-2200086

**തിരൂർ :** ചെറുതൃക്കോവിൽ ശ്രീകൃഷ്ണക്ഷേത്രം, തൃക്കണ്ടിയൂർ, തിരൂർ, ഫോൺ : 9846498362, 9895728410

**തിരൂർ :** കരവാറ്റു കാവു ക്ഷേത്രം, സൗത്ത് അന്നറ, തിരൂർ, ഫോൺ : 9846498362, 9895728410

തിരുനാവായ : നാവാമുകുന്ദ ക്ഷേത്രം, **ഫോൺ :** 9895728410, 9846498362, 8943137661

**എടപ്പാൾ :** പാണ്ഡവക്കര മഹാവിഷ്ണു ക്ഷേത്രം, ഫോൺ : 9895728410, 8943137661

**എടപ്പാൾ:** കൊളങ്കര ദേവീക്ഷേത്രം, ഫോൺ : 9895728410, 8943137661

**ഇരിഞ്ഞാലക്കുട :** ഹരേ കൃഷ്ണ സത്സംഗം, ഭാരതീയ കലാക്ഷേത്രം, സൂര്യ റോഡ് സൗത്ത്, ചെട്ടിപറമ്പ്, ഇരിഞ്ഞാലക്കുട, പിൻ - 680121, ഫോൺ : 9387973525, 8848967770

**കോഴിക്കോട് :** ബുള്ളിയൺ ആർക്കേഡ്, പി.വി.സാമി റോഡ്, ചാലപുരം (റെയിൽവേ സ്റ്റേഷനു സമീപം) ഫോൺ : 9400989634, 9497760342

**ശ്രീനാഥ്ജി നാമഹട്ട :** ആറ്റപ്പാടം, കിൻഫ്രാ പാർക്ക് പോസ്റ്റ്, കൊരട്ടി - 680309, ഫോൺ : 9846971510

**പയ്യോളി :** ഹരേ കൃഷ്ണ ധർമ്മാലയ, റെയിൽവേ സ്റ്റേഷനു സമീപം, പയ്യോളി, ഫോൺ : 9526582898, 9745945005

**തിരുവല്ല :** കരുനാട്ടുകാവ് ശ്രീ കൃഷ്ണസ്വാമി ക്ഷേത്രം, കാവുമ്പാഗം ഫോൺ - 9207216108